മണക്കാട് ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ വികസനരേഖ



മണക്കാട് ഗ്രാമപഞ്ചായത്ത്

64-5




മണക്കാട്ഗ്രാമപഞ്ചായത്ത്

1996 ഡിസംബർ 19

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

I
II
III
IV
V
VI
VII
VIII
1


ഭരണസമിതി



പി. എസ് ജേക്കബ്
പുതിയാപറമ്പിൽ
(പ്രസിഡൻറ്)




എസ് ശ്രീദേവി മനക്കപറമ്പിൽ
വൈസ് പ്രസിഡന്റ



റെജി ജേക്കബ് കുന്നംകോട്ട്
(സ്റ്റാൻറിഗ് കമ്മിറ്റി ചെയർമാൻ)




മേരി മാത്യൂ പതിപ്പള്ളിൽ
(മെമ്പർ)




പി.സി. ശശീന്ദ്രൻ പുത്തൻപുരക്കൽ(മെമ്പർ)



സുമതി ശ്രീധരൻ
ചേലാശേരിയിൽ(മെമ്പർ)




കെ. എം. ജോസ് കൊച്ചുപറമ്പിൽ
(മെമ്പർ)




റ്റി. ആർ. സോമൻ
തോലടിപ്പാറയിൽ (മെമ്പർ)


മുൻ പ്രസിഡൻറ്മാർ




ശ്രീധരൻ നായർ പുളിക്കൽ




പി. ജെ കുര്യാക്കോസ്
പുറ്റാനിയിൽ




കെ. എം. ജോർജ്
കൊച്ചുപറമ്പിൽ




കെ. എം. ജോസ്
കൊച്ചുപറമ്പിൽ



റ്റി. കെ. തോമസ്
തളിയൻചിറ



കെ. വി ജോസഫ്
കാഞ്ഞിര കൊമ്പിൽ



പ്രെഫ. ജോസഫ് കൊട്ടാരം

സമർപ്പണം

പ്രിയപ്പെട്ടവരെ.

മഹാത്മജിയുടെ സ്വപ്നസാക്ഷാൽക്കാരമായ ഗ്രാമസ്വരാജ് അന്വർത്ഥമാക്കിക്കൊണ്ട് 1994 ഏപ്രിൽ 24 - ന് നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനപ്രകാരമുള്ള പഞ്ചായത്ത് സമിതി 1995 ഒക്ടോബർ 4 - ന് നിലവിൽ വരുകയുണ്ടായി. കക്ഷിരാഷ്ട്രീയ വർഗ്ഗവർണ്ണ വിവേചനങ്ങൾക്കതീതമായി പഞ്ചായത്തിന്റെ സമസ്തമേഖലകളുടേയും വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ നാളിതുവരെ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. റോഡ്, വൈദ്യുതി, പാർപ്പിടം, ആരോഗ്യപരിപാലനം, കാർഷികവ്യവസായികരംഗം തുടങ്ങിയ മേഖലകളിൽ നിരവധി പ്രവർത്തനങ്ങൾ നമുക്ക് ചെയ്യേണ്ടിവരുമ്പോഴും ഫണ്ടിന്റെ അപര്യാപ്തത ഇവയ്ക്കെല്ലാം തടസ്സങ്ങളായി നിനിൽക്കുന്നു.

നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിന് ഗ്രാമസഭകളിലൂടെ നാം നിർദ്ദേശിച്ച പദ്ധതികൾക്ക് അന്തിമരൂപം നൽകാൻ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച സ്ഥിതി വിവര കണക്കുകളും സർക്കാർ അർദ്ധസർക്കാർ മേഖലകളിൽ നിന്നും കിട്ടിയ വിവിര ശേഖരണങ്ങളും കോർത്തിണക്കി കഴിഞ്ഞ ഒരു മാസത്തോളമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഈ റിപ്പോർട്ട് രൂപം കൊണ്ടത്. പഞ്ചായത്ത് മെമ്പർമാർ, S.H.മാർ, സന്നദ്ധപ്രവർത്തകർ, വിവിധ വകുപ്പുദ്യോഗസ്ഥൻമാർ തുടങ്ങിയ ആളുകളുടെ കലവറയില്ലാത്ത സഹകരണം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്ന ഈ അവസരത്തിൽ മുൻഗാമികളായ പഞ്ചായത്തു പ്രസിഡന്റുമാരും മെമ്പർമാരും അവരുടെ സഹപ്രവർത്തകരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അനുസ്മരിച്ചുകൊണ്ടും വികസനത്തിനായി വെമ്പൽ കൊള്ളുന്ന മണക്കാട് ഗ്രാമപഞ്ചായത്തിന്റെ സ്വപ്നങ്ങൾ പൂവണിയുവാൻ നമുക്കൊന്നുച്ചു മുന്നേറാമെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

നിങ്ങളുടെ വിശ്വസ്തൻ

ഒപ്പ്.

പി. എസ്. ജേക്കബ്, പുതിയാപറമ്പിൽ

പ്രസിഡന്റ് മണക്കാട് ഗ്രാമപഞ്ചായത്ത്.

ചിറ്റൂർ

2-12-96

ഉള്ളടക്കം

1. സമർപ്പണം
2. ആമുഖം
3. പൊതുവിവരണം
4. കാർഷിക വികസനപദ്ധതികൾ
5. പട്ടിജാതി പട്ടിക വർഗ്ഗക്ഷേമം
6. സംസ്ക്കാരം
7. വ്യവസായം
8. വിദ്യാഭ്യാസം
9. ഗതാഗതം
10. ഊർജ്ജം
11. കുടിവെള്ളവും പൊതുജനാരോഗ്യവും
12. ആരോഗ്യം
13. പാർപ്പിടവും സാമൂഹ്യക്ഷേമവും
14. കൃഷിയും ജലസേചനവും
15. സഹകരണം
16. മൃഗസംരക്ഷണം
17. ഉപസംഹാരം

Computer Layout and DTP Athena Computers
Market Road Thodupuzha PH: **26210**

മണക്കാട്ഗ്രാമപഞ്ചായത്ത്

പൊതുവിവരണം

1.	പഞ്ചായത്തിന്റെ പേര്	-	മണക്കാട്ഗ്രാമപഞ്ചായത്ത്
2.	ഉൾപ്പെടുന്ന വില്ലേജ്	-	മണക്കാട്
3.	ബ്ളോക്കു പഞ്ചായത്ത്	-	തൊടുപുഴ
4.	താലൂക്ക്	-	തൊടുപുഴ
5.	അസംബ്ളി മണ്ഡലം	-	തൊടുപുഴ
6.	പാർലമെൻറ് മണ്ഡലം	-	ഇടുക്കി
7.	ജില്ല	-	ഇടുക്കി
8.	വിസ്തീർണ്ണം	-	20 ച. കി.
9.	അതിരുകൾ		
	വടക്ക്	-	തൊടുപുഴയാർ
	കിഴക്ക്	-	തൊടുപുഴ മുനിസിപ്പാലിറ്റി
	പടിഞ്ഞാറ്	-	മാറിക-മൂഴിക്കൽ കടവ്തോട്
	തെക്ക്	-	തൊടുപുഴ പിറവം റോഡ്
10.	ജനസംഖ്യ	-	15482
11.	പുരുഷൻ	-	7433
12.	സ്ത്രീകൾ	-	8049
13.	ജനസാന്ദ്രത	-	774
14.	സാക്ഷരർ	-	14986
15.	വാർഡുകൾ	-	8
16.	പ്രസിഡൻറ്	-	P.S. ജേക്കബ്
17.	വൈ. പ്രസിഡൻറ്	-	S. ശ്രീദേവി
18.	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	-	റെജി ജേക്കബ്
19.	ബ്ളോക്ക് പഞ്ചായത്ത് മെമ്പർമാർ		
	1. ജോർജ്ജ് മാർക്കോസ്(ആമ്പൽജോർജ്ജ്)		
	2. ഗ്രേസി ജോസഫ്		
20.	ജില്ലാ പഞ്ചായത്ത് മെമ്പർ	-	ഷീലാ സ്റ്റീഫൻ
21.	പഞ്ചാ. ജീവനക്കാർ	-	9

പഞ്ചായത്തു സ്വത്തുക്കൾ

a. പഞ്ചായത്തിന് സ്വന്തമായി ഓഫീസും സ്ഥലവും. - 30 സെൻറ്
(site donated by Adv. P.M. സ്കറിയാ, പുതിയാപറമ്പിൽ)

b.	പബ്ളിക്ക് മാർക്കറ്റ്,	വഴിത്തല	-	5 ഏക്കർ
c.	പഞ്ചായത്തു വക സ്ഥലം	പുതുപ്പരിയാരം		2.5 ഏക്കർ
d.	പഞ്ചായത്തു വക സ്ഥലം	കുന്നത്തുപാറ		10 സെൻറ്
e.	മുണ്ടൻമല സ്ഥലം -			15 സെൻറ്

പഞ്ചായത്തു വരുമാനവും ഫണ്ടും

തനതു വരുമാനം	-	442868.39
ഗ്രാൻറുകൾ	-	604446
ആകെ	-	1047314.39

ചെലവ് ഇനം എസ്റ്റാബ്ളീഷ്മെൻറ് - 398510

ആമുഖം

സഹ്യസാനു മനോഹാരിത വിച്ഛിന്നമായി ക്കൊണ്ടിരിക്കുന്ന മലയോര ജില്ലയായ ഇടുക്കിയുടെ മടിതടത്തിൽ മലർന്ന് മെയ്നീണ്ട് അഭിരാമ സുന്ദരിയായി മന്ദസ്മിതം ചൊരിയുന്ന തൊടുപുഴ" താലുക്കെന്ന ഭൂസുകുമാരിയുടെ തൃപാദപാംസുവായ് ഉയർന്നു ശോഭിക്കുന്ന മണക്കാടു വില്ലേജിൻെറ നിറകൂട്ടു കൾക്കുള്ളിൽ ആയിരത്താണ്ടുകളുടെ മധുരസ്മൃ രണകളുമായ് മണക്കാട് ഗ്രാമ പഞ്ചായത്ത് പരില സിക്കുന്നു.

മലകളും ചരിവുകളും ശ്വാദ്വല സമതല ഭൂമികളും, ആ ഭൂമിയെ നോക്കി വറ്റിവരണ്ടു നീർമണിമുത്തുകളായി വാർന്നൊഴുകുന്ന കൊച്ചരു വികളും; കാലത്തിൻെറ കുത്തൊഴുക്കിൽ കോലം മാറാത്ത, കറുത്ത തിലക ചാർത്തുകൾ പോലെ നിലകൊള്ളുന്ന കൂറ്റൻ പാറക്കൂ ട്ടങ്ങളും ഉൾചേർന്ന് ചെമപ്പും കറുപ്പും കലർന്ന മൺചേലയാൽ മേനിചുറ്റി നറുമണഗന്ധിയായി മണക്കാട് ഗ്രാമ പഞ്ചായത്തെന്ന ഈ നാൽപ്പതുകാരി നമ്യമുഖി യായി നിൽക്കുന്നു.

20 ച: കിലോമീറ്റർ വിസ്തൃതിയാർന്ന ഈ ഗ്രാമസുന്ദരിയുടെ വടക്ക് ഓരം ചേർന്ന് ഒരു വെള്ളികൊ ലുസു കണക്ക് തൊടുപുഴയാറ് കിഴക്കുദിശയിൽ നിന്നും പടിഞ്ഞാറു ദിശയിലേക്കു കുതിച്ചുപായുമ്പോൾ , തെക്കു നിന്നും മേക്ക് (പടിഞ്ഞാറ്) അതിരിലൂടെ കല്ലോല തരംഗിണിയായി കളകളാരവത്തോടെ മാറിക-മൂഴിക്കൽ തോടൊഴുകി അരിക്കുഴ മൂഴിയിലെത്തി തൊടു പുഴയാറിനെ ആലിംഗനം ചെയ്യുന്നു. ഈ യുവസുന്ദ രിയുടെ അരയിൽ ചർത്തിയ കറുത്ത അരപ്പട്ട പോലെ കിഴക്കു ദിക്കിൽ നിന്നും തെക്കു സീമയിലൂടെ പടിഞ്ഞാറു ദിക്കിലേക്ക് ഗമിക്കുന്ന തൊടുപുഴ-പിറവം റോഡ് കടന്നു പോകുന്നു. കിഴക്ക് അതിരിൽ സിഗന്ധപരിളയായ (മണക്കാട്) ഈ സർവ്വാംഗ സുന്ദരിരത്നത്തെ പുൽകി പുണർന്ന് നഗരസുന്ദരിയായ തൊടുപുഴ മുനിസിപാലിറ്റി നിലകൊള്ളുന്നു.

പ്രകൃതിയും മനുഷ്യനും ചേർന്നു നിർമ്മിച്ച അതിർവേലികൾക്കുള്ളിൽ നാനാജാതി മതവിഭാഗ ങ്ങൾക്കുള്ളിൽപെട്ട സ്ത്രീപുരുഷന്മാരായ 15500 വരുന്ന ജനങ്ങൾ സൈര്യ സമാധാന അന്തരീക്ഷത്തിൽ ഇവിടെ കഴിയുന്നു. ജാതിമതകക്ഷിരാഷ്ട്രീയ സാമുദായിക അതിപ്രസരങ്ങൾക്കപ്പുറം വിശാലമായ മാനവീകതയുടെ മന്ത്രധ്വനികൾ ഉരക്കഴിക്കുന്ന ഔന്നിത്യമാർന്ന സാംസ്കാരിക പൈതൃകത്തിൻെറ സുമനോഹരമായ ഒരു ചിത്രമാണ് ഈ ഗ്രാമലക്ഷ്മിയിൽ നാം ദർശിക്കുക. രാവും പകലും മഞ്ഞും മഴയും വെയിലും, ഒന്നും കൂസാതെ, കറുപ്പും ചെമപ്പും ചെളിപ്പുമാർന്ന മണ്ണിനോ ടിഴുകിച്ചേർന്ന ഉന്നതമായ കാർഷിക സംസ്കാരവും, ആ സംസ്കാരത്തിൽ നിന്നും ഉൾപ്പിരിഞ്ഞ സ്വാതന്ത്ര്യ ബോധവും, ആ സ്വാതന്ത്ര്യബോധത്താൽ പ്രോജ്ജ്വല മായ ആത്മാഭിമാനവും ഇവിടുത്തെ ജനങ്ങളുടെ സഹജവാസനകളാണ്. നാട്ടിൻപുറത്തിൻെറ പ്രശാന്ത തിയിൽ തികഞ്ഞ സമാധാനവും സഹവർത്തിത്വവും, സംതൃപ്തിയും ഈ നാടിൻെറ ഐശ്വര്യങ്ങൾക്കു നിദാനമാണ്.

ജന്മിത്വവും നാടുവാഴിത്വവും പോയകാലപ്ര തിഭാസങ്ങളായിരുന്നുവെങ്കിൽ, ആ കാലഘട്ടത്തിൻെറ ഉച്ചനീചത്വങ്ങളേയും തിന്മകളേയും അതിജീവിക്കുന്ന ശക്തിയായി ഇവിടുത്തെ ജനസമൂഹം മുൻപേതന്നെ ഉണർന്നു പ്രവൃത്തിച്ചിരുന്നു. സാമൂഹ്യസമത്വത്തിനും സ്വയംഭരണ അവകാശത്തിനും, വിപ്ളവമാറ്റങ്ങൾക്കും വെണ്ടി ത്യാഗം ചെയ്ത വന്ദ്യവയോധികരും, മൺമറഞ്ഞ അഭിവന്ദ്യരും ഈ പുണ്യഭൂമിയുടെ അരുമയന്താ നങ്ങളാണ്. ഈ മഹത് വ്യക്തികളെ സംബന്ധിച്ച് പിന്നാലെ വരുന്ന അദ്ധ്യായങ്ങളിൽ നമുക്കു പരിച യപ്പെടാം.


മഹത്തായ നമ്മുടെ ഉപഭൂഖണ്ഡം(സ്വതന്ത്രഭാരതം) രാഷ്ട്രീയസ്വാതന്ത്ര്യത്തോടെ ഒരേ ഒരിന്ത്യയായി, ഒരേ ഒരു രാജ്യമായി, ഒരേ ഒരു ജനതയായി രൂപംകൊള്ളു ന്നതിനുമുൻപ്, നാമറിയുന്ന ചരിത്രത്തിൽ ഈ ഗ്രാമം വടക്കുംകൂർ രാജ്യത്തിൻേറയും, പിന്നീട് തിരുവിതാകൂറിൻേറയും, സ്വാതന്ത്ര്യാനന്തരം തിരുക്കൊച്ചി സംസ്ഥാനത്തിൻേറയും, 1956 നവംമ്പർ ഒന്നിന് കേരള സംസ്ഥാനം രൂപംകൊണ്ടതോടെ കേരള സംസ്ഥാ നത്തിൻേറയും ഭാഗമായി ഭൂപടങ്ങളിൽ മണക്കാട് പഞ്ചായത്ത് പ്രദേശം വിടർന്നുവന്നു. പിൽക്കാലത്തു ണ്ടായ മാറ്റങ്ങൾ വഴി ഈ പഞ്ചായത്തിൻെറ രൂപഭാവങ്ങളും ഭൂപടങ്ങളിൽ തിരുത്തിക്കുറിക്കപ്പെട്ടു.

സ്വതന്ത്ര ഇന്ത്യയിൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിരകാല സ്വപ്നമായിരുന്ന ഗ്രാമസ്വരാ ജെന്ന ആശയത്തെ സംബന്ധിച്ച സമൂർത്തമായ ചിന്ത രാജ്യത്താകെ രൂപം കൊണ്ടു. ഭരണഘടനാ

ധിഷ്ടിതമായ പശ്ചാത്തലങ്ങളില്ലാതെ ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ പഞ്ചായത്ത് സംവിധാനം രൂപം കൊണ്ടു. 1956-ൽ നമ്മുടെ സംസ്ഥാനത്തും പഞ്ചായത്തുഭരണ സംവിധാനത്തിന്റെ തുടക്കം കുറിച്ചു. ശ്രദ്ധേയമായ അവകാശാധികാരങ്ങൾ ഇല്ലാതെ സംസ്ഥാന സർക്കാരുകളുടെ സാമന്തന്മാരെപ്പോലെ നമ്മുടെ പഞ്ചായത്തുഭരണസമിതികൾ ദീർഘകാലം ഭരണം നടത്തിയ കാഴ്ച നാം കണ്ടു.

ഒട്ടുവളരെ ചർച്ചകളും നിവേദനങ്ങളും, നിർദ്ദേശങ്ങളും കമ്മീഷൻ ശുപാർശകളും ഒക്കെ നമ്മുടെ രാജ്യത്ത് ഗ്രാമസ്വരാജിനുവേണ്ടി നടന്നു. സ്വാതന്ത്ര്യത്തിനുശേഷം നീണ്ട നാല് പതിറ്റാണ്ടിലേറെക്കാലത്തിനിശേഷമാണ് ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്ന പഞ്ചായത്തിരാജ് സംവിധാനം ഭരണഘടനാധിഷ്ഠിതമായ ഒരവകാശമായി 1994 ഏപ്രിൽ 24 - ന് നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചിരി ക്കുന്നത്. (73 ാം ഭരണഘടനാ ഭേദഗതി 1984) നമുക്ക് ലഭ്യമായിരിക്കുന്ന ഈ ആവകാശത്തിന്റെ പിൻബലത്തിൽ നാം അഭിലഷിക്കുന്ന ഗ്രാമസ്വരാജിലേക്കുള്ള ഐതിഹ്യയാത്രയിൽ നമുക്കൊന്നായി ഒഴുകിച്ചേരാം.

ഇന്ത്യയിൽ ഇദം പ്രദമമായി പഞ്ചായത്തിരാജ് സംവിധാനത്തിൻ കീഴിൽ വികസനപ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും ജനങ്ങളുടെ കൈകളിലേയ്ക്ക് നമ്മുടെ സംസ്ഥാന സർക്കാർ ഭാര മേൽപ്പിച്ചിരിക്കുകയാണ്. ഈ മഹത്തായ രാഷ്ട്രീയ തീരുമാനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട്, അതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് നമ്മുടെ നാടിന്റെ മുഖച്ഛായ മാറുവാൻ നമ്മുടെ ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ, നമ്മുടെ രാഷ്ട്ര പിതാവിന്റെ ഈ ജനതയുടെ ചിരകാലാഭിലാഷം സാക്ഷാൽക്കരിക്കുവാൻ വേണ്ടിയുള്ള ഉദാത്തമായ ഈ സംരംഭം (ജനകീയാസൂത്രണം) വിജയകരമാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.



സാമൂഹിക സാംസ്കാരിക ചരിത്രം

മണക്കാട് പഞ്ചായത്തിന്റെ ചരിത്രത്തിന് പൗരാണിക കേരള ചരിത്രത്തോളം പഴക്കമുണ്ട്. ആയിരത്തോളമാണ്ടുകൾ പിന്നിട്ട ആ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം നടത്തുന്നത് നമ്മുടെ സാംസ്കാരിക പൈതൃകം എന്തെന്ന് അറിയുന്നതിന് സഹായകരമാണ്. പഞ്ചായത്തിൽ ആകെ നടത്തിയ പഠന നിരീക്ഷണങ്ങളിൽ നിന്നും പഴമക്കാരിൽ നിന്നും വായ്മൊഴിയായ് ലഭിച്ച അറിവിൽ നിന്നും ലഭ്യമായ വസ്തുതകൾ ഇവിടെ വിവരിക്കാം

ബി.സി. കാലഘട്ടത്തിൽ തന്നെ ഈ പഞ്ചായത്ത് പ്രദേശത്ത് ജനവാസമുണ്ടായിരുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ബൗദ്ധകാലത്തിന് മുൻപ് പ്രചുരപ്രചാരം സിദ്ധിച്ചിരുന്ന ആരാധനാ കേന്ദ്രങ്ങളായ കാവുകളുടെ നഷ്ടശിഷ്ടങ്ങൾ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പലമേഘലകളിലായി കാണപ്പെടുന്നു. (കൈപ്പിള്ളി, വരിയ്ക്കത്താനം, പൂതക്കാവ്, മഠത്തിപ്പറമ്പ്) 1962 വരെ മണക്കാട് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന ഇന്നത്തെ പുറപ്പുഴ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ കാണപ്പെടുന്ന പുതുച്ചിറക്കാവ് തുടങ്ങിയ കവുകളും ഇപ്പോഴത്തെ തൊടുപുഴ മുൻസിപ്പാലിറ്റിയിൽ ഉ ൾപ്പെടുന്ന കോലാനിക്കടുത്ത അമരംകാവും ഈ പഞ്ചായത്തിന്റെ പഴയകാല സമ്പത്തുകളാണ്. ഈകാവുകൾ പൊതുവെ സമതല പ്രദേശങ്ങളോടും, വയലുകളൊടും, ജലധാരകളൊടും ചേർന്നാണ് സ്ഥിതിചെയ്തിരുന്നത് എന്നിൽ നിന്നും മനുഷ്യന്റെ വാസകേന്ദ്രങ്ങൾ ഈ കാവുകളുടെ തന്നെ പരിസരങ്ങളായിരുന്നുവെന്ന് നമ്മുക്ക് അനുമാനിക്കാൻ കഴിയും. ഈ കാവുകളിൽ കാണപ്പെടുന്ന ബിംബരൂപങ്ങളിൽ നിന്നും പ്രകൃതിയാരാധന സാർവ്വത്രികമായി നടന്നിരുന്നുവെന്ന് കരുതെണ്ടിയിരിക്കുന്നു. കാലം മാറിയതോടെ നമ്മുടെ ചരിത്രഗതിയിലും സാംസ്കാരിക രംഗത്തും പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടു. മുൻപ് ഉണ്ടായിരുന്ന കാവുകളുടെ സ്ഥാനത്ത് ആരാധനാലയങ്ങളായ അമ്പലങ്ങളുടെ സ്ഥാപനവും ദേവ,ദേവി പ്രതിഷ്ഠകളുമാണ് എ.ഡി. ആദ്യ നൂറ്റാണ്ടുകളിൽ തുടങ്ങി ഇങ്ങോട്ടുള്ള നമ്മുടെ ചരിത്രത്തിൽ നമുക്ക് ദൃശ്യമാകുന്നത് . ഈ പഞ്ചായത്തിലെ തന്നെ ഏറ്റവും പഴക്കമുള്ള ഋഷഭവണ്ണൂർ(കോട്ടാറ്റ്)തൃക്കയെന്ന് തദ്ദേശവാശികൾ വിളിക്കുന്ന ക്ഷേത്രം അരിക്കുഴയിൽ ആയിരത്താണ്ടുകൾ പഴക്കത്തോടെ ഇവിടെ സ്ഥിതിചെയ്യുന്നു. ഇടപ്പള്ളി തമ്പ്രാക്കളുടെ പൂർവ്വികർ തങ്ങളുടെ കുലദൈവമായി ശിവനെ പ്രതിഷ്ഠിച്ച് സ്ഥാപിച്ചതാണ് പ്രസ്തുത ക്ഷേത്രം. ഇടപ്പള്ളി തമ്പ്രാക്കളുടെ അരമന നിന്നിരുന്ന സ്ഥലമാണ് ഇന്ന് കളപ്പുരയ്ക്കൽ തറവാടിരിക്കുന്ന അരിക്കുഴ പ്രദേശം. അരിക്കുഴയിൽ തന്നെ സ്ഥിതി ചെയ്യുന്ന മൂഴിക്കൽ ഭഗവതി ക്ഷേത്രത്തിൽ ഒട്ടേറെ പഴമയും പഴക്കവും പറയുവാനുണ്ട്. ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഭദ്രകാളിയുടെ വിഗ്രഹത്തെ ചുറ്റിപ്പറ്റി പ്രബലമായ ഒരൈതിഹ്യം ഉള്ളത് ഇവിടെ സ്മരണീയമാണ്. ഇന്നത്തെ കരിമണ്ണൂർ പഞ്ചായത്തിൽ സ്ഥതിചെയ്യുന്ന പന്നൂർ എന്ന ഗ്രാമത്തിൽ ഇന്ന് നാമാവിശേഷമായി കിടക്കുന്ന ഒരു ക്ഷേത്രത്തിലെ വിഗ്രഹഗമാണ് മൂഴിക്കൽ ഭഗവതി എന്നാണ്.ഐതിഹ്യം. പന്നൂരിലെ വിശ്വാസികൾക്കുണ്ടായ വിശ്വാസതകർച്ചയിൽ കോപിഷ്ടയായ ദേവി അവിടെ നിന്നും അന്തർധാനം ചെയ്യുകയും ദേവി വിഗ്രഹം തൊടുപുഴയാറിലൂടെ മൂഴിക്കൽ കടവിൽ അടുക്കുകയുമാണ് ഉണ്ടായത്. അരിക്കുഴയിലെ പൗരാണിക കുടുബമായിരുന്ന തെക്കുള്ളാട്ട് കുഞ്ഞമ്മയുടെ കാലിൽ പുഴയിൽ വച്ച് തടഞ്ഞ് വിഗ്രഹത്തെ ഇന്നാ കടവിൽ കാണുന്ന പാറയിൽ കരകയറ്റുകയും ചെയ്തു. പ്രസ്തുത വിഗ്രഹം തന്ത്രവിധി പ്രകാരം ഇന്ന് ആറിന്റെ സമീപത്തായി കാണുന്ന അരളിയുടെ ഭാഹത്ത് പ്രതിഷ്ഠചെയ്തു.

കാലാകാലങ്ങളിൽ വർഷമാകുമ്പോൾ

സ്ഥല നാമങ്ങൾ

നെടിയശാല

വടക്കുംകൂർ രാജ്യത്തിന്റെ അതിർത്തി പ്രദേശമായിരുന്ന നെടിയശാലയിൽ ഒരു വലിയ പണ്ഡിതശാലയുണ്ടായിരുന്നതായി ചരിത്രം പറയുന്നു. 30 വർഷങ്ങൾക്കപ്പുറമുള്ള ആ ശാലയുടെ അവശിഷ്ടങ്ങൾ തൊടുപുള പിറവം റോഡിന്റെ കോലാനി മുതൽ ഇരുട്ടുതോടുവരെയുള്ള ഭാഗങ്ങളിൽ കാണുവാൻ കഴിഞ്ഞിരുന്നു. കാളകളും, പോത്തുകളും വലിയ്ക്കുന്ന വണ്ടികളോടെ തമിഴ് കച്ചവടവ്യൂഹം നെടിയശാലയിൽ എത്തിയിരുന്നതായി പൗരാണി കർ സാക്ഷിക്കുന്നു.ഈ വലിയ പണ്ഡിതശാല ഇരുന്ന സ്ഥലമായിരുന്നതുകൊണ്ടാണ് നെടിയശാല എന്ന പേര് ഈ പ്രദേശത്തിന് സിദ്ധിച്ചത്. ആനകളാക്രമിച്ചും പടയോട്ടം കൊണ്ടുമൊക്കെ യാകാം ഈ പൗരാണികപുരം നാമാവിശേഷമായത്. രാത്രിയിൽ വെളിച്ചം കയ്യിലില്ലാതെ നടക്കാൻ കഴിയുന്ന വിശാല വിസ്തൃത വീഥിയായിരുന്നു നെടിയശാല.

വഴിത്തല

വഴികൾ ആരംഭിക്കുന്ന സ്ഥലം എന്ന അർത്ഥത്തി ലാണ് വഴിത്തല എന്ന പേര് വില്ലേജ് രേഖകളിൽ കാണിന്ന വെങ്ങലൂർ കരയ്ക്ക് ഉണ്ടായത്. വടക്കുംകൂർ രാജാവിന്റെ പിറവത്തുനിന്നുള്ള രാജവീഥി കുത്താട്ടുകുളം, കൊഴിപ്പിള്ളി, മാറിക വഴി മുളംപുഴ തോടിന്റെ സമീപം അവസാനിച്ചിരുന്നു. തുടർന്നാവഴി കാണപ്പെട്ടിരുന്നത് നരിതൂക്കി എന്ന സ്ഥലത്തുനിന്നും നെടിയശാലക്കായിരുന്നു.ഈ രണ്ടുവഴികളുടെയും തലമുട്ടുന്ന സ്ഥലമായതിനാൽ വഴിത്തല എന്ന കൊച്ചു പ്രദേശത്തിന് 1940 കളുടെ അടുത്ത് അഞ്ചലാപ്പീസ് സ്ഥാപിതമായതോടെ വഴിത്തല എന്ന നാമത്തിന് കൂടുതൽ പ്രചാരമുണ്ടായി.

അരിക്കുഴ

മൂഴിയ്ക്കൽ ഭഗവതി ക്ഷേത്രത്തോട് ബന്ധ പ്പെട്ടാണ് അരിക്കുഴ എന്ന പേരിന് ആ പ്രദേശത്തിന് കാരണമായത്. മൂഴിയ്ക്കൽ ക്ഷേത്രത്തിലെ ഒരു പ്രധാന നിവേദ്യമായ ''ഇടി '' ഉത്സവകാലത്ത് അവിടെ പ്രചരിക്ക പ്പെട്ടിരുന്നു. പ്രശസ്തമായ ഇടി വഴിപാടിൽ പ്രധാനമായി ഉപയോഗിക്കപ്പെട്ടിരുന്ന നിവേദ്യ വസ്തുക്കൾ അരി, പഴം, പാൽ തുടങ്ങിയവയായിരുന്നു. അരി അതിലെ മുഖ്യ ഘടകവിമായിരുന്നു. അരി ഇടിച്ചു കുഴയ്ക്കുന്ന കർമ്മവും കാഴ്ചയും നടത്തി വന്നിരുന്ന സ്ഥലം ആയതിരുന്നതു കൊണ്ടാണ് അരിക്കുഴയെന്ന പേര് ഈ സ്ഥലത്തന് ഉണ്ടായതെന്നു വേണം അനുമാനിക്കാൻ.

ചിറ്റൂർ (അങ്കം വെട്ടി)

ഇടപ്പള്ളി തമ്പ്രാക്കളുടെ കളരി പരിശീലന കേന്ദ്രം ചിറ്റൂർ കരയിൽ സ്ഥിതി ചെയ്തിരുന്നു. ഈ അങ്കക്കളം സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിനാണ് പിൻകാലത്ത് അങ്കം വെട്ടി എന്ന പേര് ഈ പ്രദേശത്തിന് കിട്ടിയത്.

മണക്കാട്

ഈ പഞ്ചായത്തിന്റെ നാമധേയം തന്നെ മണക്കാട് എന്നായതിനാൽ നാം അഭിമാനിക്കേണ്ടിയിരിക്കുന്നു. ഇന്ന് മണക്കാട് എന്ന അറിയുന്ന പ്രദേശത്ത് എട്ടിൽ പരം ബ്രഹ്മണ ഇല്ലങ്ങൾ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. മൂലമന,

ചരിത്രം സാക്ഷിക്കുന്നു. മൂലമന, ചെമ്പേലിമന,നടയപ്പള്ളിമന , കുറുമ്പത്ത് മന, ഏനാട്ട് മന, പുതക്കളത്ത് മന, ആലംങ്കോട്ട് ഇല്ലംകോട്ടാറ്റ് ഇല്ലം, ഇവകൾ പ്രശസ്തങ്ങളാണ്. ഈ മനകളുമായി ബന ്ധ പ്പെട്ട് ഒട്ടുവളരെ ക്ഷേത്രങ്ങളും ആരാധനാ സങ്കേതങ്ങളും വളർന്നു വന്നിരുന്നു. ഈ മനകളിലൊക്കെതന്നെ പൂജയ്ക്കായും ആരാധ നയ്ക്കായും ദെവവൃക്ഷങ്ങളും ,പുഷ്പലതാതികളും അ നേകതരമായി വളർത്തിവന്നിരിന്നു. ദേവദാരു,അകിൽ, ഇലഞ്ഞി, പാല, ചെമ്പകം, മൈലാഞ്ചി, ചെത്തി, അരളി, മന്ദാരം, മുല്ല,തുളസി എന്നു തുടങ്ങി അനേകം സുഗന ്ധ കികളായ ഇനങ്ങൾ ഈ പ്രദേശത്ത് വളർന്നു വൻ കാടുകളായിത്തന്നെ സ്ഥിതി ചെയ്തിരുന്നു. സർവ്വസുഗന ്ധികളായ ഈ വൃക്ഷലാതാതികളുടെ നറുമണം ഈ നാടാകെ സൗരഭ്യം പടർത്തിയിരുന്നതി നാലാണ് മണക്കാട് എന്നപേര് ഈ ഗ്രാമത്തിനുണ്ടായത്. കേരളത്തിലെ ആപശസ്ത ധന്വന്തരി ആയുർവേദ നിർമ്മാതാക്കാൾ മണക്കാട്ടെ ബ്രാഹ്മണർ തന്നെയാണ്.

സാമൂഹ്യപരിവർത്തനം

ജന്മിത്വവും, നാടുവാഴിത്തവും നിലനിന്നിരുന്നഈ ഗ്രാമത്തിൽ സാമൂഹ്യ നീതിക്കും, സ്വതാന്ത്രത്തിനും, സമത്വത്തിനും വേണ്ടിയുള്ള കാഹളധ്വനികൾ അറുപത് വർഷങ്ങൾക്ക് മുൻപ് തന്നെ സജീവമായിരുന്നു. ഈ രംഗം സജീവമാക്കുന്നതിനുതൊട്ടുമുൻപുതന്നെ അ ധഃസ്ഥിത വർഗ്ഗങ്ങൾക്കിടയിൽ ഉദയം കൊണ്ട ജന്മിത്വ പ്രതിഷേധകൊടു ങ്കാറ്റിന്റെ അലയൊലികൾ ഗ്രാമ്യഭാഷ യിൽത്തന്നെ അവതരിപ്പിച്ച ഗാനങ്ങളുടെ ഈരടികളിലും ശ്രദ്ധേയമായിരുന്നു. സർ.സി.പി. തിരുവതാംകൂർ ഭരിച്ചിരുന്ന കാലത്ത് സ്വതന്ത തിരുവതാംകൂർ സ്ഥാപിക്കുന്നതിനും ദിവാനെ നാടുകടത്തു വാനും വേണ്ടി ഈ തിരുവതാംകൂർ രാജ്യത്ത് നടന്ന നിയമ ലംഘനത്തിൽ തൊടുപുള താലൂക്കിൽ ഇറസ്റ്റുവരിച്ച ആദ്യത്തെ രാഷ്ടീയ പ്രവർത്തകൻ ഈ പഞ്ചായത്ത നിവാസിയായ കുഞ്ഞിരാമൻ വൈദ്യനാണ്. (കൈപ്പമടയ്ക്കൽ കുടുംബാഗം) അദ്ദേഹ ത്തെ തുടർന്ന് സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃതത്തിൽ കടന്നുവരികയും അ റസ്റ്റുവരിക്കുകയും ചെയ്ത കെ.എം. ജോർജ്ജ് കൊച്ചുപറമ്പിൽ ഈ പഞ്ചായത്തിലെ തന്നെ ഒരു പഴയകാല സ്വാതന്ത്ര സമരസേനാനിയാണ്. സാമൂഹ്യ നീതിക്കുവേണ്ടി വന്ന വൈയ്ക്കം സത്യാഗ്രഹപോരാട്ടത്തിൽ ഗാന് ധ ിജി യോടെപ്പം സത്യാഗ്രഹത്തിൽ പങ്കുചേർന്ന ചാലാശ്ശേരി ശങ്കരനും ഈ പഞ്ചായത്തിന്റെ വീര സന്തതികളാണ്. ആഗ്യകാല കമ്മ്യൂണിസ്റ്റ് പ്രസ്താനത്തിൽ സഖാവ് കെ.എസ്.കൃഷ്ണപിള്ള യോടൊപ്പം അ റസ്റ്റുവരിക്കുകയും ജയിൽ ശിക്ഷ അ നുഭവിക്കുകയും ചെയ്ത പുത്തൻ പുരയ്ക്കൽ രാമകൃഷ്ണൻ നായരും ഈ പഞ്ചായത്തി ന്റെ തന്നെ സന്തതികളണ്. ഇവരെ കൂടാതെ സ്വാതന്ത്ര സമരത്തിലും ജനകീയ സമരങ്ങളിലും അമൂല്യങ്ങളായ സേവനങ്ങളും സംഭാവനകളും ചെയ്ത അനേകം പ്രവർത്തകർ ഈ പഞ്ചായത്തിൽ ഉണ്ട്. സ്വാതന്ത്രത്തിനുശേഷം 1957 ൽ നമ്മുടെ സംസ്ഥാന ത്തുണ്ടായ ഭൂപരിഷ്കരണ നിമത്തിലൂടെ ഭൂമിയുടെ അന്യവൽക്കരണം നടക്കുകയും ജന്മിത്തം തുടച്ചുനീക്ക പ്പെടുകയും ചെയ്തു. കുടികിടപ്പവകാശം ഒരു

നിയമ അവകാശമായി ലഭിച്ചതോടെ അധ:കൃതവർഗ്ഗത്തിന്റെ ഇടയിൽ വലിയൊരു മുന്നേറ്റം ഉണ്ടാവുകയും ചെയ്തു. 65 വരെ പോയകാല ജന്മിത്വത്തിന്റെ ദുഷ്ചെയ്തികൾ അനൽപമായി ഈ പഞ്ചായത്തിൽ നിലനിന്നിരുന്നത് വിപ്ലവ പ്രസ്താനങ്ങളുടെ വളർച്ചയോടെ തകർക്കപ്പെടുന്നതും ഇവിടെ ദർശിക്കുവാൻ കഴിഞ്ഞു.

1950 ലെ മദ്രാസ്സ് പഞ്ചായത്ത് ആക്ടും 1950ലെ തന്നെ തിരുകൊച്ചി പഞ്ചായത്ത് ആക്ടുംകൂടി പുഷ്ക്കരിച്ച് 1956 ൽ പഞ്ചായത്ത് ആക്ടിന് രൂപം നൽകുകയുണ്ടായി. ആ ആക്ടിനു വിധേയമായി ഇന്നത്തെ പുറപ്പുഴ പഞ്ചായത്തും തൊടുപുഴ മുൻസിപ്പാലിറ്റിയുടെ മണക്കാട് പഞ്ചായത്തിനോട് ചേർന്നുള്ള ഭഗവും ഇപ്പോഴത്തെ മണക്കാട് പഞ്ചായത്തും കൂടി വഴിത്തല ആസ്ഥാനമായി മണക്കാട് പഞ്ചായത്ത് രൂപീകൃതമായി. 1958 ൽ പഞ്ചായത്ത് പരിഷ്ക്കരണ കമ്മീഷൻ നടത്തിയ ശുപാർശയുടെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്ത് രൂപീകരണം വന്നതോടെ മണക്കാട് പുറപ്പുഴ എന്ന് രണ്ട് പഞ്ചായത്തുകളായി ഇത് വിഭജിക്കപ്പെട്ടു. തുടർന്ന് തൊടുപുഴ മുൻസിപ്പാലിറ്റി രൂപം കൊണ്ടപ്പോൾ മണക്കാട് പ്രദേശത്തെ കുറെ ഭാഗം കൂടി തൊടുപുഴ മുൻസിപ്പാലിറ്റി യോടുചേൽക്കപ്പെട്ടു. ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡൻറ് അന്തരിച്ച പുളിക്കൽ ശ്രീധരൻ നായർ ആയിരുന്നു. അദ്ദേഹത്തെ തുടർന്ന് പി.ജെ. കുര്യാക്കോസ് പുറ്റാനിയിൽ, കെ.എം. ജോർജ്ജ് കൊച്ചുപറമ്പിൽ, തോമസ് .ടി.കെ. തളിയൻചിറ, പ്രഫ: ജോസഫ് കൊട്ടാരം, കെ.വി.ജോസഫ് കാഞ്ഞിരകൊമ്പിൽ, കെ.എം.ജോസ് കൊച്ചുപറമ്പിൽ,എന്നിവർ പ്രസിഡൻറു മാരായി ഭരണം നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം പ്രസിഡൻറ് ശ്രീമാൻ. പി.എസ്. ജേക്കബിന്റെ നേതൃത്വത്തിലാണ്.

വഴിത്തലയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഓഫീസ് 1960 നു ശേഷം തുടർന്ന് പുതിയപറമ്പിൽ പി.എം. സ്കറിയ സൗജന്യമായി പഞ്ചായത്തിനുനൽകിയ ചിറ്റൂരുള്ള 30 സെൻറ് സ്ഥലത്ത് പണി തീർത്തിട്ടുള്ള കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്.

1956 മുതൽ പഞ്ചായത്ത് ഭരണം ദീർഘകാലം നടന്നുവന്നു എങ്കിലും പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന സർക്കാരുകളുടെ സാമന്തപദവി മാത്രമാണ് ഉണ്ടായിരുന്നത്. രാഷ്ട്രപിതാ വായ മഹാത്മജിയുടെ ഗ്രാമസ്വരാജെന്ന സ്വപ്നം സാക്ഷാതിക്കരുക്കുന്നുവാൻ നീണ്ട നാലുപതിറ്റാണ്ടു കളിലേറെ ഈ രാജ്യത്തിലെ ജനങ്ങൾ കാത്തിരിക്കേണ്ടിന്നു. പല കമ്മീഷനുകളും നിവേദകസംഘങ്ങളും പഞ്ചായത്തീരാജിന് വേണ്ടി മുറിവിളി കൂട്ടയെങ്കിലും 1994 ഏപ്രിൽ മാസം 24 ാം തിയതിയാണ് ഇന്നു നാം അനുഭവിക്കുന്ന പഞ്ചായത്തീരാജെന്ന അവകാശാധികര ത്തോടുകൂടിയ ഭരണ സംവിധാനത്തന് നമ്മുക്കവ കാശം ഉണ്ടായത്.

അധികാരം ജനങ്ങളിലെക്ക് എന്ന മുദ്രാവാക്യത്തിന്റെ രാഷ്ട്രീയ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇന്ത്യയിൽ ഇദംപ്രധമായി നമ്മുടെ സംസ്ഥാന സർക്കാർ ജനകീയ ആസൂത്രണത്തിന്റെ കർമ്മ മേഖലയിലേക്ക് നമ്മെ എത്തിച്ചിരി ക്കുന്നതിന്റെ ചരിത്രവും അതിൽനിന്നുരി ത്തിരിയുന്ന സാമൂഹിക സാംസ്കാര ത്തിലുമാണ് നാം എത്തിയിരിക്കുന്നത്.

ടൂറിസം

ടൂറിസത്തിന്റെ സാധ്യത ഏറ്റവും മികച്ച നിലവാരത്തിൽ ആസൂത്രണം ചെയ്യുവാൻ കഴിയുന്ന മണക്കാട് പഞ്ചായത്തിൽ നെടിയശാലയ്ക്കടുത്തുള്ള പുലിക്കുന്ന് പ്രദേശത്തിനുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ മലകളിൽ ഒന്നായ പുലികുന്നിനെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തി ബ്ലോക്കുതലത്തിൽ ഒരു പദ്ധതി ആവിഷ്ക്കരണം നടത്തേണ്ടിയിരിക്കുന്നു. ഉയർന്ന മലശിഖരങ്ങളും, വൻ ഗുഹകളും, ആകാശം മുട്ടെ നിൽക്കുന്ന മലമുകളിൽ പ്രതിശങ്കുമായി വികസിച്ചുനിൽക്കുന്ന മൈതാനപ്രദേശങ്ങളും അടങ്ങുന്നു. ഇവിടെ വന്നുകയറുന്ന കാണികൾക്ക് പ്രകൃതിമനോഹാരിത ആവോളം ആസ്വദിക്കാൻ കഴിയും. ഈ പ്രദേശത്തെ സൗന്ദര്യചാർത്തണിയിക്കാൻ പോന്ന മാതൃകാരൂപകൽപനകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാപ്പിൽ രൂപകൽപ്പന ചെയ്തിരിക്കുന്നു. പഞ്ചായത്തിന് ഒരു വലിയ വരുമാനവും ഈ പ്രദേശത്തെ ആളുകൾക്ക് കൂടുതൽ തൊഴിൽ അവസരവും വരുമാനവും ഉണ്ടാക്കാൻ കഴിയുന്ന ഈ പദ്ധതി ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മുടെ സാംസ്കാരിക രംഗത്ത് ഒരു പൊൻതൂവൽ കൂടി തുന്നി ചേർത്തുകൊണ്ട് പുലിക്കുന്ന് സഞ്ചാരികളുടെ പറുദീസയായി മാറ്റുവാൻ കഴിയും . ഈ ടൂറിസം പദ്ധതി ഒൻപതാം പദ്ധതിക്കാലത്ത് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം,

നടീൽപ്പാട്ട്

കുന്നത്തേരാമന്റെ ചീരുക്കുട്ടി,
കോലത്തെ തമ്പുരാൻ ചെല്ലാൻ പറഞ്ഞു
കോലത്തെ തമ്പുരാൻ ചെല്ലാൻ പറഞ്ഞു
കോലത്തെ തമ്പുരാൻ പെങ്കേതിയൻ
കോലത്തെ തമ്പുരാൻ പെങ്കേതിയൻ
പൊങ്ങിയ വരമ്പേറി പോ രജതേ,
താഞ വരമ്പുകേറി വന്നു കേട്ടോ
തമ്പുരാട്ടി എങ്ങും കാണരുതെ
കുന്നത്തെ രാമനറിയരുതെ
രാമനറിഞ്ഞാൽ കൊല്ലും കേട്ടോ
രാമനെ പണിനോക്കാൻ വിടാം
കുളിച്ചു കുറിയും തൊട്ടു പെണ്ണ്
കുളിച്ചു കുറിയും തൊട്ടു പെണ്ണ്
വെളുത്തൊരുമുണ്ടുടുത്തവൾ
വെളുത്തൊരുമുണ്ടുടുത്തവൾ
മുറുക്കിച്ചുവപ്പിച്ചു പോകുന്നു ചീരു
മുറുക്കിച്ചുവപ്പിച്ചു പോകുന്നു ചീരു
പൊങ്ങിയ വരമ്പേറി പോണു ചീരു
പൊങ്ങിയ വരമ്പേറി പോണു ചീരു
കോലത്തെ പടിത്താഴെ ചെല്ലുന്നുണ്ടെ
അതുതാനെ കാണുന്നു തമ്പ്രാൻ
അതുതാനെ കാണുന്നു തമ്പ്രാൻ.
ദേ വരും പെണ്ണെവളെതാ പോലും
ഇന്നത്തെ രാത്രി നമ്മുക്കിവിടുറങ്ങാം
മാളികപ്പുറമേറിക്കെണ്ടുപോയീ...

കാർഷിക വികസന പദ്ധതികൾ

നമ്മുടെ കാർഷികോൽപ്പാദന വസ്തുക്കൾ ഏതൊക്കെയെന്നും, അവയുടെ പ്രത്യേകതകൾ എന്തൊക്കെയെന്നും, നമ്മുടെ കാർഷികരംഗത്തെ പോരായ്മകൾ ഏതെല്ലാമെന്നും, നമ്മുടെ കാർഷികമേഖലയിലെം പരിക്ഷ എന്തുകൊണ്ട് നാം ലക്ഷ്യം വയ്ക്കുന്നു എന്നും മറ്റും വളരെ വിശദമായി ചർച്ച ചെയ്തുകഴിഞ്ഞു.

നമ്മുടെ കൃഷികളുടെ ആവിഷ്ക്കരണത്തെ സംബന്ധിച്ച് നമുക്കുണ്ടായിരുന്നതും നാം നില നിർത്തേണ്ടതുമായ കാർഷികഇനങ്ങളെ സംബന്ധിച്ചും വിശദമായ ചർച്ച നാം നടത്തിക്കഴിഞ്ഞു. ഇന്നുള്ള നമ്മുടെ സംഭരണരീതികളെയും, വിപണിയേയും, സംസ്ക്കരണത്തേയും വായ്പ്പകൾ, ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള സഹായപദ്ധതികൾ സംബന്ധിച്ചും ഒരു ഏകദേശവിവരണം നാം ഇതിനകം സാധ്യമാക്കി. ഇനി നമ്മേ സംബന്ധിച്ചിടത്തോളം നമ്മുടെ കാർഷിക വികസന പദ്ധതികൾക്ക് എങ്ങനെ രൂപം കൊടുക്കണമെന്നുള്ളതാണ് ഒരു മുഖ്യ പ്രശ്നം.

നമ്മുടെ കാർഷികവികസനത്തിന് പ്രധാനമായും നാലു തരത്തിലുള്ള വിഷയങ്ങളെ സംബന്ധിച്ച ഒരു പദ്ധതി സമീപനമാണ് മുഖ്യമായും ആവശ്യം. ഈ നാലു തരം സമീപനങ്ങളുടെ ഉപഘടകങ്ങളുമായി മറ്റ് പല ഘടകങ്ങളും ഇതോടൊപ്പം ഉണ്ടായിരിക്കും. പ്രധാനപ്പെട്ട നാല് സമീപനരേഖകൾ താഴെ വിവരിക്കുന്നു.

1. മണ്ണുമായി ബന്ധപ്പെട്ട പദ്ധതിപ്രവർത്തനങ്ങൾ
2. ജലസേചനസംബന്ധമായ പദ്ധതി പ്രവർത്തനങ്ങൾ.
3. നടീൽ വസ്തുക്കളുടെ തെരഞ്ഞെടുക്കലും, സംഭരണവും ആവിഷ്ക്കരണവും, വളപ്രയോഗവും.
4. കാർഷിക വായ്പകൾ, ആനുകൂല്യങ്ങൾ, വിപണി

1 മണ്ണുമായി ബന്ധപ്പെട്ട പദ്ധതിപ്രവർത്തനം വളരെ പ്രസക്തമാണ്. ആവർത്തനകൃഷികൾ നൂറ്റാണ്ടുകളായി ആവിഷ്ക്കരിച്ചതുമൂലവും പരിതസ്ഥിതിതകർച്ച വ്യാപകമായി നടന്നതുകൊണ്ടും നമ്മുടെ മണ്ണിന്റെ വീര്യം മന്ദീഭവിച്ചിരിക്കുന്നു. മണ്ണുമായി ബന്ധപ്പെട്ട ചില അടിയന്തിര പ്രവർത്തനം ഇതുമൂലം അനിവാര്യനമാണ്.

1. മണ്ണിന്റെ ജൈവസംരക്ഷണം
2. മണ്ണൊലിപ്പ് നിവാരണം
3. മണ്ണു പരിശോധന.

ഈ മൂന്ന് പ്രവർത്തനങ്ങളാണ് മണ്ണ് സംരക്ഷണത്തിനായി ചെയ്യേണ്ടത്.

മണ്ണിലെ ജൈവ ഘടനയുടെ സംന്തുലിതാവസ്ഥ നിലനിർത്തുവാൻ പഞ്ചായത്ത് പ്രദേശത്ത് ഒരു വൃക്ഷവൽക്കരണപരിപാടി തയ്യാറാക്കണം. നാടൻ വൃക്ഷത്തൈകൾ ഈ ആവശ്യത്തിലേയ്ക്ക് വിതരണം നടത്തുകയും അവയുടെ കൃഷി പ്രചരിപ്പിക്കുകയും ചെയ്യുക. ഈ ആവശ്യത്തിലേയ്ക്ക് നേഴ്സറികൾ നിർമ്മിക്കുകയും സൗജന്യമായി സസ്യങ്ങൾ വിതരണം ചെയ്യുകയും ചെയ്യണം. ഈ സസ്യങ്ങളുടെ സംരക്ഷണചെലവുകൾ ഒരു പദ്ധതിയുടെ കീഴിൽത്തന്നെ നടത്തണം. ഒൻപതാം പദ്ധതികാലത്ത് 50000 വൃക്ഷത്തൈകൾ പഞ്ചായത്ത് പ്രദേശത്ത് കൃഷി ചെയ്ത് പരിതസ്ഥിതിസംരക്ഷണം നടത്തുക.

മണ്ണിന്റെ ജൈവശോഷണം പരിഹരിക്കുവാൻ ജൈവവളങ്ങളുടെയും, കംമ്പോസ്റ്റായി നിർമ്മിക്കുന്ന വളങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുക. ഒൻപതാം പദ്ധതിക്കാലത്ത് 1600 കംമ്പോസ്റ്റ് കുഴികളുടെ നിർമ്മാണപ്രവർത്തനം സജ്ജമാക്കണം. ജൈവവളമുപയോഗിക്കുന്നരീതി തീക്ഷണമാക്കുന്നതിലേയ്ക്ക് പ്രത്യേക സബ്സിഡികൾ നൽകണം. കംമ്പോസ്റ്റ് കുഴികളുടെ നിർമ്മാണത്തിനും ഗ്രാന്റ് നൽകണം.

മണ്ണൊലിപ്പ് നിവാരണത്തിന്നായി അടുത്ത ഒൻപതാം പദ്ധതിക്കാലത്ത് 5 ലക്ഷം മീറ്റർ കയ്യാലകൾ വയ്ക്കുന്നതിനും ഈ കയ്യാലകളോട് അനുബന്ധിച്ച് കന്നുകാലികൾക്കാവശ്യമായ തീറ്റിപ്പുല്ല് വളർത്തുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിക്കണം. ഒരു വർഷം ഒരു ലക്ഷം മീറ്റർ എന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം മീറ്റർ കയ്യാലകൾ നിർമ്മിക്കുമ്പോൾ അയ്യായിരത്തോളം കാലികൾക്കുള്ള തീറ്റിയും ലഭ്യമാകും.

മണ്ണ് പരിശോധന ഇന്ന് വളരെ പ്രസക്തമാണ്. ആവർത്തനകൃഷികൾ മൂലം നമ്മുടെ മണ്ണിലെ മൂലകങ്ങളിൽ പലതും കുറയുകയോ ഇല്ലാതാവുകയോ ചെയ്തി

ട്ടുണ്ട്. അതുപോലെ തന്നെ മണ്ണൊല്പ്പ് മൂലവും പല പ്രധാന മൂലകങ്ങളും ധാതുക്കളും നഷ്ടപ്പെട്ടിട്ടുണ്ട്. ഇവ ഏതൊക്കെയെന്നും നാം ചെയ്യുവാൻ പോകുന്ന കൃഷികൾക്ക് ഏതേത് കുറവുകളാണ് പരിഹരിക്കേണ്ടതെന്നും കണ്ടെത്തണമെങ്കിൽ മണ്ണ് പരിശോധന അത്യാവശ്യഘടകമാണ്. ഈ പ്രവർത്തനത്തിന്നായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു മണ്ണ് പരിശോധനാകേന്ദ്രം സ്ഥാപിക്കണം. ഈ പരിശോധനാ സംബ്രദ്ധായം ഒരു തുടർ പ്രക്രിയയാണ്. പരിശോധന നടത്തുന്നതിനുള്ള പരിശീലനം പഞ്ചായത്തിലുള്ള തൊഴിൽരഹിതരായ യുവതീയുവാക്കൾക്കായി നൽകണം. മണ്ണ് പരിശോധിച്ച് കർഷകർക്ക് നൽകുന്നത് സൗജന്യമായിട്ടായിരിക്കണം. പരിശോധനാകേന്ദ്രവും പരിശോധച്ചെലവുകളും പഞ്ചായത്ത് തന്നെ വഹിക്കുന്ന രീതി ആവിഷ്ക്കരിക്കണം. ഏതെങ്കിലും സമിതികളുടെ കീഴിൽ ഈ പ്രവർത്തനം നടത്തുന്നതിലും തെറ്റില്ല. എന്നാൽ പഞ്ചായത്തിന്റെ മുഴുവൻ ശ്രദ്ധയും ഈ വിഷയത്തിലുണ്ടായിരിക്കണം.

മണ്ണ് സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി

1. ജൈവവള സബ്സിഡി (കോഴിവളം, കാലി വളം തുടങ്ങിയവ)
2. കംമ്പോസ്റ്റ് കുഴി നിർമ്മാണം 1600 കുഴികൾ സബ്സിഡി 100%
3. 5 ലക്ഷം മീറ്റർ കയ്യാല പദ്ധതി 50% സബ്സിഡി
4. 5 ലക്ഷം മീറ്റർ സ്ഥലത്ത് പുൽ കൃഷി സൗജന്യ വിത്ത് വിതരണം
5. മണ്ണ് പരിശോധന–മുഴുവൻ സാങ്കേതിക സഹായവും സൗജന്യമാക്കണം

2. ജലസേചന പദ്ധതികൾ

ജലക്ഷാമം ഏറ്റവും കൂടുതൽ അനുഭവിക്കുന്നതും എന്നാൽ ജലലഭ്യതയ്ക്ക് ഏറ്റവും സൗകര്യങ്ങളുള്ളതുമായ പ്രദേശമാണ് മണക്കാട് പഞ്ചായത്ത്. നമ്മുടെ ഗ്രാമസഭകളിൽ ഉയർന്നുവന്നതും, കാർഷികവികസനത്തിന്നായ് ഉപകരിക്കുന്നതുമായ ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഈ ജലസേചനപദ്ധതികളുടെ ആവിഷ്ക്കാരത്തിലൂടെയല്ലാതെ നാളകളിലെ കൃഷി പ്രവർത്തനങ്ങൾ ഇവിടത്തെ ജനങ്ങൾക്ക് ദുഷ്ക്കരമാകും. ജലസേചനത്തിന്നായി പ്രധാനപ്പെട്ട ചില നടപടികൾ പഞ്ചായത്ത് തലത്തിൽ അടിയന്തിരമായി നടപ്പാക്കേണ്ടിയിരിക്കുന്നു.

പദ്ധതികൾ

1 മുവാറ്റുപുഴവാലി ഇറിഗേഷൻ കനാലിന്റെ മലങ്കര മുതലുള്ള കനാൽഭാഗം മണക്കാട് പഞ്ചായത്ത് വഴി കടന്നുപോകുന്ന സ്ഥലങ്ങൾ യുദ്ധകാലഅടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമാക്കുക. രണ്ട് ദശാബ്ദത്തോളമായി ഈ കനാലിന്റെ പണികൾ ആരംഭിച്ചിട്ട്. ഇന്നും എങ്ങും എത്താതെ ഭൂപടത്തിൽ ഒരു ജലരേഖയായി മാത്രം ഈ കനാൽഭാഗം സ്ഥിതി ചെയ്യുന്ന കാഴ്ചയാണ്.

2. എം. വി. ഐ. പി. കനാലിന്റെ ഇടതുവശം ചേർന്ന് നെടിയശാലക്കടുത്തുള്ള എലിക്കുളത്തിൽ സ്ഥിതി ചെയ്യുന്ന കുളം നവീകരിക്കുകയും പ്രസ്തുത കുളത്തിലേയ്ക്ക് സ്ലൂയീസ് നിർമ്മിച്ച് ജല സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. ഈ കുളത്തിൽനിന്നും 25 എച്ച്. പി. യിൽ കുറയാത്ത മോട്ടോർ വച്ച് പുലിക്കുന്ന് മലമുകളിൽ ജലം എത്തിച്ച് ആ മലയിൽനിന്നും താഴോട്ട് ഒഴുക്കി കൈപ്പള്ളിപ്പാടത്ത് എത്തിക്കുക. കൈപ്പള്ളിപ്പാടത്ത് കുളം നിർനമ്മിച്ച് ജലം ശേഖരിച്ച് അവിടെനിന്നും ഒരു ലിഫ്റ്റ് നിർമ്മിച്ച് മുണ്ടൻമലടോപ്പിൽ ജലം എത്തിക്കുക. മുണ്ടൻമലയിൽനിന്നും ചാനലുകൾ വഴി പ്രസ്തുത ജലം 4,5 വാർഡുകളിൽ തെക്കും പടിഞ്ഞാറും അതിർത്തികളിൽ എത്തിച്ചേരുന്നതോടെ ഏതാണ്ട് 120 ഹെക്ടർ കരഭൂമികൾക്കും 10 ഹെക്ടർ പാട ശേകരങ്ങൾക്കും പ്രയോജനപ്പെടും. ഈ പ്രൊജക്ടിനെ എലിക്കുളം–കൈപ്പിള്ളി–മുണ്ടൻ മല–ഇന്റർലിങ്ക്ട് ലിഫ്റ്റ് ഇറിഗേഷൻ എന്ന് വിളിക്കാം.

3. എം. വി. ഐ. പി. കനാലിൽനിന്ന് തന്നെ പുതുപ്പരിയാരം തോട്ടിലേയ്ക്ക് ഒരു സ്ലൂയീസ് നിർമ്മിച്ച് ജലം ഒഴുക്കി പുതുപ്പരിയാരം മുതൽ ചങ്ങനാട്ട് വരെയുള്ള തോട് ഭാഗങ്ങളിൽ, എലിക്കുളം, കുളിരംകുഴി, പോടൂർ, നടയംപാടം, ചങ്ങനാട്ടുപാടം തുടങ്ങിയ മേഖലകളിൽ ജലം എത്തിക്കുക. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ക്രോസ്ബാറുകളും ബണ്ടുകളും നിർമ്മിക്കേണ്ടതാണ്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ ഏകദേശം 18 ഹെക്ടർ പാട ശേകരങ്ങൾ മൂന്ന് പൂവ് കൃഷിക്ക് വരെ ഉപയുക്തമാക്കപ്പെടുന്നു. ഇപ്പോൾ മേൽപ്പറഞ്ഞ പാടങ്ങൾ ഒരുപ്പൂവായോ ഇരുപ്പൂവായോ മാത്രമാണ് കൃഷികൾക്കുപകരിക്കുന്നത്.

4. എം. വി. ഐ. പി. കനാൽ കടന്നുപോകുന്ന പെരിയാമ്പ്രയിൽ ഒരു സ്ലൂയീസ് നിർമ്മിക്കുക. 7 ഹെക്ടർ പാടങ്ങൾക്കും ഏതാനും കരഭൂമികൾക്കും ഇത് പ്രയോജനപ്പെടും.

5. പെരിയാമ്പ്ര അക്വഡേറ്റ് ഭാഗത്തുനിന്നും ചാഴിപ്പാറഭാഗത്തേക്ക് സബ്കനാൽ നിർമ്മിക്കുക.

6. അരിക്കുഴ പച്ചൂർ ഭാഗത്ത് സബ്കനാൽ നിർമ്മിച്ച് ഉദയാജംഗ്ഷൻ വരെ വെള്ളമെത്തിക്കുക.

7. പൊതനംകോട് ഭാഗത്ത് ഒരു സ്ലൂയീസ് നിർമ്മിച്ച് കനാലിന്റെ ഇടതുകരയിൽ കാഞ്ഞിരാവുനിലത്തിൽ ജലം സംഭരിച്ച് (കുളത്തിൽ) അവിടെനിന്നും 25 എച്ച്. പി. മോട്ടോർ വച്ച് വെള്ളം ലിഫിറ്റ് ചെയ്ത് പച്ചുത്തണ്ട്, കല്ലോലിടോപ്പ് ഇവിടങ്ങളിൽ ഏത്തിക്കുക. പ്രസ്തുത രണ്ട് ടോപ്പുകളിൽനിന്നും ചാനൽ വഴി ജലം നാല് ദിശകളിലേയ്ക്കായ് ഒഴുക്കി 5,6,7 എന്നീ വാർഡുകളിൽഉൾപ്പെടുന്ന

150 ഹെക്ടറിൽ കൂടുതൽ സ്ഥലങ്ങൾക്ക് ജലസേചനം സാധ്യമാക്കാൻ കഴിയും.

ഈ പ്രോജക്ടിനെ പച്ചുത്തണ്ട്-പൊതനംകോട്-കല്ലോലിടോപ്പ് ഇറിഗേഷൻ പ്രോജക്ട് എന്ന വിളിക്കാം.

8. തൊടുപുഴയാറ്റിൽനിന്നും ഇപ്പോഴുള്ള ആൽപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട് ഉടനടി പണി പൂർത്തീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുക.

9. ചൊറികണ്ണൻ പാറ ലിഫ്റ്റ് ഇറിഗേഷൻപ്രോജക്ട് ഈ പദ്ധതിക്കാലത്ത് ഏറ്റെടുക്കണം. തൊടുപുഴയാറ്റിൽനിന്നും ജലം പമ്പ് ചെയ്ത് ചൊറികണ്ണംപാറയിൽ എത്തിക്കുക.

10. പെരിഞ്ചിറക്കുന്ന് ഭാഗത്തേയ്ക്ക് തൊടുപുഴയാറ്റിൽനിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് രൂപം നൽകുക.

11. ചിറ്റൂർ ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ട് എന്ന പേരിൽ കൊല്ലച്ചേരിക്കടവിൽനിന്നും പദ്ധതി ആവിഷ്ക്കരിച്ച് ലിഫ്റ്റ് ഇറിഗേഷൻ സാധ്യമാക്കണം.

12. വഴിത്തല ടൗണിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് വകകുളത്തിൽനിന്ന് ജലം പമ്പ് ചെയ്ത് ആളാക്കടവിൽ പുരയിടത്തിൽ എത്തിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

13. കോലടിപ്പള്ളിക്ക് വടക്കുവശം കാളകെട്ടിയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുക.

14. മാറിക മുഴിക്ക തോട്ടിൽ നടയ്ക്കൽതാഴെ തടയിണ നിർമ്മിക്കുക.

15. പ്രാകത്തോട്ടിൽ ഒരു ക്രോസ്ബാർ നിർമ്മിച്ച് ജലം സംഭരിക്കുക.

16. പൂതക്കുഴിക്കുളത്തിന്റെ നവീകരണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.

17. അരിക്കുഴയിൽ ഇരപ്പ് തോട്ടിൽ ചെക്ക് ഡാം നിർമ്മിക്കുക.

18. മാറികമുഴിക്കൽക്കടവ് തോട്ടിൽ ഇടുമാൻകുഴി എന്ന ജലസംഭരണക്കുളം വിപുലീകരിച്ച് ജലസേചനം സാധ്യമാക്കുക.

4. ജലസേചനത്തിന്നായി ബണ്ടു നിർമ്മാണം.

1. അമ്പലം പാടത്തിന്റെയും രാമനാട്ടുതോടിന്റെയും ബണ്ടുകൾ പൂർത്തീകരിക്കുക.

2. എലിക്കുളം മുതൽ ചങ്ങനാട്ട് ഭാഗം വരെ ബണ്ട് നിർമ്മിക്കുക.

3. മാരാംകോട് പാടത്തെ തോടിന് ബണ്ട് നിർമ്മിക്കുക.

4. കരികുളം മുതൽ പെരിയാമ്പ്ര വരെ തോടുഭാഗം ബണ്ട് നിർമ്മിക്കുക.

5. കൈപ്പിള്ളി മുതൽ ഇരപ്പ് തോടു വരെ ബണ്ട് നിർമ്മിക്കുക.

6. പച്ചൂർ മുതൽ ചൂരാപ്പുഴ പാടം തോടിന് ബണ്ട് നിർമ്മിക്കുക.

7. പൊതനംകോട് മുതൽ മുഴിക്കൽക്കടവ് വരെ തോടിന് ബണ്ട് നിർമ്മിക്കുക.

8. വാച്ചാപ്പിള്ളിപ്പാടം തോട്ഭാഗം ബണ്ട് നിർമ്മിക്കുക.

9. പഴംകുളം മുതൽ ഇടുമാൻകുഴി വരെ പൂതക്കാവ് തോടിന് ബണ്ട് നിർമ്മിക്കുക.

10. എരുമേലിക്കര പാടത്തിന് ബണ്ട് നിർമ്മിക്കുക.

11. സി. സി. ഡി. പി. സ്കീമിൽ ഉൾപ്പെടുത്തി കൃഷി ഡിപ്പാർട്ടുമെന്റ് വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് സബ്സിഡി അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിവിധ മേഖലകളിലായി ഒരു വാർഡിൽ 10 എന്ന തോതിൽ 80 കിണറുകളും 100 മോട്ടോർ പമ്പ് സെറ്റുകളും സ്ഥാപിക്കുക.

12. ഡ്രിപ്പ് ഇറിഗേഷൻ നടപ്പാക്കാൻ പ്രോത്സാഹനമായി 75ൽക്കുറയാതെ കർഷകർക്ക് നേരിട്ടോ, ഗ്രൂപ്പായി പ്രവർത്തിക്കുന്ന മറ്റ് 25 ഇതര ഗ്രൂപ്പുകൾക്കോ മൊത്തം വരാവുന്ന ചെലവിന്റെ 30 മുതൽ 50% വരെ സബ്സിഡികൾ നൽകുക.

3. നടീൽ വസ്തുക്കളുടെ തെരഞ്ഞെടുക്കൽ, സംഭരണം, ആവിഷ്ക്കരണം, വളപ്രയോഗം

1. മേൽത്തരം നടീൽ വസ്തുക്കൾ തെരഞ്ഞെടുത്ത പ്രചരിപ്പിക്കുവാൻ കൃഷിഭവനുകളെ പരമാവധി പ്രയോജനപ്പെടുത്തണം. ഈ നടീൽ വസ്തുക്കളുടെ തെരഞ്ഞെടുപ്പിൽ സമിതികളുടെയും സംഘങ്ങളുടെയും കൃഷിവിദഗ്ദരുടെയും പഞ്ചായത്തിന്റെയും സാന്നിദ്ധ്യ ഉറപ്പു വരുത്തണം. യൂണിവേഴ്സിറ്റി പോലുള്ള സ്ഥാപനങ്ങളിൽനിന്ന് മാത്രം നടീൽ വസ്തുക്കൾ സംഭരിക്കുന്നതിനും അത് മിതവിലയ്ക്ക് നൽകുന്നതിനുമുള്ള ക്രമീകരണം ഉണ്ടാക്കണം. പഞ്ചയത്തുതലത്തിൽ കൃഷിഭവന്റെ മേൽനോട്ടത്തിൽ സമിതികളുടെ സഹകരണത്തോടെ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ നിർമ്മിക്കുകയും അവയിലെ വിത്ത് ഉൽപ്പന്നങ്ങൾ കർഷകർക്ക് സൗജന്യമായും വിതരണം ചെയ്യുകയും വേണം. എല്ലാ കാർഷിക വസ്തുക്കൾക്കും ഈ വ്യവസ്ഥ ബാധകമാക്കണം.

കൃഷിയുടെ ആവിഷ്ക്കരണ ഉപാധികൾ ഉൾപ്പെടുന്ന ആധുനിക പണിഉപകരണങ്ങളും യന്ത്രങ്ങളും പാടശേഖരസമിതികൾക്കും, കേരസംരക്ഷമസമിതികൾക്കും, കുരുമുളക് സംരക്ഷണസമിതികൾക്കും നൽകണം.

(ട്രാക്ടർ, ട്രില്ലർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയെന്ത്രം, തെങ്ങ്കയറ്റയന്ത്രം,സ്പെയറുകൾ) ഈ യന്ത്ര ഉപകരണങ്ങൾ 80% വരെ സബ്സിഡിയായി സമിതികൾക്ക് നൽകേണ്ടതാണ്.

നടീൽ വസ്തുക്കൾ സംഭരിക്കുന്നതു കൂടാതെ സമിതികൾ വഴിതന്നെ നടപ്പാക്കേണ്ട മറ്റൊരു പ്രവർത്തനമാണ് സംഭരണകേന്ദ്രങ്ങളുടെ പ്രവർത്തനം. കൊയ്തുവരുന്ന ധാന്യങ്ങൾ സംഭരിച്ച് അവ ഉണക്കിതയ്യാറാക്കുന്നതിന് പറ്റിയ മെതിക്കളങ്ങൾ (യാർഡുകൾ) പാടശേഖരങ്ങളോടനുബന്ധിച്ച് പ്രവർത്തനസജ്ജമാക്കണം.

വളപ്രയോഗരംഗത്ത് ഇന്ന് അനുഭവപ്പെടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് രാസവളങ്ങളുടെ വിലവർദ്ധനയാണ്. കർഷകർക്ക് വിതരണം നടത്തുന്ന വളങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തണം. വളത്തിന്റെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ സമിതികളുടെയും, പഞ്ചായത്തിന്റെയും, കൃഷിഭവന്റെയും ശുപാർശയിൻമേൽ വ്യക്തികൾക്ക് പെർമിറ്റ് നൽകുകയും പെർമിറ്റ് അടിസ്ഥാനത്തിലുള്ള വളങ്ങൾക്ക് 30% വരെ സബ്സിഡി നൽകേണ്ടതുമാണ്. ഈ നടപടി വഴി യഥാർത്ഥ കർഷകരുടെ കൈകളിൽ വേണ്ട സമയത്ത് വളമെത്തിക്കുവാനും അതിന്റെ ചെലവ് ചുരുക്കുവാനും കഴിയും. ഇതിന്നായി പദ്ധതി ആസൂത്രണം നടക്കുമ്പോൾ ഈ പഞ്ചായത്തിന്റെ മൊത്തം വളം ഉപയോഗത്തിന്റെ അളവ് കണ്ടുകൊണ്ടുള്ള ആവിഷ്ക്കരണനടപടികൾ ഉണ്ടാകണം. മൊത്തം ഉപയോഗിക്കുന്ന വളത്തിന്റെ 30% സബ്സിഡിക്കായി പദ്ധതി വിഹിതഴത്തിൽ ഉൾപ്പെടുത്തണം.

വളമായും പണമായും നൽകുന്ന എല്ലാ ആനുകൂല്യങ്ങളും യഥാസമയം കർഷകരുടെ കൈകളിൽ എത്തിച്ചേരുവാനുള്ള ക്രമീകരണങ്ങൾ സർക്കാർ തലത്തിലും ഡിപ്പാർട്ട്മെന്റ് തലത്തിലും ഉണ്ടാവുകയും വേണം.

4. കാർഷിക വായ്പകൾ ആനുകൂല്യങ്ങൾ വിപണി

ഇന്ന് കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി ആവിഷ്ക്കരണത്തിന് ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന ബുദ്ധിമുട്ട് മൂലധനശേഷിക്കുറവാണ്. ഈ രംഗത്ത് ഇന്ന് വായ്പകൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത് സഹകരണ സ്ഥാപനങ്ങൾ വഴിയോ, ഭൂപണയ ബാങ്കുകൾ വഴിയോ ആണ്. ഇന്ന് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന വായ്പകളുടെ പലിശനിരക്ക് ഉൽപ്പന്നത്തിൽനിന്നും ലഭിക്കുന്ന മിച്ചത്തിൽനിന്നനും താങ്ങാൻ കഴിയാത്ത അവസ്ഥയിലാണ്. നബാഡുപോലുള്ള ദേശിയ സ്ഥാപനങ്ങൾ നൽകുന്ന പണം പല വഴി കറങ്ങിത്തിരിഞ്ഞ് കർഷകന്റെ കയ്യിൽ എത്തുന്ന മുഴുവൻ ചെലവും കർഷകർ തന്നെ വഹിക്കേണ്ടിവന്നിരിക്കുകയാണ്. ഈ സ്ഥിതിക്കൊരു പരിഹാരം കണ്ടെത്തുവാൻ സബ്സിഡികൾ പലിശയിനത്തിൽ നൽകണം. ഈ സബ്സിഡി സ്ഥാപിച്ചല്ലാതെ കർഷകരെ രക്ഷിക്കുക സാധ്യമല്ല. ഇപ്പോൾ കിട്ടിവരുന്ന ഹ്രസ്വകാല വായ്പകൾക്ക് പകരം ദീർഘകാലവായ്പകളുടെ വർദ്ധനയുണ്ടാകണം. വായ്പകൾ എടുക്കുന്ന കർഷകരിൽനിന്നും സഹകരണസ്ഥാപനങ്ങൾ(അഗ്രി: ക്രെഡിറ്റ്) ഇന്ന് ഈടാക്കിവരുന്ന ഷെയർ വ്യവസ്ഥ അവസാനിപ്പിക്കണം. പല സഹകരണസ്ഥാപനങ്ങളും വ്യത്യസ്ഥതോതിലാണ് ഷെയർ അനുപാതം കണക്കാക്കുന്നത്. ഷയറായി ബാങ്കുകൾ പിടിച്ച് വയ്ക്കുന്ന തുകയ്ക്ക് പലിസ പോലും കർഷകന് നൽകുന്നില്ല എന്ന് മാത്രമല്ല പ്രസ്തുത തുകയ്ക്ക് പലിശവായപ്പക്കാരൻ തന്നെ നൽകേണ്ട അവസ്ഥയുമാണ് ഇന്ന് നിലനിൽക്കുന്നത്. ഈ വ്യവസ്ഥക്ക് ഒരു സമഗ്രമായ മാറ്റമുണ്ടാകണം.

വിപണനസൗകര്യങ്ങളുടെ കാര്യത്തിലും ഇന്ന് വളരെ പരാധീനത അനുഭവപ്പെടുന്നുണ്ട്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്ന ഒരു സംവിധാനമുണ്ടാകണം ഗണ്യമായ വിലത്തകർച്ചയുണ്ടായേക്കാവുന്ന ഏതെങ്കിലും വസ്തുക്കൾ ഉണ്ടെങ്കിൽ അവകൾക്ക് താങ്ങുവില നിലനിർത്തുവാൻ വേണ്ട നടപടികൾ ഉണ്ടാകണം. വിപണി സൗകര്യത്തിന്നായ് പഞ്ചായത്തുതലത്തിൽ പുതുപ്പരിയാരം കേന്ദ്രമാക്കി ഒരു പബ്ലിക് മാർക്കറ്റും അരിക്കുഴ സർവ്വീസ് സഹകരനബാങ്കിനെ ഉൾപ്പെടുത്തി ഒരു സഹകരണചന്തയും ഉണ്ടാക്കണം ഈ വിപണനകേന്ദ്രങ്ങളുടെ നിർമ്മാണപ്രവർത്തനവും മറ്റും പഞ്ചായത്തുതലത്തിൽത്തന്നെ നടക്കണം. സഹകരണഅടിസ്ഥാനത്തിൽ സംഭരണസംസ്ക്കരണവിപണികേന്ദ്രങ്ങൾ ആവിഷ്ക്കരിക്കുവാൻ പഞ്ചായത്തുതലത്തിൽ പുതിയ സംരംഭങ്ങൾ ഉണ്ടാകണം ഈ സംരംഭങ്ങളുടെ മുഖ്യ സഹകാരി പഞ്ചായത്തായിരിക്കണം. ഈ പദ്ധതിയുടെ നടത്തിപ്പിന്നായി പ്രത്യേക ആസൂത്രണം നടക്കണം.

മേൽപ്പറഞ്ഞ കാര്യങ്ങളെ കൂടാതെ മറ്റ് ചില പുതിയ കാര്യങ്ങൾ കൂടി നമ്മുടെ കാർഷികരംഗത്ത് ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഒരു നൂതനകാർഷികവൃദ്ധി എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ തെരഞ്ഞെടുക്കാൻ കഴിയുന്ന കൃഷികളാണ് പുഷ്പകൃഷി(ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല) ഈ കൃഷിയെക്കൂടാതെ പച്ചമരുന്ന കൃഷി (ഹെർബൽ) കൂൺകൃഷി ഇവയും വളരെ ആദായകരമായി ഇവിടെ നടത്തുവാൻ കഴിയും.

പൂകൃഷിയുടെ പ്രോത്സാഹനത്തിന്നായി പഞ്ചായത്തിലെ 200 കുടുംബങ്ങൾക്ക് പ്രത്യേക പരിശീലനം നൽകണം. പരിശീലനത്തിന്നായി തെരഞ്ഞെടുക്കന്നതിൽ 60% പേരെങ്കിലും വനിതകൾ ആയിരിക്കണം. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനപരിപാട് സൗജന്യമായി ലഭ്യമാക്കണം. പൂകൃഷിക്കുള്ള വിത്തും ചെടികളും സംഭരിച്ച് നൽകുന്നതിനും പഞ്ചായത്തിന് പദ്ധതിയുണ്ടാകണം. പൂകൃഷിയിലെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് പഞ്ചായത്ത് മുൻകൈയ്യെടുത്ത് വിപണി കണ്ടെത്തണം. ആവശ്യമെങ്കിൽ കയറ്റുമതിരംഗത്തുകൂടി പഞ്ചായത്ത് പ്രവർത്തനം വ്യാപിപ്പിക്കണം. ബ്ലോക്ക്തലത്തിലും ഈ പദ്ധതി സംബന്ധിച്ച ആസൂത്രണം നടത്താവുന്നതാണ്. ഈ രംഗത്ത് കടന്നു

വരുന്ന കൃഷിക്കാർക്ക് വായ്പാസൗകര്യങ്ങലേർപ്പെടുത്തണം. പൂകൃഷി പോലെതന്നെ കർഷകരെ പ്രോത്സാഹിപ്പിക്കാവുന്ന മറ്റൊരു കൃഷിയാണ് ഹെർബൽ കൃഷി. ഈ കൃഷി നടത്തുവാൻ താൽപ്പര്യമുള്ളവർക്കും വേണ്ട പ്രോത്സാഹനം നൽകണം. ഈ രംഗത്തും പൂ കൃഷിയുടേതുപോലെതന്നെ 150 മുതൽ 200 വരെ കർഷകരെ തെരഞ്ഞെടുത്ത് പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

ഇവിടെ മറ്റൊരു കാര്യം ചെയ്യാൻ കഴിയുന്നത് കൂൺ കൃഷിയുടെ വ്യാപനമാണ്. ആഹാരത്തിന്നായും ഒപ്പം വിപണനത്തിന്നായും കൂൺകൃഷി പ്രയോജനപ്പെടും. വീടിന്റെ മുറിക്കുള്ളിൽ വളരെ ചെലവു കുറച്ചും വളപ്രയോഗം കൂടാതെയും ചെയ്യാൻ കഴിയുന്ന ഈ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിദഗ്ദരുടെ ഉപദേശങ്ങളും മറ്റും പഞ്ചായത്ത് തരപ്പെടുത്തുകയും വേണം. എല്ലാവീടുകളെയും ബന്ധപ്പെടുത്തി കൂൺകൃഷി വ്യാപനത്തിന്നായ് ഒരു പദ്ധതി തന്നെ രൂപപ്പെടണം. ഈ കൃഷിയുടെ സാങ്കേതിക പരിജ്ഞാനം വ്യാപിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും കൂൺ വിത്തുകള് വിതരണം ചെയ്യുകയും ചെയ്യുക.

കാർഷിക വിജ്ഞാന വ്യാപനം

കാർഷിക വിജ്ഞാന വ്യാപനത്തിന്നായി പഞ്ചായത്തിനെ നാല് മേഖലകളായി തിരിച്ച് വിജ്ഞാന വ്യാപന സങ്കേതങ്ങൾ ഉണ്ടാകണം. അരിക്കുഴ-കോലടി-പുതുപ്പരിയാരം-ചിറ്റൂർ എന്നീ സ്ഥലങ്ങളിൽ ഈ വിജ്ഞാന വ്യാപനകേന്ദ്രങ്ങൾക്ക് സൗകര്യമുണ്ടാക്കാൻ കഴിയും. ഈ കേന്ദ്രങ്ങളിൽ കർഷകർക്ക് സമ്മേളിക്കുന്നതിനും പുതിയ അറിവുകൾ പങ്കിടുന്നതിനും കാർഷികശാസ്ത്രസംബന്ധമായ പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിനുമുള്ള സൗകര്യമുണ്ടകണം. ഈ കേന്ദ്രത്തിൽ ഒരേ സമയത്ത് 75 മുതൽ 100 വരെ ആളുകൾക്ക് സമ്മേളിക്കുവാൻ സൗകര്യമുണ്ടായിരിക്കണം. പഞ്ചയത്തിന്റെ അധീനതയിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട പദ്ധതിയാണ് തയ്യാറാക്കേണ്ടത്. കർഷകർക്കായി സെമിനാറുകൾ ആണ്ടുവട്ടത്തിൽ മൂന്ന് തവണകളിലായി 4 കേന്ദ്രങ്ങളിലും നടത്തണം.

കാർഷിക വിജ്ഞാന വ്യാപനത്തിന്നായി സ്കൂളുകളിൽ പ്രത്യേക പരിപാടികൾ തയ്യാറാക്കണം. പച്ചക്കറി കൃഷിയുടെ പ്രോത്സാഹനം ഉണ്ടാകുവാൻ സ്കൂൾതലത്തിൽ വിദ്യാർത്ഥികളെക്കൊണ്ട് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കണം. സ്കൂൾകുട്ടികൾക്കായി പച്ചക്കറിക്കിറ്റുകൾ നൽകി പ്രോത്സാഹിപ്പിക്കണം. സ്കൂൾതലത്തിലുണ്ടാക്കുന്ന പച്ചക്കറിത്തോട്ടങ്ങൾക്കായി പഞ്ചായത്തും കൃഷിഭവനും ചേർന്ന് പ്രത്യേക ഡമോൺസ്ട്രേറ്ററുമാരെ വയ്ക്കുകയും അവർക്കുവേണ്ട ചെലവുകൾ പഞ്ചായത്ത് വഹിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയുണ്ടാകണം.

കാർഷിക മേളകൾ

ഇപ്പോൾ സഹകരണസംഘങ്ങൾ തനതായി നടത്തിവരുന്ന കാർഷിക മേളകൾക്ക് പകരം പഞ്ചയത്ത് തലത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സംഘങ്ങളെയും ഒന്നിപ്പിച്ചുകൊണ്ടുള്ള കാർഷിക മേളകളും വിളമത്സരവും നടത്തണം. പഞ്ചായത്തായിരിക്കണം ഈ മേളയുടെ മുന്നാൾ. കാർഷികമേളയുടെ മുന്നോടിയായി അവയുടെ അംഗങ്ങൾക്കിടയിൽ ഈ മേളയിലെ കൃഷിപ്രവർത്തന കാർഷികവസ്തുക്കൾ ഉണ്ടാക്കുന്നതിന് പ്രോത്സാഹനം നൽകുകയും ഇതിലേക്ക് തയ്യാറാകുന്ന കർഷകർക്ക് വളമായും, വിത്തായും, പണമായും ആനുകൂല്യങ്ങൾ നൽകുകയും ചെയ്യണം. മേള ലക്ഷ്യമാക്കിയുള്ള കാർഷികവസ്തുക്കളുടെ കൃഷി ഓരേ സമയത്തുതന്നെ പഞ്ചയത്തിൽ ആവിഷ്ക്കരിക്കാൻ സഹകരണ സംഘങ്ങളെ വിളിച്ച് ചേർത്ത് പഞ്ചായത്ത് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കണം. എല്ലാ രംഗത്തും കൃഷി ഭവന്റെ സേവനം ഉറപ്പു വരുത്തണം.

കാർഷിക മേളയോടൊത്ത് കർഷകരെ ആദരിക്കുന്ന പരിപാടികളും ഉണ്ടാകണം. ശ്രേഷ്ടകർഷകർക്കും അവാർഡും ബഹുമതി മുദ്രകളും നൽകണം.

കർഷകർക്കുള്ള പുതിയ പെൻഷൻ പദ്ധതികൾ പഞ്ചായത്ത് വഴി ആവിഷ്ക്കരിക്കണം. പഞ്ചായത്തിന് ഈ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നിയമപരമായ അധികാരങ്ങളുണ്ടാകണം ഇതിന്നായി പ്രത്യേകപഞ്ചായത്ത് നിയമാവലികൾ ഉണ്ടാകുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും പഞ്ചയത്തിനെ അനുവദിക്കണം.

പഞ്ചായത്തിൽ സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു കൃഷി ക്ലിനിക്ക് രൂപീകരിക്കണം. പഞ്ചായത്ത് കേന്ദ്രത്തിൽ ഇതിനുള്ള സൗകര്യമുണ്ടാകണം.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ജില്ലാ കൃഷിഫാമിന്റെ പ്രവർത്തനം ജനങ്ങൾക്ക് പ്രയോജനകരമാക്കിമാറ്റണം. ഈ കൃഷിഫാമിന്റെ ഇന്നത്തെ പ്രവർത്തനരീതി വരുത്തിവയ്ക്കുന്ന നഷ്ടം ഇല്ലാതാക്കി കൃഷിഫാമിനെ ഒരു മാതൃകാകൃഷിത്തോട്ടമാക്കാൻ സത്വരനടപടി സ്വീകരിക്കണം.

കാർഷികവസ്തുക്കളുമായി ബന്ധപ്പെട്ട വ്യവസായങ്ങളും സേവനരംഗങ്ങളും പഞ്ചായത്തിൽ പ്രവർത്തനക്ഷമമാക്കണം. ഈ ആവശ്യങ്ങളെ മുൻനിർത്തി സമഗ്രമായ പരിപാടി തയ്യാറാക്കി നമ്മുടെ കാർഷികരംഗത്തെ പുഷ്ടിപ്പെടുത്തുക.

പട്ടികജാതി - പട്ടികവർഗ്ഗ മേഖല

ഈ പഞ്ചായത്തിലെ മൊത്തംജനസംഖ്യയുടെ 6.8% ഓളം പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. 202 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമതിക്കുന്നു. കുന്നത്തുപാറയിൽ ഒരു അംബേദ്ക്കർ കോളനിയും അംഗീകൃത പട്ടികജാതി കോളനികളായ പുതുപ്പരിയാരം ഹരിജൻ കോളനി ആൽപ്പാറ ഹരിജൻ കോളനി എന്നിവ 3, 4 വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. പട്ടികജാതി കുടുംബങ്ങൾ അതിവസിക്കുന്ന വള്ളോംകല്ല്പാറ, കളപ്പുരയ്ക്കൽ എന്നീ കോളനികൾ അംഗീകൃതകോളനികളായി പ്രഖ്യാപിക്കുവാൻ പ്രപ്പോസലുകൾ നൽകിയിട്ടുള്ളതാണ്.

കോളനികളും താമസിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ചും ചുവടെ ചേർക്കുന്നു.

കോളനിയുടെ പേര്	വാർഡ്	ആകെ കുടുംബങ്ങൾ	പട്ടികജാതി	അംഗീകൃതകോളനി
കുന്നത്തുപാറ	1	49	32	അംബേദ്കർ കോളനി
പുതുപ്പരിയാരം	3	42	20	അംഗീകൃതം
ആൽപാറ	8	68	17	അംഗീകൃതം
ചിറ്റൂർലക്ഷംവീട്	1-8	40	5	അല്ല
അരിക്കുഴ	7	2	5	അല്ല
കളപ്പുര കോളനി	3	35	1	അല്ല(പ്രപ്പോസ്ഡ്)
ഇരുട്ട് തോട്	5	28	5	അല്ല
കോലടി	5	21	3	അല്ല
വള്ളോംകല്ല് പാറ	3	25	14	അല്ല (പ്രപ്പോസ്ഡ്)
ആകെ		**332**	**112**	

സാമൂഹ്യ വിദ്യാഭ്യാസരംഗത്ത് കുറയൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ വിഭാഗങ്ങൾക്ക് സാധിച്ചിട്ടുണ്ട് എങ്കിലും ഭൂരിഭാഗം കുടുംബങ്ങളും സാമ്പത്തികമായി ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. ഈ വിഭാഗങ്ങൾക്ക് മുൻകാലങ്ങളിൽ അനുഭവപ്പെട്ടിരുന്ന ഉച്ചനീചത്വങ്ങൾ പൂർണ്ണമായും അവസാനിച്ചിട്ടുണ്ട്. കേന്ദ്രസംസ്ക്കാര സർക്കാരുകൾ പട്ടികജാതി വിഭാഗങ്ങൾക്കായി ഒട്ടേറെ ക്ഷേമപദ്ധതികൾ ധനസഹായങ്ങൾ വിവിധ ഏജൻസികൾ വഴി നൽകിവരുന്നുണ്ടെങ്കിലും അവ പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. നല്ലൊരു സംസ്ക്കാരം കൈമുതലായുള്ള ഈ പഞ്ചായത്തിൽ പട്ടികജാതിവർഗ്ഗം ഉൾപ്പെടെ എല്ലാ ജാതിമതസ്ഥരും നല്ല ബന്ധം പുലർത്തിപ്പോരുന്നു. പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിവരുന്ന വിവിധ പദ്ധതികളും ആനുകൂല്യങ്ങളും സംബന്ധിച്ച് ആവശ്യത്തിനുള്ള ബോധവൽക്കരണം നടത്തായ്മയും ദുരുപയോഗങ്ങളും പലപ്പോഴും ലക്ഷ്യം കൈവരിക്കുന്നതിൽ തടസ്സം നിൽക്കുന്നു.

കോളനികൾ കൂടാതെ വിവിധ പ്രദേശങ്ങളിലായി അധിവസിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

തൊഴിൽ മേഖല

ഈ വിഭാഗങ്ങളിൽ ഭൂരിഭാഗം കുടുംബങ്ങളും കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളായിരുന്നു. എന്നാൽ കാർഷികരംഗത്തുവന്ന തളർച്ചയും യന്ത്രവൽക്കരണവും ഈ രംഗത്ത് പണിയെടുത്തിരുന്നവരുടെ തൊഴിലിനെ സാരമായി ബാധിക്കുകയും കൂലി വർദ്ധനവിനും തൊഴിലിനും വേണ്ടി മറ്റു മേഖലകൾ കണ്ടെത്തുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഈ വിഭാഗങ്ങൾക്ക് ജോലി സ്ഥിരതക്ക് പുതിയ മേഖലകൾ തുറക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ തൊഴിൽ രഹിതരായ പട്ടികജാതി വനിതകൾക്കായി 10 തയ്യൽ മെഷ്യനുകൾ എസ്. സി. പി. യിൽപെടുത്തി കഴിഞ്ഞ വർഷം വിതരണം നടത്തി.

വിദ്യാഭ്യാസം

ഈ വി ാഗങ്ങളിൽ നിരക്ഷരരുടെ എണ്ണം കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. പത്താം ക്ലാസിന് ശേഷമുള്ള തുടർ വിദ്യാഭ്യാസം വളരെ ചെറിയ ശതമാനമേയുള്ളൂ. 1996–97 സാമ്പത്തിക വർഷത്തിൽ ഈ പഞ്ചായത്തിലെ ഹൈസ്കൂൾ വിഭാഗത്തിൽ 139 വിദ്യാർത്ഥികളും യു. പി. വിഭാഗത്തിൽ 52 വിദ്യാർത്ഥികളും എൽ. പി. വിഭാഗത്തിൽ 54 വിദ്യാർത്ഥികളും വിദ്യാഭ്യാസം നടത്തിവരുന്നു. 1995–96 വർഷത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ 10 കുട്ടികളും യു. പി. വിഭാഗത്തിൽ 16ഉം എൽ. പി. വിഭാഗത്തിൽ 3ഉം വിദ്യാർത്ഥികൾ പഠനം നടത്തുകയുണ്ടായി. വിദ്യാഭ്യാസരംഗത്ത് ഈ അവസ്തക്ക് മാറ്റം വരുത്തുവാൻ നടപടിയുണ്ടാകണം..

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും പഞ്ചായത്ത്, ബ്ലോക്ക് പട്ടികജാതിവികസനവകുപ്പ് എന്നീ സ്ഥാപനങ്ങൾ വഴി ഭവനനിർമ്മാണരംഗത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഭൂരിഭാഗം കുടുംബങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ നൽകിവരുന്ന വനനിർമ്മാണഗ്രാന്റ്, കെട്ടിടനിർമ്മാണസാമഗ്രികൾക്കുണ്ടായ വിലവർദ്ധനക്കനുസൃതമല്ലാത്തതിനാൽ പല വീടുകളും പൂർത്തീകരണം സാദ്ധ്യമല്ലാതായിരിക്കുകയാണ്. കാലോചിതമായി ഇത് പരിഷ്ക്കരിച്ച് ഭവനനിർമ്മാണധനസഹായം 25000/– രൂപാ എങ്കിലും ആക്കി ഉയർത്തേണ്ടതാണ്. മുൻവർഷങ്ങളിൽ പണി തീർത്ത വീടുകളിൽ അറ്റകുറ്റപ്പണികൾ നടത്താൻ ധനസഹായം അനുവദിക്കണം. വർഷങ്ങൾക്ക് മുമ്പ് പട്ടികജാതി വികസനവകുപ്പിൽനിനിനും വായ്പ എടുത്ത് വീട് നിർമ്മിച്ചവർ തവണ അടയ്ക്കുവാൻ കഴിയാതെ വന്നതുമൂലമുള്ള ജപ്തിനടപടികൾ ഒഴിവാക്കി പ്രസ്തുത കടങ്ങൾ എഴുതിതള്ളേണ്ടതാണ്. സർക്കാർ തരിശുഭൂമികളിൽ വർഷങ്ങളായി കുടികിടപ്പുള്ളവർക്ക് സ്വന്തമായി പേരിൽഭൂമിയില്ലാത്തതുമൂലം ഭവനനിർമ്മാണസഹായം ലഭ്യമല്ല. ഇത്തരക്കാർക്ക് പട്ടയം നൽകുന്നതിനും കൈവശരേഖയുടെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണധനസഹായം നൽകുന്നതിനും നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തണം. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് പുനരധിവാസപദ്ധതി ആരംഭിക്കണം. പട്ടികജാതി കുടുംബങ്ങളിൽ പ്രാധമിക സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഏർപ്പെടുത്തുകയും ഭൂവികസനപദ്ധതികൾ നടപ്പാക്കുകയും വേണം.

നിർദ്ദേശങ്ങൾ

1. വർഷങ്ങളായി താമസിച്ച് വരുന്ന പട്ടികജാതികുടുംബങ്ങൾക്ക് പട്ടയം നൽകുക.

2. നിർദ്ദനകുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുക.

3. വള്ളോംകല്ലുപാറ, കളപ്പുരയ്ക്കൽ കോളനി, ആൽപ്പാറഹരിജൻ കോളനി, പുതുപ്പരിയാരം ഹരിജൻകോളനി, കാലടി ലക്ഷംവീട്, ഇരുട്ട്തോട് കോളനി, അരിക്കുഴ ലക്ഷംകോളനി എന്നിവടങ്ങളിലും പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന മറ്റു പ്രദേശങ്ങളിലും വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുക.

ആൽപ്പാറ ഹരിജൻകോളനിയിൽ 13 വീടുകളും പുതുപ്പരിയാരം ഹരിജൻകോളനിയിൽ 9ഉംകളപ്പുരയ്ക്കൽ കോളനിയിൽ 8ഉം, വള്ളോംകല്ല് കോളനിയിൽ 7ഉം, ഇരുട്ട്തോട് കോളനിയിൽ 3ഉം അരിക്കുഴകോളനിയിൽ 2ഉം വീടുകൾ വേലകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ

വിവിധപ്രദേശങ്ങളിലായി 12ഓളം പട്ടികജാതി കുടുംബങ്ങളും വയറിംഗ് വേലകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ വീടുകൾക്ക് എത്രയും വേഗം വൈദ്യുതി ലഭ്യമാക്കണം.

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ കോളനികളിൽ നിലവിൽ ടാപ്പുകൾ ഉണ്ടെങ്കിലും പലപ്പോഴും വെള്ളം ലഭിക്കാറില്ല. ഇത് പരിഹരിക്കുവാൻ 3ാം വാർഡിൽ പുലിക്കുന്ന് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പെരിയാമ്പ പമ്പ് ഹൗസിൽനിന്നും ഈ ടാങ്കിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള ലൈനുകളുമായി കണക്ട് ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. എസ്. സി. പിയിൽപെടുത്തി ഈ പദ്ധതിക്ക് അനുമതി ലഭിയ്ക്കുവാൻ പ്രപ്പോസൽ കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതാണ്.

പഞ്ചായത്തിലെ വിവിധ പട്ടികജാതി സങ്കേതങ്ങളിലേക്ക് നടപ്പാക്കേണ്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗതാഗതം

1. ആൽപ്പാറ ഹരിജൻ കോളനിയിലെ ഇൻസൈഡ് റോഡ് ടാർ ചെയ്യുക.

2. പുതുപ്പരിയാരം ഹരിജൻ കോളനിയിലെ 4 ഇൻസൈഡ് റോഡുകൾ സൈഡ് കെട്ടി ടാർ ചെയ്യുക.

3. വള്ളോംകല്ല് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

4. കളപ്പുരയ്ക്കൽ കോളനിയിലെ ഇൻസൈഡ് റോഡുകൾ കെട്ടി ടാർ ചെയ്യുക.

5. ചൊറികണംപാറ കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

6. മനയ്ക്കപ്പറമ്പ് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

7. കുന്നത്തുപാറ അംബേദ്കർ കോളനിയിലുള്ള നടപ്പാത പുനർനിർമ്മാണം ചെയ്യുക.

8. എലിക്കുളം ഭാഗത്തുനിന്നും പുതുപ്പരിയാരം ഹരിജൻ കോളനിയിലേക്കുള്ള റോഡിൽ എം. വി. ഐ. പി. കനാലിന് കുറുകെ പഴുക്കാനി ഭാഗത്ത് പാലം നിർമ്മിച്ച് ഈ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

പുതുപ്പരിയാരം, വള്ളോംകല്ലുപാറ, കളപ്പുരയ്ക്കൽ, അരിക്കുഴ ലക്ഷംവീട്, കോലടി എന്നീ കോളനികളിൽ സംസാകാരിക കേന്ദ്രങ്ങൾ നിർമ്മിച്ച് ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.

ആൽപ്പാറ ഹരിജൻ കോളനി, പുതുപ്പരിയാരം ഹരിജൻ കോളനി, കളപ്പുരയ്ക്കൽ കോളനി, ചിറ്റൂർ ലക്ഷം കോളനി, അരിക്കുഴ ലക്ഷംവീട് കോളനി, കുന്നത്തുപാറ അംബേദ്കർ കോളനി, വള്ളോംകല്ലുപറ കോളനി, ഇരുട്ട്തോട് ലക്ഷം കോളനി എന്നിവടങ്ങളിൽ സോഡിയം പെപ്പർ ലാമ്പുകൾ സ്ഥാപിക്കുക.


പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുവാൻ വ്യവസായ ഡിപ്പാർട്ടുമെന്റും ധനകാര്യ സ്ഥാപനങ്ങളുമായി ആലോചിച്ച് പദ്ധതികൾക്ക് രൂപം നൽകുക.

മുൻപ് നൽകിയിട്ടുള്ളവീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം ലഭിക്കുക.

പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശത്ത് അധിവസിക്കുന്ന കുടുംബങ്ങൾക്ക് മണ്ണൊലിപ്പ് തടയാൻ ഭൂവികസന പദ്ധതികൾ ആരംഭിക്കുക.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമ്പത്തിക സാങ്കോതികസഹായവും തൊഴിൽ സങ്കേതങ്ങളും നിർമ്മിച്ച് നൽകി വ്യവസായിക അടിസ്താനത്തിൽ പ്രോത്സാഹനം നൽകുക.

പട്ടികജാതിസഹകരണ സംഘം രൂപീകരിച്ച് തൊഴിൽ സംരം കർക്ക് പരിശീലനം നൽകി പുതിയ വ്യവസായങ്ങൽക്ക് രൂപം നൽകുക.



സംസ്കാരം

മഹത്തായ സംസ്കാരിക പാരമ്പര്യത്തിന് വേരോട്ടമുള്ള പഞ്ചായത്താണ് ഇത്. സംസ്കാരികരംഗത്ത് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. അവയെ സംബന്ധിച്ച വിശദ വിവരങ്ങൾ ടേബിളിൽ ചേർക്കുന്നു.

പഞ്ചായത്ത് ലൈബ്രറി സംസ്ഥാന സർക്കാരിന്റെ 11 ഇന പരിപാടിയിൽ 2.5 ലക്ഷം രൂപ മുടക്കിനിർമ്മിച്ച സംസ്കാരികനിലയിൽ പ്രവർത്തച്ചുവരുന്നു. ഈ ലൈബ്രറിയോടനുബന്ധിച്ച് ടെലിവിഷൻ സൗകര്യവും 100 പേർക്ക് ഇരിക്കാവുന്ന ഹാളും കസേരകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ലൈബ്രറിക്ക് വിവിധ തരത്തിലുള്ള 578 പുസ്തകങ്ങൾ ഉണ്ട്.

ലൈബ്രറിയുടെ പേര്	വാർഡ്	കെട്ടിടത്തെ സംബന്ധിച്ച വിവരം	മറ്റ് സൗകര്യങ്ങൾ
ജവഹർ മെമ്മോറിയൽ ലൈബ്രറി	I	സ്വന്തം	
റിക്രിയേഷൻ ക്ലബ് & ലൈബ്രറി പുതുപ്പരിയാരം	III	സ്വന്തം	റ്റി. വി. സൗകര്യം നിലവിൽ ഉണ്ട്
ജവഹർ മെമ്മോറിയൽ ലൈബ്രറി പെരിയാമ്പ്ര	III	സ്വന്തം	റ്റി. വി. സൗകര്യം നിലവിൽ ഉണ്ട് 25 സെന്റോളം സ്ഥലവും കളിക്കളവും സ്വന്തമായി ഉണ്ട്
സന്തോഷ് ക്ലബ് ഇരുട്ട്തോട്	IV	സ്വന്തം	റ്റി. വി. സൗകര്യം നിലവിൽ ഉണ്ട് മഹിളാ സമാജം പ്രവൃത്തിക്കുന്നു.
നിർമ്മലാ ക്ലബ് പാറക്കടവ്	VI	സ്വന്തം	സ്വന്തമായി 20 സെന്റോളം സ്ഥലവും റ്റി. വി. സൗകര്യവും നിലവിൽ ഉണ്ട്. പഞ്ചായത്ത് ഗ്രാന്റ് പ്രകാരം വാങ്ങിയത്.
കോലടി നഗർ ക്ലബ് കോലടി	V	സ്വന്തം	
ഉദയാ വൈ. എം. എ. അരിക്കുഴ	VII	സ്വന്തം	റ്റി. വി. സൗകര്യം നിലവിൽ ഉണ്ട്
പബ്ലിക് ലൈബ്രറി വഴിത്തല	V	സ്വന്തം	പഞ്ചായത്ത് ജെ. ആർ. വൈ. പദ്ധതിയിൽ കെട്ടിടം നിർമ്മിച്ചു നൽകി
പഞ്ചായത്ത് ലൈബ്രറി ചിറ്റൂർ	I	സ്വന്തം	അൺടൈഡ് പദ്ധതിയിൽ നിർമ്മിച്ച കെട്ടിടത്തിൽ ലൈബ്രറി ആരംഭിച്ചു റ്റി. വി. സൗകര്യവും നൂറ് പേർക്ക് ഇരിക്കാവുന്ന ഹാളും കസേരകളും നിലവിൽ ഉണ്ട്.

പുതുതായി ആരംഭിച്ച ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ലൈബ്രറികൾ കൂടാതെ കലാസംസ്കാരികരംഗത്ത് പ്രവർത്തനം നടത്തുന്നതിന് നിരവധി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തെങ്കിലും നാമമാത്രമായവയാണ് ഇപ്പോൾ പ്രവർത്തനരംഗത്തുള്ളത്. അവയിൽ പ്രധാനപ്പെട്ടവയാണ് പ്രിയദർശിനി സോഷ്യൽ & കൾച്ചറൽ സൊസൈറ്റി പുതുപ്പരിയാരം, യുവകലാസമിതി ചിറ്റൂർ, ഷെഹൻഷ ക്ലബ്ബ് ചിറ്റൂർ, നവചൈതന്യമാംതളിരുംപാറ, ആനന്ദ് മഹിളാസമാജം, പെരിയാമ്പ്രവികസനസമിതി ചിറ്റൂർ എന്നിവ. ഗ്രാമീണ വാസികളുടെ സംസ്കാരികവളർച്ച ലക്ഷ്യമാക്കി പഞ്ചായത്ത അൺടൈഡ് പദ്ധതിയിൽപെടുത്തി ആൽപ്പാറ ഹരിജൻ കോളനി, കുന്നത്തുപാറ അംബേദ്കർ കോളനി പുതുപ്പരിയാരം ഹരിജൻ കോളനി എന്നിവടങ്ങളിൽ നിർമ്മിച്ച സാംസ്കാരികകേന്ദ്രങ്ങളിൽ പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്നും ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൽ നടന്നിട്ടുള്ള സാക്ഷരതാപ്രവർത്തനങ്ങൾ, ഓണം, കേരളോത്സവം തുടങ്ങിയ മേളകൾ ഇവയ്ക്കെല്ലാം മേൽപ്പറഞ്ഞ സംഘടനകളുടെ സംാവനകൾ വിലപ്പെട്ടതാണ്. പഞ്ചായത്തിൽ ഒന്നാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ചിറ്റൂർ വികസനസമിതിയുടെ പ്രവർത്തകരുടെ സജീവമായ പങ്കാളിത്തം വികസനരംഗത്ത് കാര്യമായ പങ്ക് വഹിച്ചിട്ടുള്ളത് സ്മരണീയമാണ്. വാർഷികാഘോഷങ്ങളേടനുബന്ധിച്ച് കലാകായിക മത്സരങ്ങൾ മത്സരബുദ്ധിയോടെ സംഘടിപ്പിച്ച് യുവതീയുവാക്കളുടെയും കുട്ടികളുടെയും സാംസ്കാരിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്നതിൽ യുവകലാസമിതിയും ഷെഹൻഷായും പ്രിയദർശിനി ക്ലബ്ബുംനടത്തിവരുന്ന പ്രവർത്തനങ്ങൾ ഈ രംഗത്ത് മുതൽകൂട്ടാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഹിന്ദു-ക്രിസ്തയൻ മതവിശ്വാസികൾ ഏതാണ്ട് തുല്യമായും മുസ്ലീം വിഭാഗം വളരെ കുറവുമാണ് ഉള്ളത്. പ്രബല രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സി. പി. ഐ. (എം) സി. പി. ഐ., കേരളാകോൺഗ്രസ് (ജെ), കേരളാകോൺഗ്രസ് (എം), ബി. ജെ. പി, ജെ. എസ്. എസ്. കേരളാകോൺഗ്രസ് (ജേക്കബ്) എന്നവയും, കൂടാതെ എൻ. എസ്. എസ്. തുടങ്ങിയ സമുദായിക വിഭാഗങ്ങളും ഉൾപ്പെടുന്നു. വ്യത്യസ്ഥ കാഴ്ചപ്പാടുകൾ ഉള്ളവയാണ് ഇവയെങ്കിലും മതപരമോ രാഷ്ട്രീയമായോ ഉള്ള സംഘട്ടനങ്ങളിൽ നിന്നും ഈ പഞ്ചായത്ത് മോചിതമാണ് എന്നുള്ളത് അഭിമാനകരമാണ്.

കായികരംഗം

കായികരംഗത്ത് പ്രഗത്ഭ വ്യക്തികൾക്കു ജന്മം നൽകിയ പഞ്ചായത്താണ് ഇത്. ഇന്ത്യയുടെ അഭിമായിമാറിയ ഷൈനി വിൽസൻ ഈ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ വഴിത്തലയിലുള്ള കുരിശിങ്കൽ കുടുംബാംഗമാണ്. നിരവധി തവണ ജിംനാസ്റ്റിക് വിഭാഗത്തിൽ ജില്ലാ-സ്റ്റേറ്റ് അന്തർദേശിയ തലങ്ങളിൽ അംഗീകാരം നേടിയെടുത്ത ശ്രീ. പി. സി. ശശീന്ദ്രൻ ഈ പഞ്ചായത്തു ഭരണസമിതിഅംഗമാണെന്നുള്ളത് അഭിമാനമാണ്. 1988 മുതൽ 1995 വരെ തുടർച്ചയായി മിസ്റ്റർ കേരളത്തിലും മദ്രാസിലും, സെക്കന്ദ്രബാദിലുംവച്ച് 1993, 1994 വർഷങ്ങളിൽ നടത്തിയ മത്സരങ്ങളിൽ മിസ്റ്റർ സൗത്ത് ഇൻഡ്യായായും 1987-88 വർഷങ്ങളിൽ മൈസൂരിൽവച്ച് നടന്ന ഓൾ ഇൻഡ്യാ യൂണിവേഴ്സിറ്റിയിലും ഡാർജിലിംഗിൽ വച്ച് 1994 ൽ നടന്ന മത്സരത്തിൽ മിസ്റ്റർ ഇൻഡ്യയായും തെരഞ്ഞെടുക്കപ്പെടുവാൻ ശ്രീ ശശീന്ദ്രന് കഴിഞ്ഞത് എളിമയുടെയും കഠിനാധ്വാനത്തിന്റെയും ഫലമായാണ്.

പഞ്ചായത്തിലെ മറ്റ് ഗ്രാമീണ വിനോദങ്ങൾ, വോളീബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ചെസ്, ക്യാരംസ്, ഷട്ടിൽ ബാറ്റ്മെന്റൻ തുടങ്ങിയവയാണ്. പുത്തൻ കായിക പ്രതിഭകളെ വാർത്തെടുക്കുവാൻ നമ്മുടെ വിദ്യാലയങ്ങലിൽ നിലവിലുള്ള സൗകര്യം അപര്യാപ്തമാണ്. കേരളോത്സവം, ഓണം ഫെസ്റ്റ് തുടങ്ങിയ സർക്കാർ മേളകൾ അനവസരത്തിലും നടത്തിപ്പിന് ആവശ്യത്തിനുള്ള സമയം ലഭിക്കാത്തതുകൊണ്ടും പലപ്പോഴും വേണ്ടത്ര പ്രയോജനം ലഭിക്കാറില്ല. മാതൃമല്ല ഇത്തരം മത്സരങ്ങളിലെ വിജയികൾക്ക് നൽകിവരുന്ന സർട്ടിഫിക്കറ്റുകൾക്ക് വേണ്ടത്ര അംഗീകാരം ലഭിക്കാതെ പോകുന്നത് ഈ രംഗത്തേക്ക് യുവതീ യുവാക്കളുടെ പങ്കാളിത്തം കുറയുന്നതിന് കാരണമാകുന്നു. കലാരംഗത്ത് കഴിവുള്ളവരെ കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും നൽകിയാൽ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും.

സംസ്കാരികരംഗം നേരിടുന്ന പ്രശ്നങ്ങൾ

നമ്മുടെ ലൈബ്രറിയോടനുബന്ധിച്ചും മറ്റു മേഖലകളിലും റ്റി. വി. മുതലായ ദൃശ്യമാദ്ധ്യമങ്ങളുടെ രംഗപ്രവേശനവും മൂല്യം നിറഞ്ഞ സംസ്കാരിക ഗ്രന്ഥങ്ങളുടെ അഭാവവും ഗ്രാമീണജനതയിൽ വായനാശീലം കുറയ്ക്കുവാൻ ഇടയാക്കിയതായി കാണാം. സാംസ്കാരികരംഗത്ത് പ്രവർത്തിയ്ക്കുന്ന സന്നദ്ധ സംഘടനകളോ ലൈബ്രറികളോ ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്നില്ല. സാക്ഷരതാ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽനിന്നിരുന്ന ഈ പഞ്ചായത്ത് രണ്ടാം ഘട്ടത്തോടെ നിർജീവാവസ്ഥയിലായി. അർപ്പണബോധവും സാമൂഹിക ലക്ഷ്യവും ഇല്ലാത്തവരെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ഡെപ്യൂട്ടേഷൻ വഴി സാക്ഷരതാസമിതിയും വിവിധതലങ്ങളിൽ അവരോധിച്ചത് മൂലം മൂന്നാം ഘട്ടത്തിലുണ്ടായിരുന്ന ആവേശം തുടർന്നുള്ള പ്രവർത്തനങ്ങളിൽ ഇല്ലാതെപോയി.

പ്രാചീനമായ പല കലാരൂപങ്ങളും ഈ പഞ്ചായത്തിൽ അന്യം നിന്നുപോയിരിക്കുകയാണ്.

കലാസാഹിത്യ അഭിരുചിക്കുള്ളനിർദ്ദനകുടുംബങ്ങളിലെ കലാകാരന്മാർക്ക് ആവശ്യമായ പ്രോത്സാഹനവും മറ്റു സഹായങ്ങളും നൽകുക. ലോവർപ്രൈമറി വിദ്യാല

യങ്ങളിൽ പര്യേതര ഗ്രന്ഥശേഖരങ്ങൾ ഇല്ലാത്തത് ഈ രംഗത്ത് പോരായ്മയാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

വായനാശീലം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രചരമപരിപാടികൾ സംഘടിപ്പക്കുക.

കലാസാംസ്കാരിക സംഘടനകൾ ഈ രംഗത്ത് അ ിരുചിയുള്ളവരെ കണ്ടെത്തി ഒന്നുചെരുന്നതിനും മത്സ രങ്ങൾ സംഘടിപ്പിക്കുന്നതിനും നേതൃത്വം നൽകുക.

സാക്ഷരതാപ്രവർത്തനം സജ്ജീവമാക്കുകയും ജന വിദ്യാകേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ആരം ിക്കുകയും ചെയ്യുക.

കളപ്പുരയ്ക്കൽ കോളനി, അരിക്കുഴ ലക്ഷംവീട്, ചിറ്റൂർ ലക്ഷംവീട്, കോലടി ലക്ഷംവീട്, ഇരുട്ട്തോട് ലക്ഷം വീട്, വള്ളോംകല്ല്പാറ കോളനി, തഴുവക്കല്ലുപാറ മുണ്ടൻമല എന്നീ പ്രദേശങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങളിൽ സെറ്റുകൾ സ്ഥാപിച്ച് ടെലി വിഷൻ സെറ്റുകൾ സ്ഥാപിക്കുക.

വ്യവസായം

കൃഷി കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു രംഗമാണ് വ്യവസായം. കാർഷികരംഗത്ത് വിവിധ ഇനം കൃഷികളു വ്യത്യസ്ത കൃഷിരീതികളു പണ്ടുമുതലേ നമ്മുടെ പഞ്ചായത്തിൽ പ്രചരിച്ചിരുന്നു. വ്യവസായരംഗത്തെ സബന്ധിച്ചിടത്തോള ഈ രംഗത്ത് കാര്യമായ ഒരു പ്രവർത്തമവു മുൻകാല മുതലേ ഇവിടെ ഇല്ലായിരുന്നു. അടുത്ത കാലത്ത് ചില നൂതന സരംഭങ്ങൾ ആരഭിച്ചു വെങ്കിലു എവ എല്ലാ തന്നെ ഇന്ന് അടച്ചുപൂട്ടിക്കഴിഞ്ഞിരിക്കു കയാണ്. തൊഴിൽ തർക്കങ്ങളോ മറ്റോ പോലുള്ള ഏതെങ്കിലു പ്രശ്നങ്ങളോ അല്ല ഈ രഗത്തെ തളർത്തിയതു ഇല്ലാതാക്കിയതു.

മണക്കാടു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മുൻകാലത്ത് ഉണ്ടായിരുന്ന ഒരേ ഒരു വ്യവസായം നെയ്ത്തായിരുന്നു. ഈ നെയ്ത്ത് വ്യവസായ അടിസ്ഥാനത്തിൽ ആയിരുന്നില്ല നടന്നിരുന്നത്. ചില പ്രത്യേക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർ അസംസ്കൃതവസ്തുക്കളായ ഈറ്റ, മുള, ചൂരൽ, അമ തുടങ്ങിയ അസംസ്കൃതവസ്തു ഉപയോഗിച്ച് ചെയ്തു വന്ന തൊഴിലായിരുന്നു നെയ്ത്ത്. ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇത് തുടർന്നു വന്നിരുന്നുവെങ്കിലും ഇപ്പോൾ ആ തൊഴിൽ പാടെ ഇല്ലാതായിരിക്കുകയാണ്. അസംസ്കൃത വസ്തുക്കളായ ഈറ്റ, മുള, ചൂരൽ ഇവയുടെ ലഭ്യത ഇല്ലാ താവുകയും ചെയ്തു.

1980 കളോടെ ഈ പഞ്ചായത്തിൽ ചില പുതിയ വ്യവസായ സംരഭങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്നു വന്ന 10 വർഷക്കാലത്തിനിടയിൽ 15 ൽ പരം പുതിയ വ്യവസായയൂണിറ്റുകളു ഒരു വൻകിടവ്യവസായ സ്ഥാപനവും ഈ പഞ്ചാത്ത് പ്രദേശത്ത് രൂപം കൊണ്ടു. എന്നാൽ 1996 ആയ പ്പോൾ പ്രവർത്തനക്ഷമമായ 70 യൂണിറ്റുകൾ മാത്രമാണ് കാണപ്പെടുന്നത്.

ഇടുക്കി ജില്ല പിന്നോക്കജില്ലയെന്ന പരിഗണനയുടെ അടിസ്ഥാനത്തിൽ വ്യവസായ സരഭകർക്ക് 25% സബ്സീഡി ആനുകൂല്യങ്ങൾ ലഭിക്കുന്ന സർക്കാർ സഹായങ്ങളാണ് ഈ പ്രദേശത്ത് വ്യവസായങ്ങൾ തുടങ്ങുവാൻ പ്രേരകമായത്. തദ്ദേശിയരല്ലാത്ത ആളുകൾ ഈ പ്രദേശത്തേക്ക് സബ്സിഡി ആനുകൂല്യങ്ങളുടെ പേരിൽ കടന്നുവന്നാണ് വ്യവസായ സംരംഭങ്ങൾ തുടങ്ങിയത്. എന്നാൽ സബ്സിഡി തുക കൈക്കലായതോടെ സംരഭകരായവർ മുങ്ങുന്ന കാഴ്ചയാണ് ഇവിടെ കണ്ടത്. ഇടുക്കി ജില്ലയിലെ ആദ്യത്തെ ഘനവ്യവസായ യൂണിറ്റായ ചാൻസിലർ പേപ്പർ കമ്പനിയുടെ തിരോധാനത്തിന് ഏറ്റവു വലിയ തെളിവാണ്. 4 കോടി രൂപയുടെ ഈ വലിയ പ്രോജക്ടിന് 1 കോടി രൂപാ സബ്സിഡിയായി സംരംഭകന്റെ കയ്യിൽ കിട്ടുകയു മറ്റു പല തരത്തിലുള്ള പണ സംരംഭകൻ കൈക്കലാക്കുകയു ചെയ്തത് ഏവർക്കു അറിവുള്ളതാണ്. യഥാർത്തത്തിൽ 1% പോലും മൂലധനനിക്ഷേപ സംരംഭകന് ഇല്ലാതെ പണ കിട്ടുവാൻ പര്യപ്തമായ വഴികളാണ് ഈ വ്യവസായ തട്ടിപ്പിൽ ഉണ്ടായത്. 200 ഓളവരുന്ന ആളുകൾക്ക് പ്രത്യയമായും പരോക്ഷമായും തൊഴിൽ കണ്ടെത്താൻ കഴിഞ്ഞ ആ വലിയ സ്ഥാപനം ഇന്ന് ജീർണ്ണാവസ്ഥയിൽ ഒരു ശവപറമ്പുപോലെ സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിൽ തന്നെ ചിറ്റൂരിലും പുതുപ്പരിയിരത്തുമായി സ്ഥാപിതമായ

ടെക്ടോൺ, ഫൈബർ സ്ലിംഗ്, സിലിക്കേറ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ കഥയും ഇതോക്കെ തന്നെയാണ്. ഇപ്പോൾ നാമമാത്രമായി പ്രവർത്തിക്കുന്ന ഭദ്രാ കെമിക്കൽസ്, ഷാഫോൺ എന്നീ കമ്പനികൾ ഇവിടെ നിലനിൽക്കുന്നുണ്ട്. എൽ. ജി. ത്രെഡ് എന്ന സ്ഥാപനവു പ്രവർ ത്തിച്ചു വരുന്നു. അരിക്കുഴയിലെ ഖാദി യൂണിറ്റു പറയത്തക്ക വ്യവസായങ്ങൾ ഒന്നു ഇല്ലാതെ പ്രവർത്തിക്കുന്നു.

സാമാന്യ മെച്ചപ്പെട്ട നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരേ ഒരു വ്യവസായ ചിറ്റൂരിൽ പ്രവർത്തിക്കുന്ന കൊച്ചിൻ പോളി പായ്ക്ക് മാത്രമാണ്. മണക്കാട് പ്രദേശത്തു പ്രവർത്തിക്കുന്ന അംബദ് ഗ്രാമവുമായി ബന്ധപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള രണ്ടു സ്ഥാപനങ്ങളുടെ പ്രവർത്തനവും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നില്ല.

ഈ വ്യവസായങ്ങളെ കൂടാതെ പെരിയാമ്പ്രയിൽ പ്രവർത്തിക്കുന്ന രണ്ടു ചപ്പൽ യൂണിറ്റുകളും മണക്കാട്ടു പ്രവർത്തിക്കുന്ന ഒരു വെൽഡിഗ് യൂണിറ്റും ഏറ്റിക്കുറവുകളില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഇവയെ കൂടാതെ വഴിത്തലയിൽ ഒരു സോമില്ലു പെരിയാമ്പ്രയിൽ സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു പലഹാര നിർമ്മാണ കമ്പനിയുമുണ്ട്. ഇപ്പോൾ പ്രവർത്തന നടക്കുന്ന ഈ വ്യവസായ യൂണിറ്റുകളിൽ എല്ലാ കൂടി കണക്കെടുത്താൽ 50 പേർക്കുപോലു തൊഴിൽ നല്കാൻ കഴിയുന്നില്ലാത്ത സ്ഥിതിയാണ് ഉള്ളത്. 3തീപ്പെട്ടി നിർമ്മാണ കമ്പനികളു 5മെറ്റൽ ക്രഷർയൂണിറ്റുകളു പ്രവർത്തനക്ഷമമാണ്.

ഈപഞ്ചായത്തിലെ പ്രവർത്തന നിലച്ചതും ഇപ്പോൾപരവർത്തനം നന്നായി നടന്നുവരുന്നതും നാമമാത്രപ്രവർത്തനങ്ങൾ നടക്കുന്നതുമായ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

i, പ്രവർത്തനനല്ലരീതിയിൽനടന്നുവരുന്നത്
കൊച്ചിൻപോളിപായ്ക്ക് ചിറ്റൂർ,
സോമിൽവഴിത്തല, തീപ്പെട്ടികമ്പനികൾ.

ii പ്രവർത്തനതൃപ്തികരമായവ

2പെരിയാമ്പ്രചപ്പൽയൂണിറ്റ്
3പലഹാരയൂണിറ്റ്പുതു
പ്പരിയാരപെരിയാമ്പ്ര
4ഫർണിച്ചർനിർമ്മാണ
യൂണിറ്റ്ചിറ്റൂർ
5വെൽഡിഗ്യൂണിറ്റ്
മണക്കാട്

6എൽജിത്രെഡ്സ്
മണക്കാട്.

3.നാമമാത്രപ്രവർത്തനടക്കുന്നവ

1, ഭദ്രാകെമിക്കൽസ്ചിറ്റൂർ
2, ഷാപോൺചിറ്റൂർ.
3, അബേദ്കർഗ്രാമവ്യവസാ
യയൂണിറ്റുകൾ.
4, ഖാദിവ്യവസായയൂണിറ്റ്
അരിക്കുഴ.

4 പ്രവർത്തനനിലച്ചവ

1, ഫൈബർസ്പ്രിഗ്-ചിറ്റൂർ.
2, ടെക്ടോൺ-ചിറ്റൂർ.
3, ചാൻസിലർപേപ്പർ
അരിക്കുഴ.
4, സിലിക്കേറ്റ്കമ്പനി-മണക്കാട്.

മണക്കാട് പഞ്ചായത്തുപ്രദേശം ഈജില്ലയിലെ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് വളരെയേറെ വ്യവസായവികസന സാദ്ധ്യതയുള്ള പ്രദേശമാണ്. വ്യവസായത്തിനാവശ്യമായ ഭൂമിയുടെ ലഭ്യത ,ജല ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ,വൈദ്യുതി കണക്ഷനുള്ള സൗകര്യങ്ങൾ ,ഗതാഗതസൗക ര്യങ്ങൾ ഇവ ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. ഈ പഞ്ചായത്തിന്റെ വടക്ക് അതിർത്തിവഴി ജലസമൃദ്ധമായ

തൊടുപുഴയാറ് ഒഴുകിപ്പോകുന്നത് വ്യവസായ സൗകര്യത്തെ കൂടുതൽ മെച്ചപ്പെടു ത്തുന്നു. ഗണ്യമായ വില നൽകാതെ ഭൂമി ലഭ്യമാക്കാൻ കഴിയുന്നു എന്നുള്ളതൊക്കെ ഇവിടു ത്തെ സവിശേഷതകളാണ്.

വ്യവസായ സാധ്യതകൾ മണക്കാട് ഗ്രാമ പഞ്ചായത്തിൽ

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ വ്യവസായപരമായ മുന്നേറ്റത്തിന് ഒട്ടുവളരെ ഭൗതിക സാധ്യതകൾ ഉണ്ടെന്ന് നാ കണ്ടുകഴിഞ്ഞു. മനുഷ്യാദ്ധ്വാനത്തിന്റ രഗങ്ങളു ഈ പഞ്ചായത്തിൽ കുറവില്ല. സാങ്കേതിക പരിജ്ഞാന ലഭിച്ചവരുടെ എണ്ണ താരതമ്യേന കുറവാണ്. ചില സ്ഥാപന ങ്ങളിൽ നിന്ന് ലഭിച്ച സാങ്കേതിക അറിവു മാത്ര മാണ് ഇപ്പോൾ ഉള്ളത്. നാളെകളിൽ ഈ പഞ്ചായ ത്തിൽ നിന്ന് ലഭ്യമാകുന്ന അസസ്കൃത വസ്തുക്കളെ (കാർഷികമേഖലയിൽ നിന്ന് ലഭിക്കുന്നവ) ഉപയോഗിച്ചുള്ള വ്യവസായ സരഭങ്ങൾക്ക് മുൻതൂക്കമുള്ള പദ്ധതികൾ ആവിഷ്കരിക്കണ.ഇപ്പോൾ ഈ പഞ്ചായത്തിൽ നിന്നു ഖനിജ എന്ന വണ്ണ ലഭ്യമാകുന്ന പാറകൾ പൊട്ടിച്ച് മെറ്റൽ നിർമ്മിക്കുന്ന യൂണിറ്റുകൾ അഞ്ചെണ്ണ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളേക്കാൾ മെച്ചപ്പെട്ടതരത്തിൽ കാർഷിക രഗത്ത് ചില വൻകിട യൂണിറ്റുകൾക്ക് നമുക്കുള്ള സാധ്യത പരിഗണിക്കേണ്ടതായിരിക്കുന്നു.

നിർദ്ദേശങ്ങൾ

Iഒരു വൻകിട വ്യവസായ സരഭ (കെൽട്രോൺ മാതൃക) ബ്ലോക്കുതലത്തുലുണ്ടാകുകയു ആ വലിയ സരഭത്തിനാവശ്യമായ ഉപ ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾ പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുന്നതിനു പദ്ധതി ആസൂത്രണ നടക്കണ. വിപണി സബന്ധമായ പ്രശ്നങ്ങൾ ഇത്തര ഒരു സരഭത്തിലൂടെ നമുക്കു പരിഹരിക്കുവാൻ കഴിയു.

II. പഴം, പച്ചക്കറി ഇവയുടെ സസ്കരണത്തിനു വിപണനത്തിനുമായി പുതിയ സംരംഭകരെ സഹായിക്കുകയും അവരുടെ ഉൽപന്നങ്ങൾ ബ്ലോക്കുതലത്തിൽ വിപണന നടത്തുന്നതി നാവശ്യമായ സങ്കേത ങ്ങൾ ഉണ്ടാക്കു കയും
ചെയ്യുക.

III. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തി നാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കു കയും ഈ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായവരെ വായ്പകളും ഗ്രാൻറു നൽകി പ്രോൽസാഹി പ്പിക്ക കയും ചെയ്യുക.

. IV. ധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, മത്സ്യ, മാസ ഇവ ഉപയോഗിച്ച് റെഡിമെയ്ഡ് ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്നതിന് പരിശീലനലു ംഅത്തര പരിശീലന ലഭ്യമായവർക്ക് ഒറ്റക്കും കൂട്ടായും പ്രവർത്തിക്കു ന്നതിന് സൗകര്യങ്ങളും; സാമ്പത്തിക സഹായവും ആനുകൂല്യങ്ങളും ലഭ്യമാക്കുക.

V. ഭവന നിർമ്മാണത്തിനു മറ്റും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ വസ്തുക്കളുടെ നിർമ്മാണയൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുകയും അവർക്കാവശ്യമായ സാങ്കേതിക സഹായങ്ങളും സാമ്പത്തിക സഹായങ്ങളും എത്തിച്ചുകൊടുക്കുക.

VI. തേനീച്ച വളർത്തുന്ന (ചെറുതേൻ) തിൽ തൽപരരായവർക്ക് പ്രത്യേക പരിശീലനവും അവർക്ക് മറ്റു സഹായ പദ്ധതികളും ആവിഷ്കരിക്കുക.

VII. സഹകരണ അടിസ്ഥാനത്തിൽ വരെയു പുതിയ വ്യവസായ സംരംഭകരെയു ഉൾ പ്പെടു ത്തി പഠന പര്യടന പരിപാടികൾ നടത്തുക. പഞ്ചായത്തിലുള്ള വിദഗ്ദ്ധ തൊഴിലാളി കളെ യും ആർട്ടിസാൻസിനെയും ഒന്നിപ്പിച്ച് ബോഡിബിൽഡിഗ്, വർക്ക്ഷോപ്പ് പോലുള്ള സേവന വ്യവസായ സംരംഭങ്ങൾ ഏർപ്പെടു

ത്തുക.

VIII. അസംസ്കൃത വസ്തുവായ റബ്ബർ ഉപയോഗിച്ച് മേൽത്തര ബുഷ്കളു മറ്റു ഉണ്ടാക്കുവാൻ കഴിയുന്ന ഒരു വലിയ വ്യവസായ യൂണിറ്റ് പഞ്ചായത്ത് ഉൾപ്പെട്ട് ഷെയർ വ്യവസ്ഥയിൽ സ്ഥാപിക്കുക. പ്രസ്തുത യൂണിറ്റിൽ ഗവൺമെൻറ് പങ്കാളിത്തമുണ്ടാകണം.

IX. പഞ്ചായത്തുതലത്തിൽ ഒരു റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക. ഈ സഹകരണ യൂണിറ്റിൽ അംഗങ്ങളാകുന്നവർക്ക് തങ്ങളുടെ സ്വന്തസ്ഥലത്തിരുന്ന് ജോലി ചെയ്യുന്നതിനു ഉൽപന്നങ്ങൾ സംഘത്തിൽ കേന്ദ്രീകരിക്കുന്നതിനു സൗകര്യങ്ങൾ ഏർപ്പെടുത്തുക.

X. ജല, വൈദ്യുതി, ഗതാഗത എന്നീ സൗകര്യങ്ങളോടെ വ്യവസായ കേന്ദ്രങ്ങളും വ്യവസായ കോംപ്ലക്സുകളും നിർമ്മിക്കുക.

XI. വ്യവസായ തൽപരരായവർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കുക. പ്രത്യേക കോഴ്സുകൾ ആവശ്യമുള്ളവർക്ക് സാമ്പത്തിക സഹായമുൾപ്പെടെ അർഹരായ വർക്ക് നൽകുക.

XII. വ്യവസായ സെമിനാറുകളു ഫെസ്റ്റിവൽ അവസരങ്ങളിൽ വ്യവസായ പ്രദർശന വിപണന മേളകളു സഹകരണസ്ഥാപനങ്ങളെ ബന്ധിപ്പിച്ച് നടത്തുക. ഏറ്റവു നല്ല വ്യവസായ പ്രവർത്തകരെ കണ്ടെത്തി അവർക്ക് പ്രോൽസാഹനവു അവാർഡു നൽകി ആദരിക്കുക.

XIII. വ്യവസായങ്ങളിൽ ഏർപ്പെട്ടിരി ക്കുന്ന **വരെയും പുതിയ വ്യവസായ സംരംഭകരേയും ഉൾപ്പെടുത്തി പഠനപര്യടന പരിപാടികൾ നടത്തുക.**

XIV. വ്യവസായ വിജ്ഞാന വ്യാപനത്തിനായി പ്രത്യേക പ്രസസിദ്ധീകരണങ്ങളു പഠനസൗ കര്യവു പഞ്ചായത്തിൽ സ്ഥിരമായി ഉണ്ടാക്കുക.

XV. വ്യവസായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പ്രത്യേക ഒരു സെൽ രൂപീകരിക്കുക.

XVI. ഇപ്പോൾ പൂട്ടിക്കിടക്കുന്ന ചാൻസിലർ പേപ്പർ ഫാക്ടറി തുറന്നുപ്രവർത്തിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. പൂട്ടിക്കിടക്കുന്ന മറ്റു വ്യവസായ യൂണിറ്റുകളെയു പുനർജീവിപ്പിക്കുക.



വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ വിവിധ തലങ്ങളിലായി 9 വിദ്യാലയങ്ങൾ പ്രവൃത്തിച്ചുവരുന്നു. ഹൈസ്കൂൾ, L.P.U.P വിഭാഗങ്ങളിലായി പ്രവൃത്തനം നടത്തുന്ന സ്കൂളുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലവർഷം 1103 ൽ ആരംഭിച്ച മണക്കാട് സ്കൂൾ ആരംഭകാലത്ത് 1,2 ക്ലാസ്സുകളും പിന്നീട് 3,4,5 വിഭാഗങ്ങളും തുടങ്ങി. N.S.S. ലോക്കൽ കരയോഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്കൂളിന്റെ L.P. വിഭാഗം, പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരണം നടത്തുവാൻ സർക്കാർ തീരുമാനിച്ചതിനെ ഭാഗമായി സർക്കാർ ഏറ്റെടുക്കുകയുണ്ടായി. ഈ സ്കൂളിന് സ്വന്തമായി 1 ഏക്കർ 23 സെന്റ് സ്ഥലവും ഗ്രൗണ്ടിനായി ഉപയോഗിച്ച് വരുന്ന ഒരു ഏക്കർ സ്ഥലം കുത്തകപാട്ടപ്രകാരവും കൈവശമുണ്ട്. എൽ. പി. വിഭാഗം പ്രവൃത്തിക്കുന്ന സ്കൂളും സ്ഥലവും ഇപ്പോൾ മുനിസിപ്പാലിറ്റിയിൽ പോവുകയും ചെയ്തു. പഞ്ചായത്തിലെ ഒട്ടുമിക്ക സ്കൂളുകളും പൊതുവേ നല്ല നിലവാരം പുലർത്തിവരുന്നു. സ്കൂളിലെ വിദ്യാർത്ഥി വിദ്യാരത്ഥിനികളെ സംബന്ധിച്ചുള്ള പട്ടിക അടുത്ത പേജിൽ ചേർക്കുന്നു.

സ്കൂളിന്റെ പേര്	വാർഡ്	പ്രവൃത്തിക്കുന്ന വിഭാഗം	അദ്ധ്യാപകർ			
			പുരുഷൻ	സ്ത്രീ	ആകെ	
N.S.S.H.S. മണക്കാട്	2	ഹൈസ്കൂൾ	4	18	22	15
St. സെബാസ്റ്റയൻസ് വഴിത്തല	5	ഹൈസ്കൂൾ			34	24
A.S.S.U.P.S ഹൈസ്കൂൾ അരിക്കുഴ	6	U.P സ്കൂൾ	2	5	7	5
St. Marys U.P.S നെടിയശാല	6	U.P സ്കൂൾ			16	14
ഗവ. L.P.S ചിറ്റൂർ	8	L.P സ്കൂൾ	3	2	5	5
L.F.L.P.S ചിറ്റൂർ	8	L.P സ്കൂൾ	–	4	4	4
St.തോമസ് കോലടി	6	L.P സ്കൂൾ	1	3	4	4
St.ജോൺസ് പെരിയാമ്പ്ര	8	L.P സ്കൂൾ	1	3	4	4
Govt. L.P.S അരിക്കുഴ	6	L.P സ്കൂൾ	1	3	4	4
പ്രീ പ്രൈമറി അരിക്കുഴ	6	നഴ്സറി	1	1	1	1
പ്രീ പ്രൈമറി മണക്കാട്	2	നഴ്സറി		1	1	1

സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ		
		ആൺ	പെൺ	ആകെ
N.S.S.H.S മണക്കാട്	എയിഡഡ്	276	237	513
St.Sebastian's H.S വഴിത്തല	എയിഡഡ്	479	485	964
A.S.S.U.P.S അരിക്കുഴ	എയിഡഡ്	100	73	173
St. Mary's U.P.S നെടിയശാല	എയിഡഡ്	123	110	233
Govt. L.P.S ചിറ്റൂർ	സർക്കാർ	63	56	119
L.F.L.P.S ചിറ്റൂർ	എയിഡഡ്	61	41	102
St. തോമസ് കോലടി	എയിഡഡ്	49	52	101
St. Johns L.P.S പെരിയാമ്പ	എയിഡഡ്	54	39	93
Govt. L.P.S അരിക്കുഴ	സർക്കാർ	59	46	105
ആകെ		**1264**	**1139**	**2403**

പാരലൽ കോളജുകൾ ഈ പഞ്ചായത്തിൽ പ്രവൃത്തനം ഇല്ല. എല്ലാ സ്കൂളുകൾക്കും സ്വന്തം കെട്ടിടം ഉണ്ട്. ഈ സ്കൂളുകളിൽ മാതൃസംഗമത്തിന്റെയും പി. റ്റി. എയുടെയും പ്രവൃത്തനം സജ്ജീവമാണ്. ഇവയിൽ നെടിയശാല യു. പി. എസ്. സ്കൂളിലെയും അരിക്കുഴ എൽ. പി. & യു. പി. സ്കൂളിലെയും പി. റ്റി. എ കമ്മിറ്റികളുടെ പ്രവൃത്തനം പ്രത്യകം സ്മരണായവും മാതൃകാപരവുമാണ്. ജില്ലാ സംസ്ഥാലതലങ്ങളിൽ നടന്ന നീൻതൽ മത്സരങ്ങളിൽ വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ 3 കുട്ടികൾക്കും ചോക്ക് നിർമ്മാണത്തിന് ജില്ലാ സംസ്ഥാനതലങ്ങളിൽ ഒരു കുട്ടിക്കും അവാർഡ് ലഭിക്കുകയുണ്ടായി.

ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി (ഡി. പി. ഇ. പി.) പഞ്ചായത്തിന്റം നേതൃത്വത്തിൽ എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർ, പി. റ്റി. എ പ്രസിഡന്റുമാർ, സ്റ്റാഫ് സെക്രട്ടറിമാർ രാഷ്ട്രീയസാമൂഹ്യരംഗത്തെ പ്രവൃത്തകർ എന്നിവരെ വിളിച്ചുകൂട്ടി വിദ്യാഭ്യാസരംഗം നേരിടുന്ന പ്രശ്നങ്ങൾ, കാരമണങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ കണടെത്തുവാൻ സാംസ്കാരിക നിലയത്തിൽ വച്ച് കൂടിയ ഏകദിന സെമിനാറിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയാൽ ഈ രംഗത്തെ പോരായ്മകൾ പരിഹരിക്കുവാൻ കഴിയും.

നിർദ്ദേശങ്ങൾ

1. സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2. ചിറ്റൂർ എൽ. പി. സ്കൂളിന്റെ ചിറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്ന സ്കോളർഷിപ്പുകളും ഗ്രാന്റുകളും സംബന്ധിച്ച വിവരങ്ങൾ

സ്കൂളിന്റെ പേര്	മെരിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ളീം കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്
മണക്കാട് N.S.S.H.S	2	87	7	5
വഴിത്തല S.S.H.S	-	198	2	28
അരിക്കുഴ A.S.S.U.P.S	-	19	-	-
നെടിയശാല U.P.S	-	12	-	8
അരിക്കുഴ L.P.S	-	5	-	-
ചിറ്റൂർ L.P.S	-	21	-	-
ചിറ്റൂർ L.F.L.P.S	-	17	-	-
കോലടി തോമസ് L.P.S	-	19	-	-
പെരിയാമ്പ L.P.S	-	13	-	-

3. സ്കൂൾ കുട്ടികൾക്ക് അപകട സാദ്ധ്യതയുള്ള അരിക്കുഴ സ്കൂൾഗ്രൗണ്ടിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുകയോ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയോ ചെയ്യുക.

4. അരിക്കുഴ പ്രീ പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കളികോപ്പുകളും വിനോദസൗകര്യങ്ങളും ഏർപ്പെടുത്തുക.

5. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുവാൻ പൊതുസമ്മതമായ ഒരു പരിപാടി തയ്യാറാക്കുക.

6. മാതൃസംഗമം, പി. റ്റി. എ., അദ്ധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, പഞ്ചായത്ത് എന്നിവ കൂട്ടായി ആലോചിച്ച് വാർഷിക പ്രവൃത്തനപരിപാടി തയാറാക്കി നടപ്പാക്കുവാൻ സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക.

7. എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ (കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര) ഇവ ഏർപ്പെടുത്തുക.

8. അദ്ധ്യാപക വിദ്ധ്യാർത്ഥി അനുപാതം കുറയ്ക്കുക.

9. സ്കൂൾ സഹകരണ സംഘങ്ങൾ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് നോട്ടുബുക്കുകൾ വിതരണം ചെയ്യുക.

10. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും നിർദ്ദരരായ കുട്ടികൾക്ക് പുസ്തകങ്ങളും നോട്ടുബുക്കുകളും യൂണിഫോം, കുട ഇവ സൗജന്യമായും വിതരണം നടത്തുക.

11. എല്ലാ സ്കൂളുകളിലും സ്കൂൾ ലൈബ്രറികൾ ആരംഭിക്കുകയും വായനാശീലം വളർത്തിയെടുക്കുവാൻ വായനയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് സ്കൂൾതലത്തിൽത്തന്നെ പ്രത്യേക പഠനഗ്രൂപ്പുകൾ രൂപീകരിക്കുക.

12. വിദ്യാർത്ഥികളിൽ ദേശീയബോധം വളർത്തിയെടുക്കുവാൻ ഇൻഡ്യയുടെ ചരിത്രപരവും സാമൂഹികവുമായ അവബോധം വളർത്തുന്നതിന് പ്രത്യേകം പദ്ധതികൾക്ക് രൂപം നൽകുക. (ദ്രശ്യ ശ്രവ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ)

12. സ്കൂൾതലത്തിൽ കാർഷിക ക്ലബ്ബുകളും മാതൃകാ പച്ചക്കറിത്തോട്ടങ്ങളുടെയും ഡമോൺസ്ട്രേഷൻ വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടപ്പാക്കുക.

13. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളെയും പങ്കെടുപ്പിച്ച് പ്രവൃത്തി പരിയയമേളകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

14. അരിക്കുഴ സ്കൂളിന്റെ ചുറ്റുമതിൽ പണി പൂർത്തിയാക്കുക.

15. പഞ്ചായത്തുതലത്തിൽ കായിസ് മത്സരങ്ങൾ സംഘടിപ്പിക്കുക.

16. ഒഴിവ് കാലങ്ങളിൽ സാങ്കേതികരംഗത്ത് തല്പരരായവരെ കണ്ടെത്തി പരിശീലനം കൊടക്കുന്നതിന് പഞ്ചായത്ത്തലത്തിൽ സെന്റർ ആരംഭിക്കുക.

17. സ്കൂൾ സാഹിത്യ സമാജങ്ങളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുക.

18 പെരിയാമ്പ്ര സ്കൂളിന് കളിസ്ഥലം നിർമ്മിക്കുകയും സ്കൂളിൽ കുടിവെള്ളം സാനിട്ടേഷൻ, മൂത്രപ്പുര എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

19 ചിറ്റൂർ എൽ. എഫ്. എൽ. പി. സ്കൂളിലെ ഗ്രൗണ്ടിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

20. ചിറ്റൂർ ഗവ. എൽ,. പി. സ്കൂളിന്റെ ഓഡിറ്റോറിയം പുനർനിർമ്മാണം നടത്തുക.

21. നെടിയശാല യു. പി. സ്കൂളിൽ കുടിവെള്ളം എത്തിക്കുക.

22. കോലടി എൽ. പി. സ്കൂളിൽ കുടിവെള്ളം എത്തിക്കുക.

ആകെ കുട്ടികൾ	L.P. വിഭാഗം			U.P. വിഭാഗം			H.S. വിഭാഗം		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
2403	286	234	45	223	183	45.2	755	722	48.9

പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P			H.S		
ആകെ	SC	%	ആകെ	SC	%	ആകെ	SC	%

ഗതാഗതം

നാടിന്റെ വികസനത്തിൽ നെടും തൂണുകളാണ് റോഡുകൾ. പഞ്ചായത്തിലെ പ്രധാന റോഡുകളാണ്. തൊടുപുഴ - രാമമംഗലം, മണക്കാട്-പുതുപ്പരിയാരം, പുതുപ്പരിയാരം-പൂതക്കാവ്, വഴിത്തല-പെരിയാനപ്ര, വഴിത്തല-പാറക്കടവ്, ചിറ്റൂർപർവ്വ്-പുതുപ്പരിയാരം, വഴിത്തല-കോലടി, ചിറ്റൂർ-പുതുപ്പരിയാരം തുടങ്ങിയവ.

വിവിധ വാർഡുകളിലൂടെ കടന്നുപോകുന്ന 87.815 കിലോമീറ്റർ റോഡുകളുണ്ട് ഈ പഞ്ചായത്തിൽ. ഇവയിൽ പഞ്ചായത്ത് വിവിധ സ്കീമുകളിൽ പണി നടത്തിവരുന്ന 52.815 കിലോമീറ്റർ റോഡുകളും പി. ഡബ്ലിയു. ഡി യുടെ കീഴിൽ 23 കി. മീ. റോഡുകളും പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ലാത്ത 12 കി. മീ റോഡുകളും ഉണ്ട്. പഞ്ചായത്തിലെ ടാർ റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റോഡിന്റെ പേര്	ഉടമസ്ഥത	ബസ്/മറ്റ് സൗകര്യങ്ങൾ
1. തൊടുപുഴ-രാമമംഗലം റോഡ്	P.W.D	ഉണ്ട്. തൃപ്തികരമല്ല്
2. മണക്കാട്-പുതുപ്പരിയാരം-നെടിയശാല	P.W.D	ഇല്ല
3. മണക്കാട്-നെടിയശാല	P.W.D	ഇല്ല
4. വഴിത്തല-പാറക്കടവ്	P.W.D	ഇല്ല
5. പുതുപ്പരിയാരം-പൂനക്കാവ്	പഞ്ചായത്ത്	P.W.Dഏറ്റെടുക്കുവാൻ നടപടിയായി ബസ് സൗകര്യം ഇല്ല
6. ചിറ്റൂർ-പുതുപ്പരിയാരം	പഞ്ചായത്ത്	ഇല്ല
7.വഴിത്തല-പെരിയാമ്പ്ര	പഞ്ചായത്ത്	ഇല്ല
8. വഴിത്തല-കോലടി	പഞ്ചായത്ത്	ഇല്ല
9. വാഴപ്പിള്ളി-പെരിയാമ്പ്ര	പഞ്ചായത്ത്	ഇല്ല
10. കരികുളം-പെരിയാമ്പ്ര	പഞ്ചായത്ത്	ഇല്ല
11. ചിറ്റൂർ-മഠത്തിൻകടവ്	പഞ്ചായത്ത്	ഇല്ല 11-400 മീറ്ററോളം ടാർ ചെയ്യേണ്ടതുണ്ട്
12. മണക്കാട്-കാപ്പ് റോഡ്	പഞ്ചായത്ത്	ഇല്ല 250 മീറ്റർ ടാർ ചെയ്യേണ്ടതുണ്ട്
13. നെടിയശാല-പൊറ്റംബ്രപാറ	പഞ്ചായത്ത്	ഇല്ല

വർഷങ്ങൾ പഴക്കമുള്ളതും പഞ്ചായത്ത് ആസ്ഥാനത്തുകൂടി കടന്നുപോകുന്ന തൊടുപുഴ-രാമമംഗലം റോഡ് വളവുകൾ നിവർത്തി വീതികൂട്ടി പുനരുദ്ധാരണം നടത്തുവാൻ സ്ഥലത്തിന്റെ അക്വിസിഷനും മറ്റുമായി 135 ലക്ഷം രൂപ കഴിഞ്ഞ വർഷം (1995) അനുമതി ലഭിക്കുകയും സ്ഥലമെടുപ്പ് സംബന്ധിച്ച പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി 2,3,4,5 എന്നീ വാർഡുകളെ ബന്ധിപ്പിച്ച്കൊണ്ട് കടന്നുപോകുന്ന 5 കി. മീ. ദൈർഘ്യം വരുന്ന പുതുപ്പരിയാരം പൂതക്കാവ് റോഡ് 1995ൽ P.W.D ഏറ്റെടുക്കുന്നതിന് നടപടിയാവുകയും ടേക്ക് ഓവർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഈ റൊഡുകളിൽ കരികുളം ഭാഗത്തായി നിലവിലുള്ള എം. വി. ഐ. പി. പാലം വലിയ വാഹനങ്ങൾ യഥേഷ്ടം പോകുവാൻ പറ്റാത്തവിധമാണ് നിർമ്മിച്ചിട്ടുള്ളത്. വാഹനഗതാഗതയോഗ്യമായ 41 കി. മീ. റോഡുകളാണ് പഞ്ചായത്തിലുള്ളത്. എന്നാൽ യാത്രാ സൗകര്യം ഏറ്റവും കുറവുള്ള ഈ പഞ്ചായത്തിലെ ബസ് സർവ്വീസ് ഉള്ള ഏക റൂട്ട് തൊടുപുവ-രാമമംഗലം റോഡാണ്. പുതുപ്പരിയാരം-പെരിയാമ്പ്ര-കോലടി-പൂതക്കാവ് തുടങ്ങിയ പ്രദേശങ്ങളിലെ 1000ത്തോളം കുടുംബങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഹരിക്കേണ്ടിയിരിക്കുന്നു. വർഷങ്ങൾക്ക് മുൻപ് ഈ റൂട്ടിൽ ചില സ്വകാര്യബസുകൾ സർവ്വീസ് നടത്തിയിരുന്നുവെങ്കിലും റോഡുകളുടെ ശോചനീയാവസ്ഥ മൂലം അവ നിലച്ചുപോവുകയാണുണ്ടായത്. സംസ്ഥാന നഗരപരിയുമായി ബന്ധപ്പെടുത്തി സർവ്വീസ് നടത്തിയിരുന്ന തൊടുപുഴ-തിരുവനന്തപുരം, തൊടുപുഴ-എറണാകുളം, തൊടുപുഴ-മുവാറ്റുപുഴ, തൊടുപുഴ-വഴിത്തല(പുതുപ്പരിയാരം വഴി) എന്നീ കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിർത്തലാക്കിയത് പൊതുവേ യാത്രാ സൈകര്യം കുറവുള്ള ഈ പഞ്ചായത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭൂരിഭാഗം റോഡുകളും അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ശോച്യാവസ്ഥയിലാണ്. ആവശ്യത്തിന് ഫണ്ട് ലഭിക്കാത്തത് എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങ് തടിയായി നിൽക്കുന്നു. എറണാകുളം ജില്ലയുമായി ബന്ധപ്പെട്ട് രണ്ട് വള്ളക്കടത്തുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ദിവസേന നൂറ് കണക്കിന് വിദ്യാർത്ഥികളും മറ്റ് യാത്രക്കാരും തൊടുപുഴ എറണാകുളം തുടങ്ങിയ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നത് മുഖ്യമായും മഠത്തിൻകടവിലൂടെയാണ്. ഡി. ആർ. ഡി. എയിൽ നിന്നും 95 ൽ നടപ്പാലം (കമ്പിപ്പാലം) നിർമ്മിക്കുവാൻ 4 ലക്ഷം രൂപ അനുവദിക്കുകയും പ്രാരംഭപ്പണികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഗ്രാമസഭകളിൽനിന്നും ഉയർന്ന നിർദ്ദേശനങ്ങൾ മുൻഗണനാക്രത്തിൽ.

ടാർ റോഡുകൾ റീടാർ ചെയ്യേണ്ടവ

ക്രമനമ്പർ	റോഡിന്റെ പേരും വാർഡും	റീടാർ ചെയ്യേണ്ട ദൂരം	വീതി
1.	വാഴപ്പിള്ളി-പെരിയാമ്പ്ര 4	1 കി. മീ.	3 മീറ്റർ
2.	പുതുപ്പരിയാരം-ചിറ്റൂർ 3,4	1 കി. മീ.	3 മീറ്റർ
3.	വഴിത്തല-കോലടി 5	1.5 കി. മീ	3 മീറ്റർ
4.	കരികുളം-പെരിയാമ്പ്ര 3	500 മീറ്റർ	3 മീറ്റർ
5.	മണക്കാട്-കാപ്പ് 1	1 കി. മീ	3 മീറ്റർ
6.	വഴിത്തല-പെരിയാമ്പ്ര 4,5	1 കി. മീ	3 മീറ്റർ
7.	നെടിയശാല-പൊറ്റംമ്പ്ര 4	200 മീറ്റർ	3 മീറ്റർ
8.	അരിക്കുഴ-പല്ലൂർ 7	500 മീറ്റർ	3 മീറ്റർ

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട മൺ റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേരും വാർഡും	ടാർ ചെയ്യേണ്ട ദൂരം	വീതി
1.	പുതുപ്പരിയാരം-ഉന്നക്കാട്ടുമല 3	1.5 കി. മീ	3 മീറ്റർ
2.	പെരിയാമ്പ്ര-അരിക്കുഴ 4	2 കി. മീ	3 മീറ്റർ
3.	ആൽപ്പാറ-ഞെടിഞ്ഞിപ്പാറ 8	1.75 കി.മീ	3 മീറ്റർ
4.	അരിക്കുഴ-കല്ലംപ്പിള്ളി 7	1.5 കി. മീ	3 മീറ്റർ
5.	മാറിക-എരുമേലിക്കര 6	1.750 കിമീ.	3 മീറ്റർ
6.	കുന്നത്തുപാറ-പുതുപ്പരിയാരം 1	2 കി. മീ	3 മീറ്റർ
7.	കോലടി-വെള്ളകിഴങ്ങ് 5	2 കി. മീ	3 മീറ്റർ
8.	പുതുപ്പരിയാരം-മൈലാടുംപാറ 2	850 മീറ്റർ	3 മീറ്റർ
9.	കൈപ്പിള്ളി-പുതുപ്പരിയാരം 3	1.500 മീറ്റർ	3 മീറ്റർ
10.	പെരിയാമ്പ്ര-കൈപ്പിള്ളി 3	1 കി. മീ.	3 മീറ്റർ
11.	ഇരുവിപാറ-മുണ്ടൻമല-വാഴപ്പിള്ളി 4	2.500 കി.മീ	3 മീറ്റർ
12.	പെരിയാമ്പ്ര-ചിറ്റൂർപർവ്വ് 3,4,8	1.500 കി. മീ.	3 മീറ്റർ
13.	വാഴപ്പിള്ളി-വട്ടപ്പാറ 4	1 കി. മീ.	3 മീറ്റർ
14.	അരിക്കുഴ-മേതലപാറ 7	1 കി. മീ.	3 മീറ്റർ
15.	ചിറ്റൂർ-കൊല്ലശ്ശേരിക്കടവ് 1, 8	1.500 കി. മീ.	3 മീറ്റർ
16.	കുന്നത്തുപാറ-പോട്ടൂർ 1	750 മീറ്റർ	3 മീറ്റർ
17.	എലിക്കുളം-കൈപ്പിള്ളി 3,4	1.750 കി. മീ.	3 മീറ്റർ
18.	അരിക്കുഴ-ആറ്റിനാക്കടവ് 8	1.500 കി. മീ.	3 മീറ്റർ
19.	ഇരിട്ട്തോട്-വട്ടപ്പാറ 4	1.500 കി. മീ.	3 മീറ്റർ
20.	കടുക്കാമറ്റം-മൈലാടുംപാറ 2	1.500 കി. മീ.	3 മീറ്റർ
21.	മണ്ണന്നാംചേരി-പെരിയാമ്പ്ര 4,7	1.500 കി. മീ.	3 മീറ്റർ
22.	വരിക്കത്താനം-വള്ളിമഠം 7	1 കി. മീ	3 മീറ്റർ
23.	കുന്നത്തുപാറ-ചൊറികണ്ണം 1	500 മീ.	3 മീറ്റർ
24.	കോലടി-പൊതനംപാറകോട് 4	1 കി. മീ.	3 മീറ്റർ
25.	പുത്തൻകണ്ടം-തട്ടാമല 6	1 കി. മീ.	3 മീറ്റർ
26.	ചങ്ങനാമറ്റം-മാംകുന്ന് റോഡ് 3	1.250 കി. മീ.	3 മീറ്റർ
27.	കോലടി-പൊതനംപാറ കോട് 6	1.500 കി. മീ.	3 മീറ്റർ
28	പുത്തൻകണ്ടം-തട്ടാമല 6	1 കി. മീ.	3 മീറ്റർ
29.	ചങ്ങനാമറ്റം മാംകുന്ന് റോഡ് 3	1.250 കി മീ.	3 മീറ്റർ
30	പുലിക്കുന്ന് കൈപ്പിള്ളി 3	550 മീ.	3 മീറ്റർ
31.	അരിക്കുഴ-കോലടി 6	1.750 കി. മീ.	3 മീറ്റർ
32.	മണക്കാട്-പാവൂർ 2	500 മീ.	3 മീറ്റർ
33.	അരിക്കുഴ-മുഴിയ്ക്കൽകടവ് 7	300 മീ.	3 മീറ്റർ
34.	ചള്ളുമണ്ണ്-ആൽപ്പാറ 8,3	1250 മീ.	3 മീറ്റർ
35.	മണക്കാട് ചർച്ച്- ചിറകാട്ടുപാറ 2	700 മീ.	3 മീറ്റർ
36.	മൂലശ്ശേരി-വരിക്കാനിത്തടം 5	1 കി. മീ.	3 മീറ്റർ
37.	പുതുപ്പരിയാരം-വള്ളോംകല്ല്	3 കി. മീ.	3 മീറ്റർ
38.	പുലിമന-തുറക്കുംപുഴ 2	250 മീ.	3 മീറ്റർ
39.	പച്ചൂർ-പച്ചുത്തണ്ട് 7,8	1.5 കി. മീ.	3 മീറ്റർ
40.	പെരിയാമ്പ്ര-മുടക്കുള്ളിൽ 4	750 മീ.	3 മീറ്റർ
41.	മാറിക-എരുമേലിക്കര 6	1 കി. മീ.	3 മീറ്റർ
42.	ചിറ്റൂർ-പോട്ടൂർ 1	1 കി. മീ.	3 മീറ്റർ
43.	അരിക്കുഴ-പാറക്കടവ് 6, 7	1.750 മീ.	3 മീറ്റർ
44.	വാച്ചാപ്പിള്ളിപ്പാടം റോഡ് 8	750 മീ.	3 മീറ്റർ

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേരും വാർഡും	ടാർ ചെയ്യേണ്ട ദൂരം	വീതി
1.	പുതുപ്പരിയാരം-ചിറ്റൂർപർവ്വ് 3,4	1350 മീറ്റർ	3 മീറ്റർ
2.	അരിക്കുഴ ചാൻസലർ പേപ്പർ മിൽ റോഡ് 5	500 മീറ്റർ	3 മീറ്റർ
3.	വഴിത്തല-ഹെൽത്ത്സെന്റർ റോഡ് 5	100 മീറ്റർ	3 മീറ്റർ

പുതുതായി നിർമ്മിച്ചവയും പഞ്ചായത്ത് ഏറ്റെടുക്കാത്തതുമായ റോഡുകൾ സൈഡ് കെട്ടി കലുങ്ക് നിർമ്മിയ്ക്കേണ്ടവ

ക്രമനമ്പർ	റോഡിന്റെ പേരും വാർഡും	ചെയ്യേണ്ട ജോലി
1.	മാങ്കുന്ന്-ചങ്ങനാമറ്റം 3	സൈഡ് കെട്ടി സംരക്ഷിക്കുക
2.	തൊട്ടിയിൽ കൾവർട്ട്-വാണിയംപാറ 8, 4	സൈഡ് കെട്ടി രണ്ട് കലിങ്കുകൾ തീർത്ത് സംരക്ഷണവേല നടത്തുക
3.	എടശ്ശേരിത്താഴം-നടത്തിൻപറമ്പ് 6	സൈഡ് കെട്ടി രണ്ട് കലിങ്കുകൾ നിർമ്മിക്കുക
4.	പള്ളിപ്പുറം-താമല 5	സൈഡ് കെട്ടി നാല് കലിങ്കുകൾ സ്ഥാപക്കുക
5.	പുതുപ്പരിയാരം-കൈപ്പിള്ളി 3	ചങ്ങനാമറ്റം ഭാഗത്ത് കലിങ്ക് നിർമ്മിച്ച് സൈഡ് കെട്ടി സംരക്ഷിക്കുക.
6.	എലിക്കുളം-കൈപ്പിള്ളി 6	തയ്യിൽഭാഗത്ത് കലുങ്ക് നിർമ്മാണം
7.	വഴിത്തല-സബ്സെന്റർ-കുരിശിങ്കൽ ജംഗ്ഷൻ 5	സൈഡ് കെട്ടി ഒരി കലുങ്ക് നിർമ്മിക്കുക
8.	കമ്പനിപ്പടി-പാറക്കടവ് 6	സൈഡ് കെട്ടി രണ്ട് കലുങ്കുകൾ നിർമ്മിക്കുക
9.	പള്ളിത്താഴം-ചാത്തോളി 6	സൈഡ് കെട്ടി പാലം നിർമ്മിക്കുക
10.	ഉദയ ജംഗ്ഷൻ-കൊതകുത്തുംകടവ് 7	സൈഡ് കെട്ടി 3 കലുങ്ക് നിർമ്മിക്കുക
11.	ചാത്തംകോട്ട് താഴം-ആച്ചക്കോട്ട് താഴം	സൈഡ് കെട്ടി നടപ്പാത നിർമ്മിക്കുക.

നടപ്പാത നിർമ്മാണം

1.	പുള്ളോർമഠം പാതയിലേക്ക് നടപ്പാത നിർമ്മാണം	വാർഡ്-3
2.	കുന്നത്തുപാറകോളനിയിലെ നടപ്പാത പുനരുദ്ധാരണം	വാർഡ്-1
3.	പൊങ്ങൻപാറയിലേക്ക് നടപ്പാത നിർമ്മാണം	വാർഡ്-5
4.	ആൽപ്പാറ കോളനിയിൽ നടപ്പാത നിർമ്മാണം	വാർഡ്-8
5.	പുതുപ്പരിയാരം കോളനിയിൽ നടപ്പാത നിർമ്മാണം	വാർഡ്-3
6.	കളപ്പുരയ്ക്കൽ കോളനിയിൽ നടപ്പാത നിർമ്മാണം	വാർഡ്-3
7.	ഒടുവേലിപ്പാറ ഭാഗത്തേയ്ക്ക് നടപ്പാത നിർമ്മാണം	വാർഡ്-8
8	അരിക്കുഴ ലക്ഷംവീട് കോളനിയിൽ നടപ്പാത നിർമ്മാണം	വാർഡ്-7
9.	കോലടി ലക്ഷം വീട് കോളനിയിൽ നടപ്പാത നിർമ്മാണം	വാർഡ്-5
10.	മുണ്ടൻമല ടാങ്കിൽനിന്നും ഇരുട്ട്തോട് ഭാഗത്തേയ്ക്ക് നടപ്പാത നിർമ്മാണം	വാർഡ്-4
11.	ഇരുട്ട് തോട്ടിൽ നിന്നും കാഞ്ഞിരംകുഴിഭാഗത്തേയ്ക്ക് നടപ്പാത നിർമ്മാണം	വാർഡ്-4
12	പുതുപ്പരിയാരം-ചിറ്റൂർ റോഡിൽ തന്നിട്ടാംമാക്കൽത്താഴം കലിങ്ക് നിർമ്മിച്ച് സൈഡ് കെട്ടുക.	വാർഡ്-3,2
13.	ചിറ്റൂർ കൊല്ലശ്ശേരി റോഡിൽ 3 കലിങ്ക് നിർമ്മിക്കുക (ഞെടിഞ്ഞിപ്പാറ വരെ)	വാർഡ്-8,1

കുളിക്കടവ് നിർമ്മാണം

1.	മൂഴിക്കൽക്കടവിൽ കുളിക്കടവ് നിർമ്മാണം	വാർഡ്-7,6
2.	ആറ്റിനാൽ കടവിൽ സൈഡ് കെട്ടി കടവ് നിർമ്മാണം	വാർഡ്-7
3.	മഠത്തിൻകടവ് പുനരുദ്ധാരണം	വാർഡ്-1
4.	കാക്കടവ് പുനരുദ്ധാരണം	വാർഡ്-1
5.	മനയ്ക്കൽ കടവ് പുനരുദ്ധാരണം	വാർഡ്-1
6.	മേതലപാറ-കടവ്നിർമ്മാണം	വാർഡ്-8
7.	ഞെടിഞ്ഞിപ്പാറക്കടവിന്റെ പുനരുദ്ധാരണം	വാർഡ്-8

യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാൻ അടിയന്തിരമായി നടപ്പാക്കേണ്ടവ

1. തൊടുപുഴ നിന്നും , മണ്ക്കാട്, പുതുപ്പരിയാരം, പെരിയാമ്പ, കോലടി, പൂതക്കാവ് വഴി കൂത്താട്ടുകുള ത്തിനോ മുവാറ്റുപുഴക്കോ ബസ് സർവ്വീസ് ആരംഭിക്കുക.

2. പുതുപ്പരിയാരം-പുതുക്കാവ് റോഡിൽ കരികുളം ഭാഗത്തായി എം. വി. ഐ. പി. നിർമ്മിച്ച പാലം വീതി കൂട്ടി ഗതാഗതം വർദ്ധിപ്പിക്കുക.

3. തൊടുപുഴ-രാമമംഗലം രാമമംഗലം റോഡിന്റെ അകിസിഷൻ നടപടികളും വീതി കൂട്ടൽ പ്രവർത്തനങ്ങളും എത്രയും വേഗം പൂർത്തിയാക്കുക.

4. മടക്കത്താനവും മടത്തിൻകടവും തമ്മിൽ ബന്ധി പ്പിച്ച് (രണ്ടു ജില്ലകൾ തമ്മിൽ) പാലം നിർമ്മിക്കുക.

5. മഠത്തിൻകടവിൽ നിർമ്മാണം ആരംഭിക്കുന്ന കമ്പിപ്പാലത്തിന്റെ പണികൾ സമയ സന്ധിതമായി പൂർത്തി യാക്കുക.

6. തൊടുപുഴ-മുവാറ്റുപുഴയായി സർവ്വീസ് നടത്തുന്ന ബസുകളിൽ ഒന്ന് ചിറ്റൂർ പള്ളി പുതുപ്പരിയാരം റോഡു വഴി സർവ്വീസ് നടത്തുക.

7. നിർത്തലാക്കിയ തൊടുപുഴ നിലമ്പൂർ, തൊടുപു ഴ-എറണാകുളം എന്നീ കെ. എസ്. ആർ. റ്റി. സി. ബസു കൾ പുനരാരംഭിക്കുക.

8. പുതുപ്പരിയാരം-പൂതക്കാവ് റോഡിൽ പുതുപ്പരി യാരം മുതലുള്ള ഭാഗം ഓടകൾ തീർത്ത് വെള്ളമൊഴുക്ക് തടയുക.

9. പെരുംചിറകുന്ന് ഭാഗത്ത് പാലം നിർമ്മിക്കുക.

10. ചങ്ങനാട്ടുഭാഗത്ത് നിലവിലുള്ള നടപ്പാലം മാറ്റി പകരം വാഹനഗതാഗതയോഗ്യമായ പാലം നിർമ്മിക്കുക.

11. പോടൂർ റോഡിൽ വാട്ടപ്പിള്ളി ഭാഗത്ത് പാലം നിർമ്മിയ്ക്കുക.

വെയിറ്റിംഗ്ഷെഡുകൾ നിർമ്മിയ്ക്കേണ്ട സ്ഥലങ്ങൾ

1. പുതുപ്പരിയാരം ജംഗ്ഷൻ
2. അങ്കംവെട്ടി കവല (ചിറ്റൂർ)
3. മണ്ണത്താംഞ്ചേരി ഭാഗം
4. കോളാപ്പിള്ളിത്താഴം
5. കുന്നത്തുപാറ
6. ആല്പാറ ജംഗ്ഷൻ
7. മണക്കാട് വെയിറ്റിംഗ്ഷെഡ് പുനരുദ്ധാരണം

ഉൗർജ്ജം

പഞ്ചായത്തിൽ വൈദ്യുതി കടന്നുവന്നിട്ട് 28 വർഷങ്ങൾ കഴിഞ്ഞെങ്കിലും നല്ലൊരു ശതമാനം വീടുകളിലും ഇനിയും വൈദ്യുതിയെത്തേണ്ടിയിരിക്കുന്നു. തൊടുപുഴ-മുവാറ്റുപുഴ, സെക്ഷനുകളിൽനിന്നായി പഞ്ചായത്തിൽ നൽകിയിട്ടുള്ള കണക്ഷനുകളെ സംബന്ധിച്ച് ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ്‌ലൈറ്റുകൾക്ക് പ്രതിമാസം 3228/- രൂ. പഞ്ചായത്ത് അടച്ചുവരുന്നുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ ഭൂരിഭാഗവും പ്രവൃത്തനരഹിതമാണ്. പഞ്ചായത്ത് നിവാസികൾ കറന്റ് ചാർജ് അടയ്ക്കുവാൻ 10 കി. മീറ്ററോളം ദൂരമുള്ള തൊടുപുഴയിൽ പോകേണ്ടിവരുന്നു.

സെക്ഷന്റെ പേര്	ഗാർഹിക കണക്ഷൻ	വ്യാപാരം	വ്യവസായം	കാർഷികം
തൊടുപുഴ	1808	170	35	20
മുവാറ്റുപുഴ	93	18	7	27
ആകെ	1901	188	42	47

സെക്ഷൻ	ട്രാൻസ്ഫോർമറുകളും കപ്പാസിറ്റിയും
തൊടുപുഴ	കുന്നത്തുപാറ 100 KVA, ചിറ്റൂർ 150 KVA പുതുപ്പരിയാരം 1 100 KVA പുതുപ്പരിയാരം 2 100 KVA പുതുപ്പരിയാരം3 100 KVA , പെരിയാമ്പ്ര 1 100 KVA,പെരിയാമ്പ്ര 2 160 KVA, പെരിയാമ്പ്ര 3 100 KVA അരിക്കുഴ160 അരിക്കുഴ-100 KVA, അരിക്കുഴ കൃഷിഫാം100 KVA, മാറിക 63 KVA
മുവാറ്റുപുഴ	അരിക്കുഴ100 KVA, കോലടി (പൂതക്കാവ്) 100 KVA

പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ ഓൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിൽ കപ്പാസിറ്റി കൂടിയവ സ്ഥാപിക്കേണ്ടതുണ്ട്. വയറിംഗ് നടത്തി കാത്തിരിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതിയെത്തിക്കുവാൻ നടപടിയുണ്ടാകണം.

പ്രശ്നങ്ങൾ

1. ഒരു വാർഡുകളിലും മുഴുവൻ വീടുകളിലും വൈദ്യുതിയെത്തിയിട്ടില്ല.

2. പ്രസരണ നഷ്ടം ഒഴിവാക്കുവാൻ ബോർഡിന്റെ സ്രദ്ധക്കുറവ് വൈദ്യുതി വിതരണത്തെ ദോഷകരമായി ബാധിക്കുന്നു.

3. അഞ്ചു കോളനികൾ വൈദ്യുതീകരിക്കേണ്ടതുണ്ട്.

4. ഓരോ വാർഡിലും നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ പ്രവൃത്തനയോഗ്യമല്ല.

5. കൂടുതൽ മേഖലകളിലേയ്ക്ക് സ്ട്രീറ്റ് ലൈറ്റുകൾ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. ഉന്നാട്ടുമല വാട്ടർ സപ്ലൈ സ്കീമിന് വൈദ്യുതി നൽകുക.

2. വൈദ്യുതീകരണത്തിനായി കാത്തിരിക്കുന്ന പുതുപ്പരിയാരം, കളപ്പുരയ്ക്കൽ, ആൽപ്പാറ, അരിക്കുഴ, കോലടി, ഇരുട്ടുതോട്, വന്നോംകല്ല്പാറ, പൊങ്ങൻപാറ, മൈലാടുംപാറ, ഒരകുന്ന്, പുനക്കാവ്, പച്ചുത്തണ്ട് എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

3. എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത റോഡുകളിലൂടെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

4. പാചക ആവശ്യത്തിനുള്ള ഗ്യാസ് കണക്ഷനുകൾ പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കുക.

5. കപ്പാസിറ്റി കുറഞ്ഞ ട്രാൻസ്ഫോമറുകൾ മാറ്റി ശക്തി കൂടിയവ സ്ഥാപിക്കുക.

6. ഇന്ധനം ലഭിക്കുവാൻ പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചാരം നൽകുക. മണക്കാട് അംഗൻവെട്ടി, ആൽപ്പാറ, അരിക്കുഴ, പാറക്കടവ്, വഴിത്തല, വാഴപ്പിള്ളി, പെരിയാമ്പ്ര,പുതുപ്പരിയാരം, എന്നീ ജംഗ്ഷനുകളിലും ആൽപ്പാറ കോളനി, പുതുപ്പരിയാരം കോളനി, കളപ്പുരയ്ക്കൽ കോളനി, കോലടി ലക്ഷം, പിറ്റൂർ ലക്ഷം, അരിക്കുഴ ലക്ഷം, ഇരുട്ട്തോട് ലക്ഷം, കുന്നത്തുപാറ എന്നീ കോളനികളിലും സോഡിയം പെപ്പർ ലാൻപുകൾ സ്ഥാപിക്കുക.

7. അരിക്കുഴ, വഴിത്തല, പുതുപ്പരിയാരം എന്നീ സ്ഥലങ്ങളിൽ സബ് എൻജിനിയർ ഓഫീസ് ആരംഭിച്ച് വൈദ്യുതിചാർജ് കണക്ഷൻ സെന്റർ തുറക്കുക.

8. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റുകൾ ല്ഥാപിക്കുക.

9. നിലവിലുളഅള സംവിധാനം മാറ്റി സ്ട്രീറ്റ് ലൈറ്റുകളൾക്ക് ഉപയോഗിക്കുന്ന റീഡിംഗ് അടിസ്ഥാനത്തിൽ വൈദ്യുതിചാർജ് അടക്കുന്നതിന് മീറ്റർ സംവിധാനം ഏർപ്പെടുത്തുക.

10 വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ജോയിന്റ് വെരിഫിക്കേഷൻ സൗകര്യം പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

11.അപകടാവസ്ഥയിൽ നിൽക്കുന്നതും, വാഹന ഗതാഗതത്തന് തടസ്സം സൃഷ്ടിക്കുന്നതുമായ വൈദ്യുതി പോസ്റ്റുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുക.

12. കുന്നത്തുപാറ പമ്പ് ഹൗസിന് സമീപം പ്രത്യേകം ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും പെരിയാമ്പ്ര പമ്പ് ഹൗസിനുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്യുക.

13. റേഷൻഅടിസ്ഥാനത്തിൽ കിട്ടുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുക.

14. ഇന്ധന ലാഭത്തിനായി പ്രഷർ കുക്കറിന്റെ ഉപയോഗം പ്രചരിപ്പിക്കുക.

മാർക്കറ്റ്

പഞ്ചായത്തിൽ മാർക്കറ്റ് സൗകര്യം നിലവിൽ ഫലപ്രദമല്ല. പഞ്ചായത്ത് നിവാസികൾ തൊടുപുഴ, കുത്താട്ടുകുളം, മുവാറ്റുപുഴ, വാഴക്കുളം എന്നീ സ്ഥലങ്ങളിലെ മാർക്കറ്റുകളെയാണ്പ്രധാനമായും ആശ്രയിക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻപഞ്ചായത്തു തലത്തിൽ പൊതു വിതരണകേന്ദ്രം ഉണ്ടാകണം.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ അരിക്കുഴ, പെരിയാമ്പ്ര, അങ്കംവെട്ടി എന്നിവടങ്ങളിൽ ആഴ്ചച്ചന്തകൾ ആരംഭിക്കുക. അരിക്കുഴയിൽ പഴം, പച്ച്ക്കറി,കളുടെ സംഭരണവും വിപണനവും നടത്തുന്ന ഒരു കേന്ദ്രം തുറക്കുക.

മാർക്കറ്റുകളോടനുബന്ധിച്ച് മാർക്കറ്റ് ഷോയും പ്രദർശനസ്റ്റാളും സജ്ജമാക്കുക.

പൊതുശ്മശാനം

ഭൂരഹിതർ തൊഴിലാളികൾ അധിവസിക്കുന്ന 7 ലക്ഷംവീട് കോളനികളും പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശത്ത് അധിവസിക്കുന്ന നിരവധി കുടുംബങ്ങളും ഈ പഞ്ചായത്തിൽ താമസിച്ചുവരുന്നു. ഇത്തരക്കാർ മരണപ്പെടുമ്പോൾ മൃതശരീരം മറവു ചെയ്യുന്നതിന് ഇപ്പോൾ പഞ്ചായത്തിന് സൗകര്യമില്ല. 10 കി. മീ. ദൂരത്തുള്ള മുനിസിപ്പാലിറ്റിയെ ആശ്രയിക്കേണ്ടിവരുമ്പോൾ പലപ്പോഴും ബുദ്ധിമുട്ട് നേരിടുന്നു. പൊതുവായി പഞ്ചായത്തിൽ ശ്മശാനം നിർമ്മിക്കണം. ഇതിനായി എം. വി. ഐ. പി. അക്വയർ ചെയ്തതും പദ്ധതിപ്രവർത്തികൾക്ക് ശേഷം ഉപയോഗമില്ലാതെ കിടക്കുന്ന അക്വയർ ഭൂമികളിൽ ജനവാസം കുറഞ്ഞ പ്രദേശങ്ങൾ ഇതിലേയ്ക്കായി ഏറ്റെടുക്കുകയോ യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി ശ്മശാനം നിർമ്മിക്കുകയോ ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

കുടിവെള്ളവും പൊതുജനാരോഗ്യവും

ഈ പഞ്ചായത്തിൽ ഭൂരിഭാഗം കുടുംബാംഗങ്ങളും കുടിവെള്ളത്തിന്നാശ്രയിക്കുന്നതിന് കിണറുകളെയും പൈപ്പ് ലൈനുകളേയുമാണ്. മലമടക്കുകൾ കൂടുതലാകിണപ്പെടുന്ന ഈ പഞ്ചായത്തിൽ വേനൽക്കാലമായാൽ കിണറുകളിലെ വെള്ളം വറ്റുകയും കുടിവെള്ളത്തിനായി വളരെ ദൂരം സഞ്ചരിക്കേണ്ടി വരികയും ചെയ്യുന്നു. 1980കളിൽ കമ്മീഷൻ ചെയ്യുകയും ജലവിതരണം നടത്തുന്നതിന് രൂപകൽപ്പന ചെയ്ത പഞ്ചായത്ത് സ്കീം പിന്നീട് കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയും വിപുലീകരിക്കുകയും ചെയ്തുവെങ്കിലും ഒട്ടേറെ അപര്യാപ്തതകൾ നിലനിൽക്കുന്നതിനാൽ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 242ഓളം പബ്ലിക് ടാപ്പുകളും 700ലേറെ ഹൗസ് കണക്ഷനുകളും ഉണ്ടെങ്കിലും ഇവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പമ്പിങ്ങിലെ അപാകതകളും പമ്പുഹൗസിലെ ഓൾട്ടേജ്കുറവും ഈ സ്കീമിന്റെ അപാകതകൾക്ക് കാരമമെന്ന് കരുതുന്നു. തൊടുപുഴയാറ്റിൽനിന്ന് വെള്ളം പമ്പ് ചെയ്ത് കുന്നത്തുപാറ, പെരിയാമ്പ്ര, ടാങ്കുകളിലേക്ക് ലിഫ്റ്റ് ചെയ്ത് അവിടെനിന്നും മുണ്ടൻമല, താമല, പച്ചുതണ്ട് എന്നീ മലകളിലുള്ള ടാങ്കുകളിൽ വെള്ളം കയറ്റി പൈപ്പ് വഴി വിവിധ പ്രദേശങ്ങളിലേയ്ക്ക് ജലവിതരണം നടത്തുന്ന പദ്ധതിയാണ് നിലവിലുള്ളത്. കുന്നത്തുപാറയിൽനിന്ന് പെരിയാമ്പ്രക്കും, ഇവിടെനിന്ന് ഈ മൂന്ന് മലകളിലേയ്ക്കുമുള്ള പമ്പിംഗ് മെയ്നും വിതരമലൈനുകളും ഒന്നായിരുന്നതിനാൽ ടാങ്കുകളിൽ വെള്ളം എത്തുകയോ ടാപ്പുകളിലും ഹൗസ് കണക്ഷനുകളിലും ആവശ്യത്തിന് വെള്ളം ലഭിച്ചിരുന്നില്ല. ഈ ന്യൂനത പരിഹരിക്കുവാൻ അഡീഷണൽ പമ്പിംഗ് മെയ്നുകളും ശക്തിയേറിയ സബ്മേസിബിൾ പമ്പുകളും സ്ഥാപിക്കുവാൻ കഴിഞ്ഞ വർഷം അനുമതി ലഭിച്ചെങ്കിലും കുന്നത്തുപാറ മുതൽ പെരിയാമ്പ്ര വരെയും പെരിയാമ്പ്രയിൽനിന്ന് മുണ്ടൻമല, താമല എന്നീ ടാങ്കുകളിലേയ്ക്കും മാത്രമാണ് പമ്പിംഗ്മെയിനുകളുടെ അഡീഷണൽ വർക്ക് നടന്നത്. പച്ചുർത്തണ്ട് ടാങ്കിലേക്കുള്ള ലൈൻ സിങ്കിൾലൈൻ സിസ്റ്റമായി നിലനിൽക്കുന്നു. കുടിവെള്ള വിതരണത്തിന്നായി പഞ്ചായത്ത് നടപ്പാക്കുന്ന പുതക്കാവ് വാട്ടർ സപ്ലൈ സ്കീം ആറാം വാർഡിൽ ഏതാനും പ്രദേശത്ത് വെള്ളം എത്തിക്കുവാൻ കഴിയുന്ന ചെറിയ പദ്ധതിയാണ്. കുടിവെള്ള ക്ഷാമം നേരിടുന്ന ഉന്നക്കാട്ടുമല, കളപ്പുരക്കോളനി, ശാർത്താംകുന്ന് മല തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളമെത്തിക്കുവാൻ 3-ാം വാർഡിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച പുന്നക്കാട്ടുമല വാട്ടർ സപ്ലൈ സ്കീമിന് കുളവും ടാങ്കും തീർത്തിട്ടുണ്ട്. മോട്ടറും പൈപ്പ് ലൈനുകളും തീർന്നെങ്കിലും നാളിതുവരെ വൈദ്യുതി ലഭിക്കാത്തതുമൂലം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ഇത് കമ്മീഷൻ ചെയ്താൽ 100ലേറെ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി വിവിധ സ്കീമുകളിൽ തീർത്തിട്ടുള്ള കിണറുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശുദ്ധജല സ്രോതസ്സുകൾ

കിണറുകൾ				കുഴൽ കിണറുകൾ	ഉപയോഗയോഗ്യമായവ
പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
20	2	325	295	7	2

വേനൽ രൂക്ഷമാകുമ്പോൾ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്ന സംവിധാനം ഏർപ്പെടുത്താറുണ്ടെങ്കിലും അവയൊന്നും ഫലപ്രദമല്ല. കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുലിക്കുന്ന് വാട്ടർ സപ്ലൈ അറേൻജ്മെന്റ്

രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന ആൽപ്പാറ ഹരിജൻകോളനി, കളപ്പുരയ്ക്കൽ കോളനി, പുതുപ്പരിയാരം ഹരിജൻ കോളനി, ചങ്ങനാമറ്റം, മാടപ്പാറ, കൈപ്പിള്ളി, മാങ്കുന്ന് മല, പൊറ്റമ്പ്രപാറ തുടങ്ങിയ പ്രദേശങ്ങളിൽ നിലവിൽ വാട്ടർ സപ്ലൈ ലൈനുകൾ ഉൾപ്പെടുകിലും വർഷങ്ങളായി ാവശ്യത്തിന് വെള്ളം ലഭിക്കാറില്ല. 95ഓളം പട്ടികജാതി കുടുംബങ്ങളും 500ലേറെ മറ്റ് വിഭാഗ കുടുംബങ്ങളും അതിവസിക്കുന്ന ഈ പ്രദേശത്ത് കുടിവെള്ളക്ഷാമ് പരിഹരിക്കുവാൻ ഏറ്റവും ഉയർന്ന പുലിക്കുന്ന് മലയിൽ ടാങ്ക് നിർമ്മിച്ച് പെരിയാമ്പ്ര പമ്പ്ഹൈസിൽനിന്നും ആ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ നിലവിലുള്ള ലൈനുകളിലേയ്ക്ക് കണക്ട് ചെയ്താൽ 2,3,4,8 ഉൾപ്പെടുന്ന ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാന കഴിയും. ഈ പദ്ധതി 1995 ഡ്രോട്ടിയൽ (വരൾച്ച) പെടുത്തി അനുമതിക്കായ് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ വഴി സർക്കാരിന് സമർപ്പിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി ലഭിച്ചില്ല. എസ്. സി. പി.യിൽപെടുത്തി നടപ്പാക്കാവുന്ന ഈ പദ്ധതി ഏറ്റവും മുൻഗണന നൽകി അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

2. പച്ചൂത്തണ്ട് പമ്പിംഗ്മെയിൻ.

വാട്ടർ അതോറിറ്റിയുടെ പെരിയാമ്പ്ര ടാങ്കിൽനിന്നും പച്ചൂർത്തണ്ട് ടാങ്കിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് അരിക്കുഴ കോലടി തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് രൂപകൽപ്പന ചെയ്ത പ്രസ്തുത സ്കീം പരാജയമാണ്. പമ്പിംഗും വിതരണവും ഒരു ലൈനിലൂടെ ആയതാണ് ഈ പദ്ധതിയുടെ പരാജയകാരണം. ഇത് പരിഹരിക്കുവാൻ നിലവിലുള്ള ശക്തി കുറഞ്ഞ മോട്ടോർ മാറ്റി പകരം ശക്തിയേറിയ സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിച്ചും അഡീ,ണൽ പമ്പിംഗ്മെയിൻ ഏർപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. 1995 വരൾച്ചാ പദ്ധതിയിൽ പെടുത്തി ബന്ധപപെട്ട ഡിപ്പാർട്ടുമെന്റ് വഴി പ്രപ്പോസലുകൾ ഗവൺമെന്റിന് സമർപ്പിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഈ പദ്ധതിക്കും അനുമതി ലഭിച്ചില്ല. അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണീ പദ്ധതി.

3. കുന്നത്തുപാറടാങ്കിന്റെ പുനരുദ്ധാരണം

വാട്ടർ അതോറിറ്റി ശുദ്ധജലവിതരണത്തിന്നായി കുന്നത്തുപാറയിൽസ്ഥാപിച്ചിട്ടുള്ള ടാങ്കിന്റെ ഉയരക്കുറവുമൂലം ഈ ടാങ്കിൽനിന്നുമുള്ള വിതരണം പല പ്രദേശങ്ങളിലും ഫലപ്രദമല്ല. നിലവിലുള്ള ടാങ്ക് ഉയർത്തുകയോ പുതിയ ഓവർഹെഡ്(ടവർ ടാങ്ക്) നിർമ്മിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

4. വോൾട്ടേജ് ക്ഷാമം

ശുദ്ധജലവിതരണത്തെ വോൾട്ടേജ്ക്ഷാമം സാരമായി ബാധിച്ചിട്ടുണ്ട്. കുന്നത്തുപാറ പമ്പുഹൗസിലും പെരിയാമ്പ്രയിലെ പമ്പുഹൗസിലും വോള്ഡട്ടേജ് ക്ഷാമം മൂലം പമ്പിംഗ് കാര്യക്ഷമമായ് നടത്തുവാൻ കഴിയുന്നില്ല. ഇത് പരിഹരിക്കുവാൻ കുന്നതിതുപാറയിൽ പ്രത്യേകം ട്രാൻസ്ഫോർമർ സ്ഥാപിച്ചും പെരിയാമ്പ്രയിലെ ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റ് വർദ്ധിപ്പിച്ചും ഈ പ്രശ്നത്തിന് ശാസ്വതപരിഹാരം കാണേണ്ടതാണ്.

വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത്മെയ്ന്റനൻസ് ഇനത്തിൽ ഭീമമായ തുക അടക്കുവാനുണ്ടെങ്കിലും ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം വളരെ കുറവാണ്. ടാപ്പുകതളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കരം ഡിമാന്റ് ചെയ്തിരിക്കുന്നതുമൂലം ഉപയോഗരഹിതമായ ടാപ്പുകൾക്കും പഞ്ചായത്ത് പണം അടയ്ക്കേണ്ടിവരുന്നു. ഇത് പരിഹരിക്കുവാൻ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അടിസ്ഥാനത്തിൽ പണം അടയ്ക്കുവാൻ മീറ്റർ സംവിധാനം ഏർപ്പെടുത്തണം.

6-ാം വാർഡിൽകാക്കനാട്ട് പുരയിടത്തിൽ നിർമ്മിച്ചിട്ടുള്ള ടാങ്കിൽനിന്നും വഴിത്തലയിക്കുള്ള സപ്ലൈയിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. പ്രസ്തുത ലൈന്ലേയ്ക്ക് പച്ചുതണ്ഡ് ടാങ്കിൽനിന്നും കണക്ഷൻ നൽകണം. നിലവിലുള്ള വാട്ടർ സപ്ലൈ ലൈന്ലുണ്ടാകുന്ന കേടുപാടുകൾ യഥാസമയം മെയിന്റനൻസ് നടത്തുന്നതു മൂലം നിലവിലുള്ള ജലം പോലും ഉപയോഗയോഗ്യമാക്കുന്നില്ല.

വേനൽകാലങ്ങളിൽ കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുവാൻ കർശനനടപടികൾ സ്വീകരിക്കണം.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
7	ആൽപ്പാറ ഹരിജൻ കോളനി	നിലവിലുള്ള ലൈൻ താഴ്ന്ന ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുക.
3	ചങ്ങനാമറ്റം, എലിക്കുളം ഭാഗം	പുതുപ്പരിയാരം ഹരിജൻകോളനി ഭാഗത്തുനിന്നും 500 മീറ്റർ ചങ്ങനാമറ്റം ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
4–7	പച്ചൂർ ഭാഗം	പുതുപ്പരിയാരം പുതുക്കാവ് റോഡിൽ ചെറിയാശ്രമാംകുന്ന്ഭാഗത്തുനിന്നും കനാൽ റോഡുവഴി പച്ചൂർക്ക് 2 കി. മീ. പൈപ്പുലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
7.	കൊതകുത്തുംകടവ് ഭാഗം	അരിക്കുഴ ഉദയ വൈ. എം. എ. ജംഗ്ഷനിൽ നിന്നും കൊതകുത്തുംകടവ് റോഡ്വഴി 300 മീറ്റർ പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
1.	മനയ്ക്കപ്പറമ്പ് കോളനി	മണക്കാട് ഭാഗത്തുനിന്നും മനയ്ക്കപ്പറമ്പ് കോളനിയിലേക്ക് 250 മീറ്റർ പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
2.	പാവൂർ കോളനി	മണക്കാട് കോലാനി റോഡിൽനിന്നും പാവൂർകോളനി റോഡിലൂടെ 400 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
5	പള്ളിപ്പുറം ഭാഗം	താമല ടാങ്കിൽനിന്നും പള്ളിപ്പുറം ഭാഗത്തേക്ക് 1500 മീറ്റർ പൈപ്പലൈൻ നീട്ടുക.
6	എരുമേലിക്കരഭാഗം	വഴിത്തല–പാറക്കടവ് റോഡിൽനിന്നും എരുമേലിക്കര ഭാഗത്തേക്ക് 1 കി. മീ. പൈപ്പ്ലൈൻ നീട്ടുക.
4.	കാഞ്ഞിരംകുഴിഭാഗം	മുണ്ടൻമലയിൽനിന്നും നിലവിലുള്ള ലൈൻ മാറ്റി കാഞ്ഞിരംകുഴി വഴി ഇരുട്ട്തോടിന് പൈപ്പ്ലൈൻ സ്ഥാപിക്കണം.
3.	കൈപ്പിള്ളി	നിലവിൽ കൈപ്പിള്ളിക്കുള്ള ലൈനിൽനിന്നും 250 മീറ്റർ പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.
3	പുള്ളോർമഠപ്പാറ	കരികുളം–പെരിയാമ്പ്ര റോഡിൽ നിന്നും പുള്ളോർമഠം ഭാഗത്തേക്ക് 250 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
8.	പെരിയാമ്പ്രസ്കൂൾഭാഗം	പെരിയാമ്പ്ര പള്ളിക്ക് താഴെ നിന്നും ചിറ്റൂർ റോഡിൽ 350 മീറ്റർ പൈപ്പലൈൻ നീട്ടുക.
7.	പള്ളിമഠംഭാഗം	വരിയ്ക്കത്താനം ഭാഗത്തുനിന്നും പള്ളിമഠം റോഡിലൂടെ 500 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
8.	കൊല്ലശ്ശേരിക്കടവ് ഭാഗം	ചിറ്റൂർ ലക്ഷംവീട് ഭാഗത്തുനിന്നുള്ള ടാപ്പിൽനിന്നും കൊല്ലശ്ശേരിക്കടവ് റോഡിലൂടെ 750 മീറ്റർ പൈപ്പ് നീട്ടുക.
4.	കൈപ്പിള്ളി	പെരിയാമ്പ്രമഠംകുന്ന് റോഡില്ഡനിന്നും കൈപ്പിള്ളി ഭാഗത്തേക്ക് 750 മീറ്റർ പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.
1.	പോടൂർ ഭാഗം	ചിറ്റൂർനിന്നും പോടൂർ റോടിലൂടെ 250 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.
7.	ഒടുവേലിൽ പാം ഭാഗം	ആൽപ്പാറ, ഞെടിഞ്ഞിൽപ്പാറ ഭാഗത്തുനിന്നും ഒടുവേലിപ്പാറ ഭാഗത്തേക്ക്(ചുരുളിക്കൽപ്പാറ) 400 മീറ്റർ പൈപ്പ് നീട്ടുക.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
4.	വാവാംകുന്ന് ഭാഗം	വാണിയം പാറയിൽ നിന്നും വാളാംകുന്ന് ഭാഗത്തേയ്ക്ക് 250 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
7.	അരിക്കുഴ ചാൻസിലർഭാഗം	അരിക്കുഴനിന്നും ചാൻസിലർ പേപ്പർ റോഡിലൂടെ 500 മീറ്റർ പൈപ്പു ലൈൻ നീട്ടുക.
4.	മാന്തളിരുംപാറ ഭാഗം	പുതുപ്പരിയാരം നെടിയശാല റോഡിൽനിന്നും കനാൽ റോഡിലൂടെ 200 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
1.	നടയംപാടം ഭാഗം	ചിറ്റൂരിൽനിന്നും നടയംപാടം റോഡുവഴി 300 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
1.	മഠത്തിൻകടവ് ഭാഗം	ചിറ്റൂർ മഠത്തിൽ കടവ് റോഡിലൂടെ നിലവിലുള്ള ലൈൻ 300 മീറ്റർ നീട്ടുക.
7.	കൊച്ചാനിച്ചുവട് ഭാഗം	അരിക്കുഴ, ചാത്തംകോട്ട് ഭാഗത്തുനിന്നും പച്ചൂർ കൊച്ചാനിച്ചുവട്ടിൽ ഭാഗത്തേയ്ക്ക് 400 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
7.	കല്ലോലി ഭാഗം	പച്ചൂർഭാഗത്തുനിന്നും കല്ലോലിഭാഗത്തേയ്ക്ക് 800 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
5.	ഒലക്കചാണ്ടിഭാഗം	പുതുപ്പരിയാരം പുതക്കാവിൽ നിന്നും വഴിത്തല കോലടി റോഡിലൂടെ ഒലക്കചാണ്ടി ഭാഗത്തേക്ക് 500 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
5.	പൊങ്ങംപാറഭാഗം	പൊങ്ങംപാറഭാഗത്തുനിന്നും പൊങ്ങംപാറ താഴ്ഭാഗത്തേയ്ക്ക് 200 മീറ്റർ നീട്ടുക.
7.	ഒരക്കുന്ന്ഭാഗം	പച്ചൂർ ജംഗ്ഷനിൽനിന്നും ഒരക്കുന്ന് ഭാഗത്തേയ്ക്ക് 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.
7.	തണ്ടേൽഭാഗം	ആൽപ്പാറ ചണ്ടുമണ്ണിൽ റോഡിലുള്ള ലൈനിൽ നിന്നും തണ്ടേൽ ഭാഗത്തേയ്ക്ക 225 മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
4–3	മുഴിച്ചാലിഭാഗം	എലിക്കുളം ജംഗ്ഷനിൽനിന്നും കൈപ്പിള്ളി റോഡിലൂടെ 500മീറ്റർ പൈപ്പ്ലൈൻ നീട്ടുക.
2.	മൈലാടുംപാറഭാഗം	പുതുപ്പരിയാരം മൈലീടുംപാററോഡിൽനിന്നും നിലവിലുള്ള ലൈനിൽനിന്നും 200 മീറ്റർ പൈപ്പ് നീട്ടുക.
3.	താന്നിയ്ക്കൽഭാഗം	പുതുപ്പരിയാരം ചിറ്റൂർ ചർവ്വ് റോഡിൽ കളപ്പുരഭാഗത്തുനിന്നും താന്നിയ്ക്കൽ ഭാഗത്തേയ്ക്ക് 250 മീറ്റർ പൈപ്പ്ലൈൻ നീട്ടുക
3.	ഉന്നക്കാട് മലഭാഗം	പുതുപ്പരിയാരം ചിറ്റൂർ പർവ്വ് റോഡിൽനിന്നും ആൽപ്പാറ ഭാഗത്തുനിന്നും ഉന്നക്കാട്ട്മലയിലേക്ക് 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

ആരോഗ്യം

1965ന് മുമ്പ് ഈ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യവൈദ്യൻമാരെ ആശ്രയിച്ചാണ് നില നിന്നിരുന്നത്. ആധിനിക ചികിത്സാ സൗകര്യങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. അവ പ്രൈമറി ഹെൽത്ത് സെന്റർ മണക്കാട്, ആയുർവ്വേദഡിസ്പെൻസറി പുതുപ്പരിയാരം, ഹോമിയോഡിസ്പെൻസറി നെടിയശാല തുടങ്ങിയവയാണ്. കൂടാതെ അനുബന്ധ സ്ഥാപനങ്ങളായി വഴിത്തല, പെരിയാമ്പ്ര, പുതുപ്പരിയാരം എന്നിവടങ്ങളിലായി ഓരോ സെന്ററുകളും പ്രവർത്തിക്കുന്നു. ഇവിടെ പ്രധാനമായി കണ്ടുവരുന്ന രോഗമാണ് ദന്തരോഗം. ഈ പഞ്ചായത്തിലെ ഏക സ്വകാര്യ സ്ഥാപനമായ മേഴ്സി ഹോസ്പിറ്റൽ വഴിത്തലയിൽ പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത ചികിത്സാ വിഭാഗത്തിൽ അപൂർവ്വമായ വിഷചികിത്സക്ക് സേവനം നൽകിവന്നിരുന്നവരായിരുന്നു പുതുപ്പരിയാരത്തുള്ള കുന്നംകോട്ട് ചിറമുഖം തൊമ്മൻ വൈദ്യനും, അരിക്കുഴയിൽ തരണയിൽ കുഞ്ഞിക്കൊച്ച് വൈദ്യനും, പ്ലാമഠത്തിൽ രാമൻവൈദ്യനും കൂടാതെ നാട്ടുചികിത്സാ വിഭാഗത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ഫാർമസികളും പ്രവർത്തിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങളൊക്കെഉണ്ടെങ്കിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾക്ക് 10കി. മീ. ദൂരെയുള്ള തൊടുപുഴയെ ആശ്രയിക്കേണ്ടിവരുന്നു. നിലവിലുള്ള മൂന്ന് സർക്കാർ സ്ഥാപനങ്ങളിൽ ഒന്ന് വാടകയ്ക്കും മറ്റ് രണ്ട് സ്ഥാപനങ്ങൾ സ്വന്തെ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളെ സംബന്ധിച്ചും അവ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ചുവടെ ചേർക്കുന്നു.

1. ഗവ. ആയുർവ്വേദ ആശുപത്രി

മണക്കാട് പഞ്ചായത്തിൽ പുതുപ്പരിയാരം ഭാഗത്ത് 1968 മുതൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ഈ ഡിസ്പെൻസറി. ആയുർവ്വേദവിഭാഗത്തിലെ പ്രഗത്ഭനും ആരോഗ്യവകുപ്പ് ജോയിന്റ് ഡയറക്ടറുമായ ഡോ. നമ്പൂതിരി ഉൾപ്പെടെ പ്രമുഖ ഭിഷഗ്വരന്മാർ സേവനം നടത്തിയിരുന്ന ഈ സ്ഥാപനം പഢ്ചായത്തിന്റെ അഭിമാനമായിരുന്നു.

1959ൽ തൊടുപുഴ ബ്ലോക്കിൽ നിന്നും മഹിളാസമാജത്തിന് കെട്ടിടം നിർമ്മിയ്ക്കുവാൻ ധനസഹായം അനുവദിക്കുകയും നാട്ടുകാരുടെ സഹകരണത്തോടെ മൂന്നാം വാർഡിൽ വള്ളോംകല്ല് പാറക്ക് സമീപം മഹിളാസമാജത്തിന് കെട്ടിടം നിർമ്മിക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടത്തിൽ ആരംഭിച്ച സമാജം വർഷങ്ങൾക്കുശേഷം പ്രവർത്തനരഹിതമാവുകയും ഉപയോഗമില്ലാതെ പൂട്ടിക്കിടക്കുകയും ചെയ്തു. 25-10-1967ലെ (GO (RT) 4180/167/HLD) നമ്പർ ലർക്കാർ ഉത്തരവ് പ്രകാരം 122196ൽ സ്ഥല നിർണ്ണയം നടത്തി. (GO(RT)504 /68/FM/TVM) നമ്പരായി 2921968 ൽ ഈ പഞ്ചായത്തിന് അനുവദിച്ച ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തനം തുടങ്ങുന്നതിന് ഉപാധിരഹിതമായി പ്രസ്തുതകെട്ടിടം വിട്ടുകൊടുക്കുകയും നാളിതുവരെ പ്രവർത്തിച്ചുവരികയുമാണ്. ദിവസേന നൂറ് കണക്കിന് രോഗികൾ ചികിത്സക്കെത്തുന്ന ഈ സ്ഥാപനത്തിന്റെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സ്വകാര്യവ്യക്തിയുടെ പേരിൽ ആയതുമൂലം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. 1988 വരെ ഉടമസ്ഥാവകാശം പഞ്ചായത്തുറെക്കാർഡുകൾപ്രകാരം വാർഡ് 3 ൽ മൂന്നാം നമ്പറായുള്ള ഈ കെട്ടിടം ഗവ. ആയുർവ്വേദഡിസ്പെൻസറിയുടേതായിരുന്നു. പിന്നീട് ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തിയുടെ പേരിൽ ചേർന്നതായി കാണ്മാനും കഴിഞ്ഞു. സർക്കാർ ഗ്രാന്റുകളും പഞ്ചായത്ത് ഗ്രാൻഡുകളും ഉപയോഗിച്ച് നിർമ്മാണവും പുനരുദ്ധാരണവും നടത്തിയിട്ടുള്ള ഈ കെട്ടിടം സ്വകാര്യ വ്യക്തിയിൽനിന്നും സർക്കാരിനു വിട്ടുകിട്ടുവാൻ ബന്ധപ്പെട്ടവർക്ക് പഞ്ചായത്ത് നിവേദനം നൽകിയിട്ടുള്ളതുമാണ്. ഈ ആശുപത്രിയോടനുബന്ധിച്ച് രോഗികളെ കിടത്തി ചികിത്സിക്കേണ്ടതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേമ്ടിയിരിക്കുന്നു. ആയുർവ്വേദചികിത്സക്ക് പ്രാധാന്യം കൂടിവരുന്ന ഈ കാലഘട്ടത്തിൽ വർഷങ്ങളായി നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്നതും ഇപ്പോൾ നിർജ്ജീവവുമായ ഈ സ്ഥാപനം ഉയർത്തോണ്ടത് ഈ പഞ്ചായത്തിന്റെ 2. ഗവ. പി. എച്ച്. സെന്റർ മണക്കാട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക അലോപ്പതി ആശുപത്രിയാണ് പുതുപ്പരിയാരത്ത് സ്ഥിതി ചെയ്യുന്ന പി. എച്ച്. സെന്റർ മണക്കാട്. ആരംഭകാലത്ത് ഈ സ്ഥാപനം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുകയും പിന്നീട് നാട്ടുകാരുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടെയും വാങ്ങിയ ഒരേക്കറോളം വിസ്തീർണ്ണം വരുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിയോടനുബന്ധിച്ച് പത്ത് കിടക്കകളുള്ള വാർഡ് നിർമ്മിക്കുവാൻ ഫൗണ്ടേഷനും, ബോയ്സ്മെന്റും തീർത്തിട്ടുള്ളതാണ്. ഇതോടൊപ്പം ഡോക്ടർ ക്വാർട്ടേഴ്സും, നേഴ്സ് ക്വാർട്ടേഴ്സും പണി തീർത്തിട്ടുള്ളതാണ്. വാർഡിന്റെ

പൂർത്തീകരണത്തിന് നിരവധി തവണ ഗവൺമെന്റിൽ നിവേദനം സമർപ്പിച്ചുവെങ്കിലും നാളിതുവരെ യാതൊരു നടപടികളും ഉണ്ടായിട്ടില്ല. ഈ സ്ഥാപനത്തിൽ ഒരു ഡോക്ടറും രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും നാല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും നാല് ജൂന്യർ പി. എച്ച്. നേഴ്സുമാരും ജോലി ചെയ്തുവരുന്നു. എന്നാൽ ഇവ്ടെ സൂപ്പർവിഷൻ ആയി സീനിയർ ഹെൽത്ത് ഇൻസ്പെക്ടറോ, ലേഡി ഹെൽത്ത് ഇൻസ്പെക്ടറോ ഇല്ല. മറ്റു പല പി. എച്ച്. സെന്ററുകളിൽപ്പോലും സീനിയർ ഹെൽത്ത് ഇൻസ്പെക്ടറും, ലേഡി ഹെൽത്ത് ഇൻസ്പെക്ടറും സേവനം നൽകിവരുന്നു. ഈ സ്ഥാപനത്തിലും മേൽപ്പറഞ്ഞ ജീവനക്കാരെ നിയമിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിൽ ദിവസേന നൂറ് കമക്കിന് രോഗികൾ ചികിത്സക്കായി എത്തുന്നു. കർഷകതൊഴിലാളികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ അനേകകുടുംബങ്ങൾ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിലെ ഏക ആശ്രയമായ ഈ ആശുപത്രിയോടനുബന്ധിച്ച് പത്ത് കിടക്കകളുള്ള വാർഡ് നിർമ്മിച്ച് രോഗികളെ കിടത്തിചികിത്സിക്കുവാൻ സംവിധാനം ഉണ്ടാക്കണം. രോഗികളെ കിടത്തിചികിത്സിക്കുന്ന സംവിധാനത്തിലൂടെ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭക്കും എന്നുള്ളത് വളരെ പ്രാധാന്യമേറിയ കാര്യമാണ്. ഈ സ്ഥാപനത്തിന്റെ സമീപത്തായി എം. വി. ഐ. പി. കനാൽനിർമ്മാണത്തിന്നായി അക്വയർ ചെയ്തതും, പണികളുടെ പൂർത്തീകരണത്തിന് ശേഷം ഉപയോഗമില്ലാതെ ഒഴിവായി കിടക്കുന്നതുമായ കെട്ടിടവും സ്ഥലവും വാർഡിന്റെ പ്രവർത്തനത്തിന്നായി ഉപയോഗപ്പെടുത്താവുന്നതുമാണ്. പ്രസ്തുത കെട്ടിടം എം. വി. ഐ. പി. പൊതുജനതാൽപ്പര്യം കണക്കാക്കി പഞ്ചായത്തിനോ ഹെൽത്ത് ഡിപ്പാർട്ട്മെന്റിനോ വിട്ടുതരുവാൻ നടപടി ഉണ്ടകണം.

ഗവ. ഹോമിയോ ഡിസ്പെൻസറി നെടിയശാല

പഞ്ചായത്തിൽ നാലാം വാർഡിൽ നെടിയശാലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് ഗവ. ഹോമിയോ ഡിസ്പെൻസറി, മണക്കാട്. സ്വന്തമല്ലാത്തതും വാടകയില്ലാതെ പ്രവർത്തിക്കുന്നതുമായ ഈ സ്ഥാപനത്തിൽ ഡോക്ടറെ കൂടാതെ 2 ജീവനക്കാർ സേവനം ചെയ്തുവരിന്നു. ദിവസേന നൂറ് കണക്കിന് ആളുകൾ ചികിത്സക്ക് എത്തുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമാണെങ്കിലും പഞ്ചായത്തിലെ മുഴുവൻ ജനങ്ങളക്കും കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. സ്വന്തമായി കെട്ടിടം ഇല്ലാത്ത ഈ സ്ഥാപനത്തിന് സ്ഥലം കണ്ടെത്തി കെട്ടിടം പണിയേണ്ടത് ആവശ്യമാണ്.

മേഴ്സി ഹോസ്പിറ്റൽ വഴിത്തല

ആതുരസേവനരംഗത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് അഞ്ചാം വാർഡിൽ വഴിത്തലയിലുള്ള മേഴ്സി ഹോസ്പിറ്റൽ. ചാരിറ്റബിൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവൃത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ രണ്ട് ഡോക്ടറും ഒരു ഫാർമസിസ്റ്റും 2 നേഴ്സും സഹായത്തിന് സിസ്റ്റർമാരും സേവനം നൽകിവരുന്നു. രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള ഈ സ്ഥാപനം പഞ്ചായത്തിന്റെ ഒരു അതിർത്തിയിൽ ആയതിനാൽ യാത്രാസൊകര്യം വളരെ കുറവുള്ള ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല. പുറപ്പുഴ, മണക്കാട് പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവൃത്തനം പൊതുവേ തൃപ്തികരമാണ്. കൂടാതെ സ്വകാര്യമേഖലയിൽ പ്രവൃത്തിക്കുന്ന ആയുർവ്വേദവിഭാഗത്തിലുള്ള മൂന്ന് ക്ലിനിക്കുകളും ഈ പഞ്ചായത്തിൽ ഉണ്ട്. ആരോഗ്യരംഗത്ത് ഇത്തരം സ്ഥാപനങ്ങളുടെ വളർച്ചക്കും അതുവഴി ജനങ്ങളുടെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ആളുപത്രി വികസന സമിതികൾ രൂപവൽക്കരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ആയുർവ്വേദ ആശുപത്രിയോടനുബന്ധിച്ച് ഹെർബൽ കൃഷി ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടാക്കണം.

2. പ്രാധമിക ആരോഗ്യകേന്ദ്രത്തിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ഉറപ്പ് വരുത്തണം.

3. പി. എച്ച്. സെന്ററിന് ആവശ്യത്തിന് ഫർണിച്ചറുകളും മറ്റ് മറ്റ് ഉപകരണങ്ങളും നൽകണം.

4. പി. എച്ച്. സെന്ററിനോടനുബന്ധിച്ച് 10 കിടക്കകളുള്ള വാർഡ് നിർമ്മിച്ച് ചികിത്സാസൗകര്യം മെച്ചപ്പെടുത്തുക.

5. ആളുകൾ തിങ്ങിപാർക്കുന്ന കോളനി പോലുള്ള പ്രദേശങ്ങളിലും, മറ്റ് സമീപ പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് ആരോഗ്യക്ഷേമം സംബന്ധിച്ച ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

6. ഈ ആശുപത്രികളിലെല്ലാം, ആവശ്യത്തിന് മരുന്നും, ജീവനക്കാരുടെ സമയബന്ധിതമായ സേവനവും ഉറപ്പ് വരുത്തണം.

7. പോഷകാഹാരം സംബന്ധിച്ചും, പരിസര ശുചീകരണം സംബന്ധിച്ചും പഞ്ചായത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

8. ഗവ. ആയുർവ്വേദഡിസ്പെൻസറിയുടെ കെട്ടിടം വൈദ്യുതീകരിക്കുക.

9. അരിക്കുഴ ഭാഗത്തായി ഒരു സബ്സെന്റർ സ്ഥാപിക്കുക.

10. പകർച്ചവ്യാധികളായ കോളറ, മലമ്പനി, മുതലായവ തടയുന്നതിന് പരിസരശുചീകരണത്തിന് സാനിട്ടേഷൻ സൗകര്യങ്ങളും അന്തരീക്ഷമലിനീകരണം തടയുന്നതിന് ക്രമീകരമങ്ങളും കൂടിവെള്ളത്തിലൂടെ പകരുന്ന രോഗാണുക്കളെ നിയന്ത്രിക്കുവാൻ പബ്ലിക് ടാപ്പുകളുടെ പരിസരത്തുള്ള മലിനീകരണപ്രവർത്തനങ്ങൾ തടയുകയും വേണം.

പാർപ്പിടവും സാമൂഹ്യക്ഷേമവും.

മണക്കാട് വില്ലേജ് മുഴുവൻ ഉൾപ്പെട്ടതാണ് പഞ്ചായത്ത്. കർഷകരും കർഷകതൊഴിലാളികളും മുഖ്യമായി അധിവസിക്കുന്ന ഇവിടെ ഭൂരിഭാഗവും കൂലിവേല എടുത്ത് ഉപജീവനം കഴിയുന്നവരാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം കുറഞ്ഞ പഞ്ചായത്താണിത്.

പഞ്ചായത്തിലെ 3697 വീടുകളിൽ 870 ഭേഭപ്പെട്ട വീടുകളും 2425 ഇടത്തരം വീടുകളും 402 വീടുകൾ കുടിലുകളും ഓലമേഞ്ഞവയുമാണ്.

വീടുകളുടെ കരം തിരുവ് പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ്	ഓട്	ടെറസ്	ഓല	മറ്റുകെട്ടിടങ്ങൾ	ആകെ
1	387	98	40	32	557
2	281	86	30	25	442
3	302	73	57	22	454
4	210	123	95	27	455
5	313	135	69	32	549
6	290	108	52	26	476
7	322	116	59	29	526
8	320	131	71	30	552

കോളനികൾ

ഭൂരഹിതകർഷകതൊഴിലാളികൾക്ക് 4 സെൻറ്റുവീതം ഭൂമി നൽകി താമസിച്ചുവരുന്ന കോളനികളായി 263 കുടുംബങ്ങൾ സ്ഥിതി ചെയ്യുന്നു. ഈ കോളനികളിൽ താമസിച്ചുവരുന്ന ഭൂരിഭാഗം കുടുബങ്ങൾക്കും താമസയോഗ്യമായ വീട് ഇല്ലാത്തവരാണ്.

കോളനിയുടെ പേര്	ആകെ വീടുകൾ	പണിതീർത്ത വീടുകൾ	ശേഷിക്കുന്ന പണിയേണ്ടവ	പട്ടികജാതി	മറ്റുള്ളവർ
1. പുതുപെരിയാരം കോളനി	42	20	22	6	18
2. കളപ്പുര	35	10	25	3	22
3. ആൽപ്പാറ	68	28	40	6	34
4. ഇരുട്ടുതോട്	14	7	7	7	
5. അരിക്കുഴ	22	10	12	3	9
6. കോലടി	18	7	11	4	7

കോളനികൾ കൂടാതെ താമസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

വാർഡ്	I	40
	II	30
	III	57
	IV	95
	V	69
	VI	52
	VII	59
	VIII	71

വിവിധ പദ്ധതികളിൽപ്പെടുത്തി മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം അനുവദിക്കേണ്ടതുണ്ട്.

ലക്ഷം വീടു കോളനികൾക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ ഭവനനിർമ്മാണ ബോർഡുപോലുള്ള ഏജൻസികളിൽനിന്ന് ഗ്രാൻറുകളോ വായ്പകളോ നിലവിൽ ലഭ്യമല്ല. കോളനി നിവാസികൾക്ക് പഞ്ചായത്തു നൽകുന്ന കൈവശരേഖയുടെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണ വായ്പ നൽകുവാൻ നടപടിയുണ്ടാവണം. തൊടുപുഴ ഹൗസിംഗ് സഹകരണസംഘം പഞ്ചായത്തിൽ 45 കുടുംബങ്ങൾക്ക് 23,29,000 രൂപ വായ്പനൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിരവധി പേർക്ക് വായ്പനൽകുന്നുണ്ടങ്കിലും തവണകൾ പ്രകാരം തുക അനുവദിച്ചു നൽകുന്നതിലുള്ള കാലതാമസം ഗുണഭോക്താക്കൾക്ക് ഏറെ വിഷമങ്ങൾക്ക് ഇടയാക്കുന്നു. L.I.C പോലുള്ള ധനസഹായ ഏജൻസികളിൽനിന്നും പഞ്ചായത്തിന്റെ നേതൃത്വത്തിൽ വായ്പ എടുത്ത് വീടുകൾ നിർമ്മിച്ച് വാടകയുടെ അടിസ്ഥാനത്തിൽ ഭവനരഹിതർക്ക് നൽകുന്ന പദ്ധതി രൂപീകരിക്കാവുന്നതാണ്.

ഭവനനിർമ്മാണ രംഗം നേരിടുന്ന പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധനവ്.
2. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസവും ഫണ്ടിന്റെ അഭാവവും.
3. വിദഗ്ദ തൊഴിലാളികളുടെ അഭാവം
4. ദുർബ്ബല വിഭാഗങ്ങൾക്ക് നിലവിൽ നൽകി വരുന്ന ഭവനനിർമ്മാണ ധനസഹായതോത് അപര്യാപ്തം.
5. പ്യകൃതി ക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് അടിയിന്തിരസഹായമെത്തിക്കുന്നതിനുള്ള കാലതാമസം.
6. വാങ്ങുന്ന ഭൂമി തണ്ടപ്പേർ പിടിച്ച് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് റവന്യവിലുള്ള കാലതാമസം .

നിർദ്ദേശങ്ങൾ

1. പഞ്ചായത്തുതല ഭവനനിർമ്മാണം സഹകരണ സംഘം രൂപീകരിച്ച് ഭവന നിർമ്മാണ വായ്പാപദ്ധതികൾ ആരംഭിക്കുക.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.
3. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
4. പഞ്ചായത്ത് ഭൂരഹിത കർഷകതൊഴിലാളികൾക്ക് നൽകിയ ലക്ഷം വീട് കോളനികളിലെ താമസയോഗ്യമായ വീട് ഇല്ലാത്തവർക്ക് പഞ്ചായത്ത് നൽകുന്ന കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണ വായ്പകളും ഗ്രാൻറുകളും നൽകുന്നതിന് ആവശ്യമായ നിയമ വ്യവസ്ഥകൾ ഉണ്ടാകണം.
5. ഭവന രഹിതരായ മുഴുവൻ കുടുബങ്ങൾക്കും ഭവനനിർമ്മാണ വായ്പ വിവിധ ഏജൻസികൾ വഴി നടപ്പാക്കുക.
6. I.A.Y ,മില്ല്യൺ വെൽ, J.R.Y തുടങ്ങിയ ഭവനനിർമ്മാണ പദ്ധതികൾക്ക് നൽകിവരുന്ന ഗ്രാൻറ് 25,000 ആക്കി ഉയർത്തുക.
7. മൈത്രി ഭവനനിർമ്മാണ വായ്പ 50,000 ആക്കി ഉയർത്തുക.
8. ഡാനിഡ, ഇന്ദിര ആവാസ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ വിദേശ ഏജൻസികളുടെ സഹായം ഭവന നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുക.
9. പ്രകൃതി ക്ഷോഭം മൂലം ഭവന രഹിതരായവർക്ക് പുനർനിർമ്മാണത്തിന് നൽകിവരുന്ന ധനസഹായം 12,000 - ത്തിൽ നിന്ന് 20,000 ആക്കി ഉയർത്തുക.
10. നിർമ്മാണ ചെലവ് 5,00,000 രൂപയിൽ കൂടുതലായി വരുന്ന കെട്ടിടങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

സാമൂഹ്യ ക്ഷേമം

ദാരിദ്രനിർമ്മാർജ്ജനം ലക്ഷ്യമാക്കി ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതി നടപ്പാക്കലാണ് സാമൂഹ്യക്ഷേമരംഗത്ത് ഊന്നൽ നൽകേണ്ടത് . ഈ രംഗത്തുള്ള വിവിധ പദ്ധതികളുടെ അഞ്ജതമൂലം അർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നു. വിവിധ ഇനം ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ട്രേഡു യൂണിയനുകളുടേയും മറ്റ് സാമൂഹ്യസംഘടനകളുടേയും പ്രവർത്തനങ്ങൾ ഈ രംഗത്ത് കൂടുതൽ സജീവമാകേണ്ടിയിരിക്കുന്നു. സംസ്ഥാന തലത്തിലുള്ള വിവിധ ഏജൻസികളുടെ ക്ഷേമപദ്ധതികൾക്ക് ആവശ്യമായ പ്രചാരങ്ങൾ ലഭിക്കാറില്ല. ബ്ലോക്ക് വികസന വകുപ്പുകൾ വഴി നടപ്പാക്കുന്ന വനിതാ ശിശുക്ഷേമ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

വിവിധതരം വായ്പകളും ധനസഹായവും :-

I.R.D.P സർവ്വേയും വായ്പകളും.

ദാരിദ്രരേഖക്ക് താഴെയുള്ള 1291 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. അരിക്കുഴ, പെരിയാമ്പ്ര എന്നീ സർക്കിളുകളിലായി ബ്ലോക്ക് വികസന വകുപ്പിൽ നിന്നും സ്വയം തോഴിൽ

കണ്ടെത്തുന്നതിനായി ബാങ്കുകളുടെ സഹകരണത്തോടെ വിവിധപദ്ധതികൾക്ക് ധനസഹായം നൽകിയെങ്കിലും പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പ്രാദേശികാനുസരണം അല്ലാത്ത പദ്ധതി തെരെഞ്ഞെടുക്കലും ഗുണഭോക്താക്കളുടെ വായ്പ തിരിച്ചടക്കുന്നതിലുള്ള അലംഭാവം ഈ രംഗത്ത് ദോഷകരമായി ബാധിക്കുകയും അർഹരായ പലർക്കും ഈ വായ്പാസഹായം നിഷേധിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

D.W.C.R.A സഹായപദ്ധതികൾ

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. 1988 മുതൽ 95 വരെ വികസന ബ്ലോക്കുകൾ വഴി ഈ പഞ്ചായത്തിൽ വിവിധ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. സാമൂഹ്യ രംഗത്ത് ഉദ്ധാരണത്തിനും ദാരിദ്രനിർമ്മാർജ്ജനത്തിനും ഈ പദ്ധതി വഴി ഒട്ടേറെ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. തൊടുപുഴ ബ്ലോക്കിൽ നിന്നും ബാങ്കുകളുടെ സഹായത്തോടെ ഈ പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള യൂണിറ്റുകളെ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

സർക്കിളിന്റെ പേര്	തൊഴിൽ ഇനം	ധനസഹായം നൽകിയ വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	നിലവിലുള്ള പ്രവർത്തനം
പെരിയാമ്പ്ര	ഡയറി യൂണിറ്റ്	1988	30	തൃപ്തികരം
	"	1989	8	തൃപ്തികരം
1,2,3,4 വാർഡുകൾ	പലഹാര യൂണിറ്റ്	1993	7	നന്നായി പ്രവർത്തിക്കുന്നു.
	ആടുവളർത്തൽ	1995	6	തൃപ്തികരം.
അരിക്കുഴ	നെല്ലുകുത്ത്	1987--88	14	തൃപ്തികരമല്ല.
5,6,7,8 വാർഡുകൾ	ആട് വളർത്തൽ	1988--89	15	തൃപ്തികരം.
	ഡയറി യൂണിറ്റ്	1994--95	8	തൃപ്തികരം.

രണ്ട് സർക്കിളുകളിലായി 8 വാർഡുകളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ശരിയായ വിലയിരുത്തലുകൾ നടത്തണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു. തെരെഞ്ഞെടുക്കുന്ന പദ്ധതികളുടെ സാദ്ധ്യതയും, വായ്പകൾ നൽകുവാൻ ബാങ്കുകൾ കാട്ടുന്ന വിമുഖതയും ഈ രംഗത്ത് ഒട്ടേറെ തടസ്സങ്ങൾ നേരിടുന്നു. നിലവിൽ നൽകിയിട്ടുള്ള D.W.C.R.A യൂണിറ്റുകളിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒന്നാണ് പെരിയാമ്പ്രയിലുള്ള ദീപം D.W.C.R.A യൂണിറ്റ്. 7 വനിതകൾ ചേർന്ന് നടത്തുന്ന ഈ യൂണിറ്റിന് 3 സെൻറ് സ്ഥലം സ്വന്തമായും ഈ സ്ഥലത്ത് ബ്ലോക്ക് വികസന വകുപ്പിൽ നിന്നും 1.15 ലക്ഷം രൂപ ചിലവിൽ സൗജന്യമായി നിർമ്മിച്ച് നൽകിയ കെട്ടിടവുമുണ്ട്. വനിതാ ശിശുവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഡൽഹിയിൽ നിന്ന് എത്തിയ പഠനസംഘം ഈ സെൻറർ സന്ദർശിക്കുകയും നല്ല റിപ്പോർട്ട് നൽകുകയും ചെയ്തു. നിർദ്ധന കുടുംബത്തിലെ വനിതകൾക്കായി ഈ പദ്ധതി പ്രകാരം പുതിയ യൂണിറ്റുകൾ അനുവദിക്കുകയും അതു വഴി

തൊഴിൽ ലഭ്യത കൈവരിക്കുവാനും കഴിയും.

ട്രൈസം.

18 മുതൽ 35 വയസ്സു വരെ പ്രായമുള്ള ഗ്രാമീണ യുവതീ യുവാക്കൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയാണിത്. വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന ഈ സ്കീം ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പരിശീലനം നേടിയവരുടെ സർക്കിൾ തിരിച്ചുള്ള വിവരണം.

സർക്കിളിന്റെ പേര്	പരിശീലനം നൽകിയ ട്രേഡ്	ഉദ്യോഗാർത്ഥികളുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവർ
പെരിയാമ്പ്ര	തയ്യൽ	1	1
1, 2, 3, 4	T.V & റേഡിയോ		1
വാർഡുകൾ	മെക്കാനിസം	1	1
	കമ്പോസിംഗ്	1	1
	ടൈപ്പ് റൈറ്റിംഗ്	3	3
അരിക്കുഴ	ബ്യൂട്ടിപാർലർ	1	1
5,6,7,8	കമ്പ്യൂട്ടർ	1	1
വാർഡുകൾ	എംബ്രോഡയറി	2	2
	ഇലക്ട്രീഷൻ	3	3
	ഓട്ടോ ഡ്രൈവിംഗ്	1	1
	മെക്കാനിസം	1	1
TOTAL		15	15

പ്രദേശങ്ങളുടെ സാഹചര്യങ്ങൾക്കും തൊഴിൽ സാധ്യതകൾക്കും ഉതകുന്ന തരം സ്കീമുകൾ കണ്ടെത്തി തൊഴിൽ പരിശീലനം നൽകുക. പരിശീലനം സിദ്ധിച്ചവർക്ക് യഥാസമയങ്ങളിൽ സ്റ്റൈപ്പൻറും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനകാര്യസ്ഥാപനങ്ങൾ വഴി വായ്പാസൗകര്യം ഉറപ്പ് വരുത്തുക. ട്രൈസം പദ്ധതിയുടെ പ്രയോജനം കൂടുതൽ മേഖലകളിൽ എത്തിക്കുവാൻ ആവശ്യമായ ബോധവത്കരണം നടത്തുക. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണം തേടുക.

തൊഴിൽ ഉപകരണ കിറ്റ് (R.A.P)

ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികൾക്ക് പണി ആയുധങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ് അഥവാ തൊഴിൽ ഉപകരണകിറ്റ്.D.R.D.Aയിൽ

നിന്നും ബ്ലോക്ക് വഴി ഈ പഞ്ചായത്തിൽ ധനസഹായം ലഭിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കിളിന്റെ പേര്	വാർഡ്	കൈത്തൊഴിലാളികളുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	സഹായം ലഭിക്കേണ്ടവരുടെ എണ്ണം
പെരിയാമ്പ്ര	1	17	7	10
	2	5	3	2
	3	21	9	12
	4	7	3	4
അരിക്കുഴ	5	11	5	6
	6	6	2	4
	7	7	3	4
	8	22	8	14
Total		96	40	56

ഈ പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന തൊഴിൽ ഉപകരണങ്ങളുടെ തരം കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ആധുനീക തൊഴിൽ ഉപകരണങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ നുതന സാമഗ്രികൾക്ക് ധനസഹായം നൽകുന്ന രീതീ ഉണ്ടാക്കണം. മാത്രമല്ല ഗുണദോക്താവിന് തൊഴിലിന്റെ അഭിരുചിക്കും ഗുണമേൻമയുള്ളതുമായ തൊഴിൽ ഉപകരണങ്ങൾ യഥേഷ്ടം തെരെഞ്ഞെടുക്കുവാൻ സംവിധാനം ഉണ്ടാക്കണം.

D.R.D.A. നേരിട്ട് ജില്ലയിലെ ഏതാനും ചില തൽപ്പര ഏജൻസികൾ വഴി കമ്മീഷൻ വ്യവസ്ഥയിൽ ഇപ്പോൾ നടപ്പാക്കുന്ന ഈ രീതിയിൽ മാറ്റം വരുത്തി പ്രാദേശികമായി ഗുണമേൻമയുള്ള തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുവാൻ ഏർപ്പാട് ഉണ്ടാക്കണം. മാത്രമല്ല ഇപ്പോൾ നൽകിവരുന്ന ധനസഹായതോത് വർദ്ധിക്കേണ്ടതുണ്ട് .

C.R.S.P പദ്ധതി :

ദാരിദ്ര രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ചിലവ് കുറഞ്ഞ കക്കൂസ് നിർമ്മിച്ചുനൽകുന്ന പദ്ധതിയാണിത്. 1991- മുതൽ നാളിതുവരെ തൊടുപുഴ ബ്ലോക്കിൽ നിന്നും ഈ പഞ്ചായത്തിലെ ഓരോ വാർഡുകളിലും അനുവദിച്ച് നൽകിയ കക്കൂസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

സർക്കിളിന്റെ പേര്	വാർഡ്	കക്കൂസ് ഇല്ലാത്തവരുടെ എണ്ണം	C.R.S.P യിൽ ധനസഹായം ലഭിച്ചവർ	പഞ്ചായത്തു സ്കീമിൽ സഹായം ലഭിച്ചവർ	കക്കൂസിന് ഇനി സഹായം ലഭിക്കേണ്ടവർ
പെരിയാമ്പ്ര	1	145	6		
	2	82	3		
	3	182	3		
	4	134	2		
അരിക്കുഴ	5	72	2		
	6	91	4		
	7	106	3		
	8	134	6		
Total		946	29		

ഈ പദ്ധതി മൂലം വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനം ലഭിച്ചിട്ടുള്ളൂ. അടിയന്തിരമായി ആളുകൾ തിങ്ങിപ്പാർക്കുന്ന കോളനികളിലും മറ്റ് പ്രദേശങ്ങളിലും സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട് . കോളനികളെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

കോളനിയുടെ പേര്	ആകെ കുടുംബങ്ങൾ	കക്കൂസ് ഇല്ലാത്തവർ	കക്കൂസ് ഉള്ളവർ	കക്കൂസ് ഉള്ള പട്ടികജാതി കുടുംബങ്ങൾ	കക്കൂസ്ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾ	മറ്റുള്ളവർ
പുതുപെരിയാരം	42	35	7	4	9	26
കളപ്പുര	35	31	4	3	5	26
ആൽപ്പാറ	68	60	8	4	17	43
ചിറ്റൂർ ലക്ഷം	40	30	10	5	1	29
അരിക്കുഴ	22	14	8	5	2	12
ഇരുട്ടുതോട്	28	Nil	28	5	Nil	Nil
കോലടി	18	10 (പൂർത്തിയായിട്ടില്ല)	8	2	3	7

നിലവിൽ ബ്ളോക്കുവഴി നടപ്പാക്കുന്ന C.R.S.P. പദ്ധതി പ്രകാരമുള്ള ധനസഹായം (Rs. 2000/-) വരെ അപര്യാപ്തമാണ്. സാധന സാമഗ്രികൾക്കുണ്ടായിരിക്കുന്ന വില വർദ്ധനവ് പരിഗണിച്ച് Rs.5000/- ആക്കി ഉയർത്തേണ്ടിയിരിക്കുന്നു. സെൻട്രൽ പാറ്റേൺ അനുസരിച്ചുള്ള ഇരട്ടക്കുഴി സമ്പ്രദായം ഒഴിവാക്കുവാൻ നിർദ്ദേശങ്ങളിൽ ഭേദഗതി ഉണ്ടാവണം. C.R.S.P പ്രകാരം പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകണം. ആളുകൾ തിങ്ങിപ്പാർക്കുന്ന മേൽപ്പറഞ്ഞ കോളനികളിൽമുൻഗണനാ അടിഥാനത്തിൽ കക്കൂസ് നിർമ്മിക്കാൻ ധനസഹായം അനുവദിക്കുകയും ഇത്തരം കോളനികളിൽ രണ്ടും മൂന്നും പ്ളോട്ടുകൾക്ക് പൊതുവായ ടാങ്കും മുറികൾ പ്രത്യേകവും നിർമ്മിച്ചാൽ ചിലവ് കുറക്കാനാവും. പരിസര ശുചീകരണത്തിന് കൂടുതൽ ഊന്നൽ നൽകിവരുന്ന ഈ കാലഘട്ടത്തിൽ അടിയന്തിര പ്രാധാന്യം നൽകി ചിലവുകുറഞ്ഞ കക്കൂസ് നിർമ്മാണത്തിന് കൂടുതൽ സഹായം അനുവദിക്കണം.



നിർദ്ദേശങ്ങൾ

D.W.C.R.A യൂണിറ്റുകൾ

1. ദാരിദ്ര രേഖയ്ക്കു താഴെയുള്ള വനിതകൾക്ക് കൂട്ടായ സംരംഭത്തിന് നൽകി വരുന്ന ധനസഹായം കുടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക.
2. തൊഴിൽരഹിതരായ വനിതകളെ കണ്ടെത്തി തൊഴിലിന്റെ ആഭിരുചിയ്ക്കനുസരിച്ച് പ്രതിവർഷം 5 യൂണിറ്റുകൾ വീതം ഓരോ വാർഡിലുംആരംഭിക്കുക.
3. വനിതകൾക്കെന്നപോലെ തൊഴിൽരഹിതരായ പുരുഷൻമാർക്കും ഇത്തരം പദ്ധതികൾ രൂപികരിക്കുവാൻ നടപടിയുണ്ടാകണം.
4. കോളനികൾ പോലുള്ള സ്ഥലങ്ങളിൽ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ കുടിൽ വ്യവസായങ്ങൾക്ക് പദ്ധതികൾ രൂപീകരിക്കുക
5. ഈ പദ്ധതി പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ അല്ലാതെ ഒറ്റൊക്കും തൊഴിൽ കണ്ടെത്തുന്ന പദ്ധതികൾക്കം ധനസഹായം നൽകുവാൻ നിലവിലുള്ള നടപടികളിൽ ഭേദഗതി ഉണ്ടാകണം.

വിവിധ ക്ഷേമപദ്ധതികൾ

നിർധനരായ കുംടുംബങ്ങൾക്ക് ഇപ്പൊൾ നൽകിവരുന്ന ക്ഷേമപദ്ധതികൾ ഭൂരിഭാഗവും റവന്യു വഴിയാണ് നൽകുന്നത്. വില്ലേജ് ആഫീസ്വഴി നൽകി വരുന്ന കർഷകതൊഴിലാളി, വാർദ്ധ്യകൃകാല, T.Bതുടങ്ങിയ പെൻഷനുകൾ ഗ്രാമപഞ്ചായത്തു ളിലേക്ക് കൈമാറ്റം ചെയ്തതായി സർക്കാർ ഉത്തരവ് ഉണ്ടെങ്കിലും അവയുടെ നടത്തിപ്പിനെ സംബന്ധിച്ച് വളരെയധികം അവ്യക്തത നിലനിൽക്കുന്നതിനാൽ ഈ പദ്ധതികൾ ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. മാത്രവുമല്ല പഞ്ചായത്തുകളിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിയ്ക്കുന്നതിനോ അന്വോഷിച്ചു റിപ്പോർട്ടു നൽകുന്നതിനോ കഴിയാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര ഗവർമെൻറ് നടപ്പാക്കിയിരിക്കുന്ന പ്രസവാനുകൂല്യവും ഇത്തരത്തിലുള്ള പോരായ്മകൾ മൂലവും ധനസഹായം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. നിലവിലുള്ള ധനസഹായതോത് ഭൺ'300 എന്നത് ഭൺ' 500 എങ്കിലും ആക്കേണ്ടതാണ്. അതുപോലെ ചികിൽസാസഹായങ്ങൾ എന്ന നിലയിൽ നൽകുന്നT.B ക്യാൻസർ പെൻഷ നുകൾ യഥാസമയം ലഭിക്കാത്ത രോഗികൾ വളരെയ ധികം കഷ്ടപ്പെടുന്നു. ഇത്തരം ധനയഹായങ്ങളുടെ തോത് വർദ്ധിപ്പിച്ചും സമയാ സ മയങ്ങളിൽ പണം നൽകുവാൻ ഫണ്ട് റിസർവ ്ചെ യ്ത് ഇത്തരം വിഭാഗങ്ങളെ സഹായിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ മൂന്ന് നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ നൽകി വരുന്നു. നിലവിലുള്ള വിവിധ ക്ഷേമ പദ്ധതികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷികവരുമാന പരിധി കാലോചിതമായി ഉയർത്തേണ്ടതുണ്ട്. അർഹരായ പലർക്കും ഇതു മൂലം ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെന്ന കാരണത്താൽ ഇത്തരം പെൻഷനുകൾ ലഭിക്കുന്നതിനുള്ള അർഹത പലർക്കും നിഷേധിക്കുന്നു. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പെൻഷനുകൾ ലഭ്യമാക്കുവാൻ ഇപ്പോഴുള്ള സംവിധാനത്തിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. ആ പഞ്ചായത്തിൽ 28 കുടുംബങ്ങൾക്ക് വിധവാ പെൻഷൻ നൽകിവരുന്നു.

കർഷക തൊഴിലാളി പെൻഷൻ

കർഷകതൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ അർഹരായ പലർക്കും ലഭിക്കുന്നില്ല. പ്രസ്തുത അപേക്ഷകൾ പഞ്ചായത്തുവഴി സ്വീകരിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും വേണം. അതാതു മാസങ്ങളിൽ ഇത്തരം പെൻഷനുകൾ നൽകുവാൻ സംവിധാനം ഉണ്ടാകണം.

തൊഴിലില്ലായ്മാ വേതനം.

ഇപ്പോഴുള്ള സംവിധാനം അനുസരിച്ച് അർഹരായ പലർക്കും ഈ ആനുകൂല്യം ലഭിക്കാതെയും അർഹത ഇല്ലാത്ത പലർക്കും നൽകി വരുന്ന രീതികൾ പരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തിന് മണക്കാട് വില്ലേജ് വഴി നൽകിവരുന്ന വിവിധ പെൻഷനികളെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

അഗതി പെൻഷൻ	-	10
വിധവ, വികലാംഗർ	-	70
കർഷകതൊഴിലാളി	-	565
തൊഴിലില്ലായ്മ വേതനം		-660

അംഗൻവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് പ്രവർത്തി ക്കുന്ന മഹനീയസ്ഥാപനങ്ങളാണ് അംഗൻ വാടി കൾ. എട്ട് വാർഡുകളുള്ള ഈ പഞ്ചായത്തിൽ 15 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. 1000 ജനസം ഖ്യക്ക് ഒരു സെൻറർ എന്നാണ് I.C.D.S -ൻെറ നിബന്ധനയെങ്കിലും പതിനാറായിരത്തി നടുത്ത് ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു സെൻറർ കൂടി അനുവദിക്കേണ്ടതുണ്ട്. ഇപ്പോഴു ള്ള അംഗൻവാടികളിൽ അഞ്ചെണ്ണത്തിനു മാത്രമാ ണ് സ്വന്തമായി കെട്ടിടമുള്ളത്. ഇവയിൽ രണ്ടെ ണ്ണം ബ്ലോക്കുവികസന വകുപ്പും മൂന്നെണ്ണം പ ഞ്ചായത്തുമാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിൽ സാമൂഹ്യക്ഷേമവകുപ്പിൻെറ ഉദാ സീനത എടുത്തുപറയേണ്ടതുണ്ട്. ഇപ്പോഴുള്ള സെൻററുകളിൽ പ്രാഥമിക സൗകര്യങ്ങൾ വളരെ കുറവാണ്. ഇംഗ്ലീഷ് മീഡിയം പോലുള്ള പ്രീ -പ്രൈമറി സ്ഥാപനങ്ങളിലേക്ക് കുട്ടികളെ അ യക്കുന്നതിലേക്കുള്ള രക്ഷിതാക്കളുടെ പ്രവ ണത ഗ്രാമീണ മേഖലയിലുള്ള ഇത്തരം സ്ഥാപ നങ്ങ ളെ സാരമായി ബാധിക്കുന്നു. കുട്ടികൾക്ക് ക ളിപാ ട്ടങ്ങളും മറ്റു സൗകര്യങ്ങളും ഇത്തരം സെ ൻററുകളിൽ ഏർപ്പെടുത്തേണ്ടതുണ്ട്. പുത്തൻ ത ലമുറയെ വാർത്തെടുക്കുന്ന ഇത്തരം മഹത്തായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാ ർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം തികച്ചും അപര്യപ്തമാണ്. രാവിലെ മുതൽ വൈകുന്നേരം വരെ ജോലി ചെയ്യുകയും ഗ്രഹസന്ദർശനം ഉ ൾപ്പെടെ ആരോഗ്യരംഗത്ത് ഇവർ നൽകി വരുന്ന സേവനം സ്തുത്യർഹമാണ്. നാടിൻെറ ഉന്നമന ത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവന ക്കാരുടെ വേതനം കാലോചിതമായി ഉയർത്തേ ണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. ICDS-ൻെറ കീഴിൽ പ്രവർത്തിക്കുന്ന ഇ ത്ത രം സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മി ക്കുന്ന തിന് സാമൂഹ്യക്ഷേമവകുപ്പിൽ നി ന്നും E.A.S പോലുള്ള മറ്റുപദ്ധതികളിൽ നിന്നും സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുവാൻ നടപടിയുണ്ടാ കണം.
2. സ്വന്തമായി സ്ഥലവും കെട്ടിടവുമല്ലാത്ത സെൻ ററുകൾക്ക് സർക്കാർ വക തരിശുകളും M.V.I.P- വക ഒഴിവായി ക്കിടക്കുന്ന സ്ഥലങ്ങളും അനുവദിക്കുക.
3. ഇപ്പോൾ അംഗൻവാടി ഇല്ലാത്ത രണ്ടാം വാർ ഡിൽ മൈലാടുംപാറ ഭാഗത്ത് പുതുതാ യി ഒരു സെൻറർ അനുവദിക്കുക.
4. പഞ്ചായത്തിൽ മാതൃകാ അംഗൻവാടി ക്കായി മുണ്ടൻ മലയിലുള്ള സെൻററിന് കെട്ടിടം നിർമ്മി ക്കുവാൻ തുടക്കമ പണം അനുവദിച്ചു എന്ന് പറ യുന്നുണ്ടെങ്കിലും നാളിതുവരെ പ്രാരംഭനടപടികൾ ആരംഭി ച്ചിട്ടില്ല.
5. അംഗൻവാടി സെൻററുകളിൽ പാചകാ വശ്യ ത്തിനുള്ള ഉപകരണങ്ങളും കളിക്കോ പ്പുകളും വാങ്ങിച്ചുനൽകുന്നതിന് സാമൂഹ്യ ക്ഷേമവകുപ്പിൽ നിന്നും ഫണ്ട് അനുവദി ക്കുക.
6. ഇത്തരം സ്ഥാപനങ്ങളിൽ ശുചിത്വ പരി പാല നത്തിന് കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.
7. പാചകാവശ്യത്തിന് എല്ലാ സെൻററുകളി ലും ഗ്യാസ് കണക്ഷനുകൾ നൽകുക.
8. അംഗൻവാടികളുടെ കാര്യക്ഷമമായ പ്ര വർത്ത നത്തിന് മാതൃസംഗമങ്ങളുടേയും വെൽഫെയർ കമ്മറ്റികളുടേയും പ്രവർത്തനം സ ജീവമാക്കുക.



കെട്ടിടങ്ങൾ നിർമ്മിക്കേണ്ട സെൻററുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കുന്നത്തുപാറ സെൻറർ-I
2. കുന്നത്തുപാറ സെൻറർ-II. } സ്ഥലം കണ്ടെത്തി കെട്ടിടംനിർമ്മിക്കണം

3. പച്ചൂർ സെൻറർ - ,,
4. പാറക്കടവ് - ,,
5. പൊതനം കോട് - ,,
6. കോലടി - ,,
7. മുണ്ടൻ മല - സ്ഥലം ഉണ്ട് -കെട്ടിടംനിർമ്മിക്കണം.
8. ഇരുട്ടിതോട് - ,,
9. പൊറ്റബ്രപാറ - ,,

കെട്ടിട നിർമ്മാണ ക്ഷേമനിധി

കെട്ടിട നിർമ്മാണ രംഗത്ത് ഒട്ടേറെ പേർ പ ഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു. ഇത്തര ക്കാ ർക്ക് സർക്കാർ നടപ്പാക്കിവരുന്ന ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ ആൾക്കാർക്കും ലഭിക്കുന്നില്ല. വിവിധ തൊഴിലാളി സംഘടനകൾ ഈ രംഗത്ത് ഉ ണ്ടെങ്കിലും അവയുടെ പ്രവർത്തനം കൂടുതൽ മേഖ ലകളിലേക്ക് വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. കൂടാ തെ മറ്റ് അസംഘടിതമേഖലയിലുള്ള തൊഴിലാളികൾക്കും ക്ഷേമനിധികൾ ഏർപ്പെടുത്തേണ്ടതുണ്ട്. സാമൂഹ്യ ക്ഷേമവകുപ്പും മറ്റ് ഏജൻസികളും നടപ്പാക്കുന്ന വി വിധ ക്ഷേമപദ്ധതികൾ ജനങ്ങളിൽ എത്തിക്കുവാൻ ആവശ്യമായ പ്രചരണങ്ങളും സെമിനാറുകളും പഞ്ചാ യത്തുതലത്തിൽ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

പൊതുവിതരണ സമ്പ്രദായം

പഞ്ചായത്തിൽ എട്ട് റേഷൻ കടകൾ പ്രവർ ത്തിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	റേഷൻ കടയുടെ പേര്	വാർഡ്
1.	ചിറ്റൂർ	I
2.	അരിക്കുഴ NO I	VII
3.	അരിക്കുഴ NO II	VII
4.	പാറക്കടവ്	VI
5.	വഴിത്തല	V
6.	പെരിയാമ്പ്ര	III
7.	പുതുപ്പരിയാരം	II
8.	മണക്കാട്	II

പഞ്ചായത്തുനിവാസികളുടെ സൗകര്യാർത്ഥം പുതുതായി VIII- ആം വാർഡിൽ ആല്ലാറയിലും IV- ആം വാർഡിൽ നെടിയശാലയിലും ഓരോ റേഷൻകടകൾ ആരംഭിക്കേണ്ടതുണ്ട്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പുതിയ കാരഡുകൾ നൽകുന്നതുൾപ്പെടെയുള്ള കാലതാമസങ്ങൾ ഒഴിവാക്കുക.

അരിക്കുഴ, പുതുപ്പരിയാരം, മണക്കാട് എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുക.

പൊതുവിതരണ മേഖല സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം കാര്യക്ഷമവും കുറ്റമറ്റതുമാക്കിത്തീർക്കുവാനും പഞ്ചായത്തല ഉപഭോക്തൃസംരക്ഷണസമിതികൾ രൂപീകരിച്ച് ഈ രംഗത്തെ കൂടുതൽ ജനകീയമാക്കണം.

കൃഷിയും ജലസേചനവും

പദ്ധതിയാസൂത്രണവും ആസൂത്രിതമായ വികസനപ്രവർത്തനങ്ങളുടെ നിർവ്വഹണവും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ചെയ്യുവാൻ പോകുന്ന ഈ സന്ദർഭത്തിൽ വികസനപംഗത്തെ മുഖ്യ ഘടകങ്ങളാ യ കൃഷിയേയും കൃഷിയുടെ തന്നെ അനുബന്ധമെന്നു പറയാൻ കഴിയുന്ന ജലസേചനത്തേയും ഒന്നാമതാ യി കണ്ടുതന്നെ നാം പദ്ധതി ആസൂത്രണം നടത്തേ ണ്ടിയിരിക്കുന്നു. നമ്മുടെ സമസത മേഖലകളും കാർഷി കരംഗത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധ പ്പെട്ടാണ് സ്ഥിതി ചെയ്യുന്നത്. നമ്മുടെ വികസന റിപ്പോർട്ടിന്റെ തുടക്കം കൃഷിയിൽനിന്നും ജലസെചന ത്തിൽനിന്നും തന്നെ ആയിരിക്കട്ടെ.

കൃഷിയുടെ അടിസ്ഥാനഘടകം ഭൂമിയാണല്ലോ. ചെടികളുടേയും ജീവജാലങ്ങളുടേയും ഭവനമെന്നാ ണല്ലോ മണ്ണിനെ വിശേഷിപ്പിക്കുന്നത്. മണ്ണില്ലാത്ത, ജലമില്ലാത്ത, കൃഷിയെന്തെന്നു ചിന്തിക്കുക ദുഷ്കരമാ ണ്. എല്ലാ ഭൗതിക നേട്ടങ്ങളുടേയും ഉറവിടവും താവ ളവും ഭൂമി തന്നെയാണ്. മണ്ണിനുവേണ്ടിയുള്ള സമര ങ്ങളുടേയും യുദ്ധങ്ങളുടേയും കഥ തന്നെ യാണ ല്ലോ ലോകചരിത്രം തന്നെ. അപ്പോൾ എന്തുകൊണ്ടും അനി ഷേധ്യമായ മണ്ണിൽ ഊന്നി നിന്നുകൊണ്ടു തന്നെ നമുക്കു തുടങ്ങാം.

നമുക്ക് എത്ര ഭൂമിയുണ്ട് ?. നമ്മുടെ ഭൂമി എങ്ങനെ സ്ഥിതി ചെയ്യുന്നു?. ഈ ഭൂമിയിൽ ഏതെല്ലാം മൺതരങ്ങൾ കാണപ്പെടുന്നു?. ഭൂമിയുടെ ദാഹം തീർക്കാൻ സസ്യജാലങ്ങളെ ഹരിതാഭമായി നിലനിർ ത്തുവാൻ ആവശ്യമായ ജലം ഈ ഭൂമിയിൽ ലഭ്യമാണോ?. ഇവിടുത്തെ കാലാവസ്ഥയും പരിത സ്ഥിതി കളും എപ്രകാരമാണ്?. സമഗ്രമായ ഈ ചോദ്യ ങ്ങളുടെ മറുപടികൾ കണ്ടെത്തി ഏറ്റക്കുറവുകളെ പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ആസൂത്രണത്തി ലേക്കു നമുക്കു പ്രവേശിക്കാം.

സുമാർ 5700 ഏക്കർ വിസ്തൃതമായ ഭൂമി നമുക്കു ണ്ട്. ഈ ഭൂമിയിൽ 5000 ഏക്കർ വിശാലമായ ഭാഗം കൃഷിയോഗ്യമാണ്. കൃഷിയോഗ്യമായ 5000 ഏക്കറിൽ 4400 ഏക്കർ ഭാഗം പുരയിടങ്ങളാണ്. 600 ഏക്കർ സ്ഥലം നെൽകൃഷിക്കുപകരിക്കുന്ന സമതലങ്ങളാണ്. ഏതാണ്ട് 500 ഏക്കർ ഭാഗത്തോളം തരിശും പുറം പോക്കുമായി കാണപ്പെടുന്നുണ്ട്. 200 ഏക്കർ സ്ഥല ഭാഗങ്ങൾ വിവിധ മേഖലകളിലായി ഭവനനിർമ്മാണം, പൊതുസ്ഥാപന നിർമ്മാണം, കെട്ടിടനിർമ്മാണം ഇവ കൾക്കായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ഇതാണ് നമ്മുടെ മണ്ണിന്റെ ഏകദേശചിത്രം.

ഭൂപ്രകൃതി

5700 ഏക്കർ വിസ്തൃതമായ നമ്മുടെ ഭൂമിയിൽ പ്യകൃതി അനുസരിച്ച് ഏതാണ്ട് 1100 ഏക്കർ സ്ഥലഭാ ഗം സമതലാവസ്ഥയിലാണ്. ഈ സമതലത്തിൽ നിന്നും-(തൊടുപുഴയാറ് സന്ധിക്കുന്ന മൂഴിക്കൽ കടവ് പ്രദേശം -ഏറ്റവും താഴ്ന്ന സമതലം) - 10 മുതൽ 120 മീറ്റർ ഉയരത്തിൽ വരെയാണ് ബഹുഭാഗം ഭൂപ്രദേശ ങ്ങളും സ്ഥിതി ചെയ്യുന്നത്. ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളെ മലകളെന്ന അർത്ഥത്തിൽ തന്നെയാണ് കണക്കാക്കുന്നത്. ഉയരാധിക്യം ഉള്ള സ്ഥലങ്ങളുടെ പേരുകളും അന്യത്ര ചേർത്തുകൊള്ളുന്നു. മുണ്ടൻമ ല, താമല, പൊങ്ങൻപാറ, പച്ചൂതണ്ട്, ചങ്ങനാമറ്റം, ഉന്നക്കാട്ടുമല, കല്ലോലിമല, കൂറ്റൻമല, ചാലിൽമല, ത ട്ടാമല, ശൗര്യൻതണ്ട്, ഭഗവതികുന്ന്, വാന്തീപാറ, പെരിഞ്ചിറ കുന്ന് എന്നിവ. 850 ഏക്കറോളം വിശാലമാണ് ഈ മലകളിലെ പാറക്കൂട്ടങ്ങളും, മണ്ണും കല്ലും ചേർന്ന ഭാഗങ്ങളും ഉയർന്ന മല ശിഖരങ്ങളും. 30 ഡിഗ്രി മുതൽ 70 ഡിഗ്രി വരെ ചരിവുള്ളതും, 1 മുതൽ 2.5 കിലോമീറ്റർ വരെ ദൈർഘ്യം വരാവുന്നതുമായ ചരിവുതലങ്ങളായ ഭൂമി ഏതാണ്ട് 3700 ഏക്കർ വിസ്തൃതമായി സ്ഥിതി ചെയ്യുന്നു.

മൺതരങ്ങൾ

ഘടനാപരമായി നാലുതരം മണ്ണിനങ്ങളെ ഇവിടെ നമുക്കുദർശിക്കാൻ കഴിയും അവ 1. ചെമ്മണ്ണ്, 2. പശിമരാശി മണ്ണ്, 3. തോണ മണ്ണ്, 4. വെള്ളാരൻ ഇവയാണ്. ഇതിൽ ചെമ്മണ്ണ് ചെമപ്പു നിറത്തോടു കൂടിയതും, വെട്ടുകൽ അംശം കലർന്നതും പശിമ സ്വഭാവം ഉള്ളതുമാണ്. പശിമരാശി മണ്ണെന്നു പറയുന്നത് പൂർണ്ണമായഅളവിൽ ആ സ്വഭാവം കാണിക്കുന്നില്ലെങ്കിലും ചെളിയും നേർത്ത മണൽ കണികകളും ഉൾപ്പെട്ടതും ജൈവ പ്രകൃതിയോടു കൂടി യതുമാണ്. തോണമണ്ണ് കറുത്ത നിറമുള്ളതും, മണൽ ചേർന്നതും എളുപ്പത്തിൽ വരളച്ച ബാധിക്കുന്നതുമാണ്. വെള്ളാരൻ കടുത്ത ഉപരിതല സ്വഭാവമുള്ള വെളുത്ത കല്ലുകൾ ചേർന്നതാണ്. ഈ മൺതരങ്ങളുടെ ശരാശരി അളവ് യഥാക്യമം താഴേ വിവരിക്കും പടി 2850, 620, 1170, 360 ഏക്കർ പ്രകാരമാണ്.

കാലാവസ്ഥ

പൊതുവിൽ ഒരു മിതോഷ്ണ കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്. 6 മാസം മഴയും 2 മാസം സാമാന്യം ശക്തമായ തണുപ്പും 4 മാസത്തോളം ചൂടും അനുഭവപ്പെടുന്നു. ചൂട് 30 ഡിഗ്രി സെൽഷ്യസ് വരെ എത്തുന്നു മഴയുടെ റെഞ്ച് എന്നുപറയുന്നത് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെതിനു സമാനമാണ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കാലവർഷവും സെപ്റ്റബർ ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ശക്തമാണ്. അപൂർവ്വ സന്ദർഭങ്ങളിൽ വേനൽ മഴയും, ന്യൂനമർദ്ദം വഴി അപ്രതീക്ഷിത മഴയും ഉണ്ടാകാറുണ്ട്. വേനലും വർഷവും ഒരുപോലെ പ്രകൃതിക്ഷഭങ്ങൾ വരുത്താ റുണ്ട്. പ്രളയക്കെടുതിയും വരൾച്ചാ ദുരിതവും ഇവിടെ സംഭവിക്കുന്നു.

വർൾച്ചയും പ്രളയവും

4 മാസക്കാലം ചൂട് അനുഭവപ്പെടുന്നതായി കാലാവസ്ഥാ വിശകലനത്തിൽ നാം കണ്ടു. എന്നാൽ ഈ നാലുമാസക്കാലത്തെ ചൂട് പഞ്ചായത്തിലെ വിവിധ മേഖലകളിലെ ഭൂമിയുടെ ഉപരിതലത്തെ കാര്യമായി ബാധിക്കുകയും മണ്ണും സസ്യങ്ങളും വരണ്ടു പോകുന്നതും ഒരു പ്രതിഭാസം തന്നെയാണ്. പരിതസ്ഥിതി സംരക്ഷണത്തിലുണ്ടായ വാചാലമായ മൗനം തന്നെ ആയിരിക്കാം മണ്ണിന്റെ ജൈവഘടനയെയും ജലസംഭരണസേഷിയേയും തകർത്തത്. ദീർക്കകാലം ജലപ്രവാഹമുള്ള അരുവികളോ, മറ്റ് ഉറവകളോ ഉൾനാടുകളിൽ വളരെ വിരളമാണ്. വരൾച്ചയെ നേരിടുന്നതിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ വളരെ പ്രസക്തമായിമാറുന്നത് ഇവിടെയാണ്. മണ്ണിനെയും, മനുഷ്യനെയും , സസ്യങ്ങളെയും വരൾച്ചയിൽ നിന്നു സംരക്ഷിക്കുവാൻ ഉതകുന്ന ജലസേജന പദ്ധതികൾ സമഗ്രമായി ഈ അഗ്ഘ്യായത്തിൽ ഭംഗ്യംന്തരേണ വിവരിച്ചുകൊള്ളാം. ശക്തമായ മഴക്കാലത്ത് മണ്ണൊലിപ്പാണ് മറ്റൊരു പ്രദാന വിഷയം ആറുകൾ, തോടുകൾ പുരയിടങ്ങൾ ഇവയെ കെട്ടിസം രക്ഷിക്കുകയോ ബണ്ടുകൾ നാർമ്മിച്ച് ഒലിപ്പിൽ നാന്നു രക്ഷിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു.

വരളച്ച അനുഭവപ്പെടുന്ന പ്രദേശങ്ങൾ, പെരിഞ്ഞിറക്കുന്ന്, ചൊറികണ്ണൻ പാറ, മൈലാടുംപാറ മനക്കപ്പറമ്പ്, വള്ളോൽ കല്ല്, പൊറ്റമ്പ, മുടക്കുള്ളി, വാണിയംപാറ, വരിക്കാനിത്തടം, ഇരുമിപ്പാറ, ഇരുട്ടുതോട്, കോലടി, പള്ളിപുറം, താമല, പൊങ്ങൻപാറ, ഒരകുലത്ത്, പച്ചുതണ്ട്, വാന്തിപാറ, കല്ലോലിമേപ്പുറം, തട്ടാമല, തേക്കുമല, അല്മല, ആപ്പാറ, ഞെടിഞ്ഞിപ്പാറ എന്നിവയാണ്.

മണ്ണൊലിപ്പുനടക്കുന്നത് തൊടുപുഴയാറിന്റെ കരയോരം, മാറികമൂഴിക്കൽ കടവ് തോടിന്റെ ഇടതുവശം കരഭൂമികൾ, പഞ്ചായത്തിലെ പാടശേഖങ്ങളെ ബന്ധിച്ചുള്ള തോടുഭാഗങ്ങൾ. 8 വാർഡു കളിലായി കാണപ്പെടുന്ന ചരിവുതലങ്ങൾ ഈ പ്രദേശങ്ങളിലാണ്.

കൃഷികൾ ഇവിടെ

മുൻകാലങ്ങളിൽ ചെയ്തിരുന്നതും ഇന്ന് തുടർന്നുപോരുന്നതും, പുതുതായി ആവിഷ്കരിച്ചതും, പുതുതായി ആവിഷ്കരിച്ചവയും, നാളെ നമുക്ക് ആവിഷ്കരിക്കാൻ കഴിയുന്നതുമായ കൃഷികളെ സംബന്ധിച്ചും ഇന്ന് നാം കാർഷികരംഗത്ത് നേരിടുന്ന ഭീഷണികൾക്കും വെല്ലുവിളികൾക്കും എങ്ങിനെ പരിഹാരം കണ്ടെത്തി ദൂരികരിക്കാമെന്നും , ഇവിടെ പദ്ധതിയടിസ്ഥാനത്തിൽ നമുക്ക് കണ്ടെത്താം.

നമ്മുടെ കൃഷിരീതികൾ നാലുതരത്തിലാണ് നടന്നുവന്നിരുന്നത്. ധാന്യങ്ങൾ, ഫലമൂലാതികൾ, പച്ചക്കറികൾ, നാണ്യവിളകൾ എന്നിങ്ങനെ നാലുരീതികളെയാണ് നാം അവലംബിച്ചിരിക്കുന്നത്. ഇന്ന് ആ നിലയിൽ ചില മാറ്റങ്ങൾ ഉണ്ട്. നാളെ ഒരു സമഗ്ര പരിവർത്തനം അനിവാര്യമാണ്.

ധാന്യ അടിസ്ഥാനത്തിലുള്ള കൃഷികൾ പൂർണമായും ഭക്ഷ്യ ആവിശ്യത്തിലേക്കാണ് ഉപയോഗപ്പെടുത്തി പോന്നത്. പ്രധാന ധാന്യ ഇനങ്ങലായി കൃഷിചെയ്ത് പോന്നിരുന്നവ, നെല്ല്, വരക്, ചാമ, കുറുംപുല്ല്, എള്ള്, മുതിര ഇവകൾ ആയിരുന്നു. ഫലമൂലാതികൾ. ഫലമൂലാതികളെ രണ്ടായി തിരിക്കാം A. കാഫലം തരുന്നവ. B. മൂലകങ്ങൾ (കിഴങ്ങുകൾ) നല്കുന്നവ. ഇതിൽ ഫലം നൽകുന്ന വയുടെ ഇനത്തിൽ ഉൾപ്പെടുന്നവയാണ് തെങ്ങ്, മാവ്, പിലാവ് പുളിവർഗ്ഗങ്ങൾ, കാളിപ്പന ഇവ. ഇവ പൊതു വൃക്ഷങ്ങളാണെന്ന പ്രതേകത കാണാം. മൂലകങ്ങൾ (കിഴങ്ങുകൾ) പ്രദാനം ചെയ്യുന്ന ഇനങ്ങളാണ് കപ്പ, ചേന, ചേമ്പ്, കാച്ചിൽ, പൂടക്കിഴങ്ങ (ചെറുകിഴങ്ങ്, വള്ളികിഴങ്ങ്), മധുരകിഴങ്ങ്, കൂർക്ക ഇവ ഇതിൽപ്പെടുന്നു. മൂന്നാമത്തെ ഇനം കൃഷിരൂതി പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയുമാണ്. പച്ചക്കറി ഇനങ്ങളായി ഹൃസ്വകാല വിള എന്ന നിലയിൽ കൃഷി ചെയ്തുവരുന്നവ പാവൽ, പടവൽ, വെള്ളരി മത്ത, വെണ്ട, വഴുതന, പച്ചമുളക്, ചീര, പയർ കുമ്പളം, ചുര, പീച്ചിൽ, കപ്പളം ഇവയും പഴവർഗങ്ങൾക്കായി വാഴ, പൈനാപ്പിൾഇവയുമാണ്. ഇതിൽ പൈനാപ്പിൾ ഒരു നവാഗതനാണ്. ഇതിന്റെ കൃഷിതന്നെ വാണീജ്യാടിസഥാനത്തിലാണ്. നാലാമത്തെ തരം കൃഷി എന്നത് മുഖ്യമായും നാണ്യവിള കൃഷികളാണ്. നാണ്യവിള കൃഷികളിൽ മുഖ്യമായവരുന്നവ, കുരുമുളക്, അടക്ക, കശുമാവ്, കൊക്കോ, ജാതി, കാപ്പി, റബർ ഇവയാണ്. ഫലങ്ങൾക്കായി മുൻകാലത്ത് കൃഷിചെയ്ത് വന്നിരുന്ന തെങ്ങുകൾ ഇന്ന് നാണ്യ വിളയുടെ പട്ടികയിൽ കുടിയേറിയിട്ടുണ്ട്. മാവ് ആ സ്ഥിതിയിൽ തന്നെയാണ് നമ്മുടെ സംസ്ഥാനത്തെ മറ്റു ചില ജില്ലകളിൽ പണ്ട് നാണ്യ സമ്പാദനത്തിനായി

വ്യാപകമായി ചെയ്തുവന്നിരുന്നതും ഇപ്പോൾ അന്യം വന്നിട്ടുള്ളതുമായ ഒരു പ്രത്യേക കൃഷിയാണ് തെരുവ.

കൃഷിക്കായി ആദ്യം ഉപയോഗിച്ചത് നെല്ലിനങ്ങളെയാണ്. ആഹാര ആവിശ്യമായിരുന്നു ഇന്നത്തെ മുഖ്യ വിഷയം. നെൽകൃഷി ചെയ്യുന്ന പാടങ്ങൾക്കുമാത്രമായിരുന്നു പൗരാണീകകാലത്ത് ഭൂമി സംബന്ധിച്ച രേഖാപരമായ അവകാശങ്ങൾ സിദ്ധിച്ചിരുന്നത്. നെൽപ്പാടങ്ങളോടു ചേർന്ന കരഭഗങ്ങൾക്ക് രേഖാപരമല്ലാതെ കൈവശ അനുഭവ അവകാശം പണ്ടുണ്ടായിരുന്നു. പാടങ്ങളിലേക്കുള്ള നീരുറവകൾക്കായും, കൃഷി ആവിശ്യത്തിന് പച്ചില സംഭരിക്കുന്നതിന്നുമെക്കെ വേണ്ടിയാണ് ഈ വിരിപ്പു കര ഭൂമികൾ മാറ്റിവക്ക പ്പെട്ടിരുന്നത്. ഇന്നത്തെ ആധാരങ്ങളിൽ കാണുന്ന "വിരിവ്" എന്ന പദപ്രയോഗം അന്നത്തെ സംമ്പ്രദായത്തിന്റെ പിൻതുടർച്ചയെയാണ് കാണി ക്കുന്നത്. നെല്ലിനു ശേഷം ഔഷധഗുണം ഏറിയതും, കൂടുതൽ പ്രോട്ടിനുകളടങ്ങിയതുമായ ചാമ, വരക്, കുരുംപുല്ല്, മുതിര, എള്ള് എന്നിവയുടെ കൃഷി രീതികളും ആവിഷ്കരിക്കപ്പെട്ടു. എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങൾ ഇന്ന് അപൂർവ്വമായി മാറിക്കൊ ണ്ടിരിക്കു കയാണ്. ഇപ്പോൾ ഇതുകളുടെ ആവിശ്യം നിറവേറുന്നത് അന്യ സ്ഥലങ്ങളെ ആശ്രയിച്ചാണ്. ഇത് ഒരു രരാതീനതയാണ്. ഇതുസംമ്പന്ധിച്ച്നമുക്കു ചില പുതിയ പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

നെൽപ്പാടങ്ങളുടെ കൃഷികൾ കൊണ്ട് ആവശ്യാ നുസരണംധാന്യം (നെല്ല്) ഉൽപ്പാദിപ്പിക്കുവാൻ കഴിയാത്ത സ്ഥിതി പിന്നിടുണ്ടായി. (ജനസം ഖ്യാവർദ്ധന) ഈ നിലയിൽ എത്തിയപ്പോഴാണ് മലകൾ വെട്ടി തീയിട്ട നശിപ്പിച്ചത്. ഇതോടൊപ്പം തന്നെ ചാമ, വരക് തുടങ്ങയ പുതിയ ഇനം ധാന്യങ്ങളും ആവി ഷ്കൃതമായി. A. D. 1900 വരെ ഏതാണ്ട് ഈ നില യിൽ തന്നെ നമ്മുടെ നെൽകൃഷിയുടെയും ധാന്യങ്ങ ളുടെയും അവസ്ഥ നിലനിന്നു പോന്നു. ജനിത്വം നിലനിന്നിരുന്ന ആ കാലത്ത് വെറും ഭക്ഷണത്തിനു വേണ്ടി മാത്രം തൊഴിൽ ചെയ്യേണ്ട വ്യവസ്ഥയും ഉണ്ടാടി രുന്നു. ജനിക്കു കോപം വന്നാൽ കൂലിയിനത്തിൽ ലഭ്യമാകുന്ന കഞ്ഞി പോലും അന്നു നിഷദ്ധമായിരുന്നു.

18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെയും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയും സാമൂഹിക രംഗത്ത് ചില നേരിയ മാറ്റങ്ങൾ ഉണ്ടാവുകയും ധാന്യം കൂലി യായി നൽകുന്ന സമ്പ്രദായം ഉടലെടുക്കുകയും ചെയ്തു. 1970-75 കാലഘട്ടം വരെ ഏതാണ്ട് നല്ല നിലയിൽ തന്നെ നമ്മുടെ കർഷകർ നെല്ലുൽപാദന രംഗത്ത്പ്രവർത്തിച്ചു വന്നു. ഹരിതവിപ്ലവത്തിന്റെ കാലത്തിനു മുമ്പ് വെറും നാടൻ ഇനങ്ങളാണ് വ്യാപകമായി നമ്മുടെ നെൽ കൃഷിക്ക് ഉപയോഗിച്ചു പോന്നത്. ഉൽപാതന ക്ഷമത കുറഞ്ഞ ആ ഇനങ്ങളെ ഈ അവസരം ഒന്നു പരിച യപ്പെടാം. കറുത്താര്യൻ, വെള്ളമുണ്ട, വെള്ളരൻ, കല്ലെട യാര്യൻ, അന്നം ചെമ്പാവ്, ഞവര, ആയിരംകണ്ണി, ഒവൻചാര, പൂഞ്ഞാലി, പൂതകാളി എന്നു തുടങ്ങി അനേകം നാടൻ ഇനങ്ങൾപണ്ടുണ്ടായിരുന്നു. എന്നാൽ ശാസ്ത്രസാഗേതിക വിദ്യയുടെ വളർച്ചയോടെ പുതിയ സംഗര ഇനങ്ങൾ ഹരിതവിപ്ലവകാലത്തോടെ ആവിർഭവിച്ചു. അവകൾ തൈനാൻ ത്രി, ഐ. ആർ. 8., എ. ആർ. 5, ജയ, കൾച്ചർ 28, ത്രവേണി എച്ച് 4 തുട ങ്ങയ പല ഇനങ്ങളും രംഗത്തു വന്നു. ഇന്നിപ്പോൾ പുതിയവ പുതിയവ നാൾക്കുനാൾ നമ്മുടെ കൃഷിക്കാരുടെ ഇടയിൽ എത്തുന്നുണ്ട്.

വിത്തുകളുടെ സ്ഥിതി ഇതൊക്കെയാ ണെങ്കിൽ നമ്മുടെ കൃഷിയുപകരണങ്ങളുടെയും പ്രത്യേകതകൾ കൂടി അറിഞ്ഞിരിക്കാം. പണ്ട് നമ്മു ക്കുണ്ടായിരുന്ന കൃഷി ഉപകരണങ്ങൾ കലപ്പ, നുകം, ഞൗരി ഇവ ആയിരുന്നു. കൃഷിക്കായി പാടമൊരു ക്കുവാൻ കാളകളെയും പോത്തിനേയും ഉപയോഗിച്ചു പോന്നു. ആ കാലത്ത് ജലസേജനത്തിനായി മൺചിറകൾ നിർമ്മിക്കുകയും ചെയ്യുക സാധാരണ മായിരുന്നു. ഏതാണ്ട് 40 വർഷം നുൻപുവരെ നമ്മുടെ നാട്ടിൽ ഇതോക്കെ ഗൃശ്യമായിരുന്നു.

1950-55 കാലത്തോടെ കൃഷിചെയ്യുന്ന രീതിയിൽ ചില മാറ്റങ്ങൾ ഉണ്ടായി ആദ്യമായി നമ്മുടെ പാടശേഖരങ്ങൾ ഉഴുന്നതിന് ട്രാക്ടർ എന്ന ഉപകരണം രംഗപ്രവേശം ചെയ്തു. പിന്നീട് ടില്ലർ വന്നു. വികസിത രാജ്യങ്ങളിലെ സാങ്കേതിക വിദ്യ നമ്മുടെ രാജ്യത്ത് എത്തിയതിന്റെ ഫലമായി കാർക്ഷിക ഉപകരണ ങ്ങളുടെ രംഗത്ത് ഗണ്യമായ മാറ്റങ്ങൾ ഉണ്ടായി. തേകുന്ന സമ്പ്രദായത്തിൽ നിന്നും മാറി മോട്ടോർ വച്ച് ജലം പമ്പു ചെയ്ത് പാടങ്ങളിൽ എത്തിക്കുവാൻ നമുക്കു കഴിഞ്ഞു. സ്ബാറുകളുടെ നിർമാണവും പുതിയതായി ഉണ്ടായി. ഇതൊക്കെ ഒരു നവീനതയായിരുന്നു.

മുൻകാലങ്ങളിൽ 1955 നു മുൻപ് ചവറും, ചാണകവും, ചാരവും മാത്രമാണ് നെൽ കൃഷിക്ക് വളമായി ഉപയോഗപ്പെ ടുത്തി യിരു ന്നത്. അതു പോലെ തന്നെ കീടനിയന്ത്രണ ത്തി നായി മ ന്ത്രവാദവും പ്രാർത്ഥനയും ജപിച്ച വെള്ളം തളി ക്കുന്ന ഏർപ്പാടും 40 വർഷ ങ്ങ ൾ ക്കപ്പുറം വരെ നിലനിന്നിരുന്നു. ഇപ്പോഴും അ പൂർവമായി ചിലരെ ആ തുറയിൽ കണ്ടേ ക്കാം.

എന്നാൽ അന്നത്തെ ആ സ്ഥിതി മാറി, ആദ്യം രാസവളമെന്ന പേരിൽ നമ്മുടെ കർഷകർക്കിടയിൽ എത്തിയത് സൾ ഫേറ്റാണ്. പിന്നീട് കാർഷിരംഗത്തെ നൂതന പരീക്ഷണങ്ങളും മണ്ണിന്റെ പ്രതേയക സ്വഭാവവും ഒക്കെ കണക്കിലെടുത്ത് പലതരം രാസ മിശ്രിതങ്ങളും നമുക്ക് വളത്തിനായി ലഭ്യമായി.

പോയകാല പൊലിമയിൽ ഉപയോഗിക്കുന്ന കാലി കളുടെ എണ്ണവും, മുറ്റത്തു കൂട്ടിയിടുന്ന കൂമ്പാര ക്കണക്കായ നെല്ലിന്റെ അളവും, പത്തായങ്ങളുടെ സം ഭരസശേഷിയു മൊക്കെ സമൂഹത്തിലെ അന്തസിന്റെ യും ആഭിജാത്യത്തിന്റെയും അളവുകോലു കളായിരു ന്നു. എങ്കിൽ ഇന്നാ പ്രതാപം ഒരു പഴംകഥ മാത്ര മാണ്. കൃഷിയോടും കൃഷി ക്കാരനോടും ഇന്നു സമൂഹത്തിനു പുച്ഛമാണ്. കൃഷിക്കാരനെ വെറും ശൂദ്രന്റെ പട്ടികയിലേക്ക് തരം താഴ ്ത്തുന്ന രീതി യാണ് സമൂഹത്തിനുള്ളത്.

നെൽകൃഷിക്കാരായ കർഷകരും, ആ രംഗ ത്ത് തൊഴിൽ ചെയ്തുവന്ന കർഷകതൊഴി ലാളികളും ഇന്ന് പുതിയ മേച്ചിൽ പുറങ്ങൾ തേടുകയാണ്. നെൽവയലുകൾ നികത്തി ക രഭൂമിയാക്കുന്ന പ്രവണത ഇന്നു വ്യാപക മാണ്. വയലുകൾ പൊതുവേ കുറഞ്ഞു വ രികയാണ്. വയൽ ഭൂമികളെ വിൽപന ച ര ക്കായി ഉപയോ ഗി ക്കു ന്നത് ഇന്നത്തെ ഒരു വലിയ പ്രതിഭാസം തന്നെ യാണ്. കർഷകർ ഇതിനു ചില ന്യായങ്ങൾ പറ യുന്നത് തീർത്തും അവഗണിക്കുവാൻ കഴി യുക യില്ല. ഒന്നാമതായി കൃഷിപ്പണിയുടെ രംഗത്ത് പ്ര ത്യേകിച്ച് കൊയ്ത്ത് നടീൽ തുടങ്ങിയ പ്രവ ർത്തനങ്ങൾ അറിയാവുന്നവരുടെ എണ്ണം തീ ർത്തും കുറഞ്ഞ് വരികയാണ്. ഈ ജോലി അറിവുള്ളവർ തന്നെയാകട്ടെ ആ രംഗത്ത് ജോലി ചെയ്യുവാൻ വിമുഖത കാ ണിക്കു ന്നു. മറ്റു പ്രവർത്തിരംഗങ്ങളിൽ ആ പാറ പ്പണി, തടിവെട്ട്, നിർമ്മാണപ്രവർത്തനങ്ങൾ, ലോഡിംഗ്, മണ്ണുപണി തുടങ്ങിയവഇ ലഭി ക്കുന്ന ഗണ്യമായ കൂലി വർ ദ്ധനവ് കാർ ഷികമേഖലക്ക് താങ്ങാൻ കഴി യുന്ന ില്ല. ഉൽ പന്നങ്ങൾക്ക് ലഭിക്കുന്ന വില അനുപാ തം കൂലിയുമായി തട്ടിച്ചുനോക്കിയാൽ വളരെ കുറഞ്ഞതാണ്. മാറി മാറി വരുന്ന വില തക ർ ച്ചയും വില നിലവാരം നിയന്ത്രിക്കാനുള്ള സംവി ധാനങ്ങളില്ലാത്തതും കാർഷിക മേഖ ലയെ പ്ര ത്യേകിച്ച് നെൽകൃഷിയെ ബാധി ക്കുന്നുണ്ട്. വള ങ്ങൾ, കീടനാശിനികൾ തുട ങ്ങിയ ഫാക്ടറി ഉല്പ്പന്നങ്ങളുടെ ഗണ്യമായ വിലവർദ്ധന ഉല്പാദ നരം ഗത്തെ ഗണ്യമായി ഉലക്കുന്നു. ജലസേചന സൗ കര്യങ്ങളുടെ അപര്യാപ്തതകൾ, വൈദ്യുതിയു ടെ ക്ഷാമം, സർക്കാർ ബഡ്ജറ്റുകളുൽ നികുതി ഇനത്തിലും മറ്റുമായി അധികവരുമാനത്തിനു വേണ്ടി നടത്തുന്ന വിലവർ ദ്ധനവുകൾ ഇവയൊക്കെ പ്രത്യക്ഷമായും പരോക്ഷമായും കാർഷിക മേഖലയെ ബാധി ക്കുന്ന ദുരന്തങ്ങളാണ്. പ്രകൃതി ക്ഷോഭങ്ങൾ, കീടബാ ധകൾ, രോഗങ്ങൾ ഇ വയെ കാലാകാലങ്ങളിൽ നിയന്ത്രണ വിധേയമാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. യന്ത്രസാമഗ്രികളുടെ ഉപയോഗം വേണ്ട രീതിയിലും ചെലവു ചുരുക്കിയും ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. ജലസേചന പ്രവ ർ ത്തന രംഗത്ത് നല്ല പദ്ധതികൾ നാളിതുവരെ ആവ ിഷ്കരിക്കകയോ അടിയന്തിരമായി പൂർത്തീകരി ക്കേ ണ്ടവ പൂർത്തീകരിച്ചിട്ടില്ല. അനിയന്ത്രിതമായി നീണ്ടു പോകുന്ന പദ്ധതികളുടെ പൂർത്തീകരണം കാർഷിക മേഖലയെ തളർത്തുന്നു. ഇതിനൊ ക്കെയൊരു പരിഹാരം അടിയന്തിരമായി ഉണ്ടാകണം.

കൃഷി ഭവനങ്ങളുടെയും പാടശേഖര സമിതികളുടെയും പ്രവർത്തനം സമൂലമായി പരിഷ് കരിക്കണം. സർ ക്കാ ർ ആനുകൂല്യങ്ങൾ യഥാസമ യം ലഭിക്കാതെ വരു ന്നതും ലഭിക്കുന്ന ആനുകൂല്യ ങ്ങളുടെ അപര്യ പ്തത കളും പരിഹരിക്കേണ്ടതുണ്ട്. പെരിയാമ്പ്ര, പുതുപ്പ രിയാരം, അരിക്കുഴ, എരുമേലി ക്കി, മാരാംകോട് എ ന്നിങ്ങനെ അഞ്ചു പാടശേഖര സമിതികളാണ് നില വിലുള്ളത്. ഈ പാടശേഖരങ്ങളുടെ കീഴിൽ 250 ഏക്കർ നെല്പാടങ്ങൾ ഉൾപ്പെടുന്നുണ്ട്. ഇനിയും സ മിതികളിൽ ഉൾപ്പെടാത്തതായി 50 ഏക്കർ പാടങ്ങ ളോളം അവശേഷിക്കുന്നണ്ട്. നെൽകൃഷി വികസ നത്തിനായുള്ള പദ്ധതികൾ സംബന്ധിച്ച് അന്യത്ര വിവരിക്കുന്നതാണ്.

തെങ്ങു കൃഷി

നെൽകൃഷിയുടെ ചരിത്രവും ഇന്നത്തെ അവസ ്ഥ യും നാം കണ്ടുകഴിഞ്ഞു. ഇനി നമ്മുടെ തെങ്ങു കളുടെ കൃഷിയിലേക്ക് കടക്കാം. ഒന്നര മുതൽ ര ണ്ടു നൂറ്റാണ്ടു വരെ പഴക്കം ചെന്ന ഒരു കൃഷിയാ ണ് തെങ്ങ് കൃഷി. തെങ്ങ് ആദ്യകാലത്ത് നാണ്യവി ള അടിസ്ഥാനത്തി ലായിരുന്നില്ല കൃഷിചെയ്തു വ ന്നത്. ഫലം തരുന്ന വൃക്ഷമെന്ന നിലയിൽ കരി ക്കിനും നാളികേരത്തി നുമായി തെങ്ങു കൃഷി തുട ക്കം കുറിച്ചു. അരിയോടൊ പ്പം ഫലമൂലങ്ങൾ കൂടി ആഹാരവ്യവസ്ഥയിൽ സ്ഥാനം പിടിച്ച അവസ്ഥ യിലാണ് തെങ്ങ് കൃഷി ആദ്യമായി പ്രചരിച്ചത്. നാ ളികേരത്തെ ഒരു വിശിഷ്ട വസ്തുവായി കരുതി പ്പോരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭം തൊട്ട് ഏ താണ്ട് മധ്യകാലം വരെ ആ1900-1960ഇ തെങ്ങു കൾ വളരെ സമൃദ്ധമായി നമ്മുടെ ഗ്രാമ പ്രദേ ശ ങ്ങളിൽ വളർന്നു തല ഉയർത്തി നിന്നി രുന്നു.

നമ്മുടെ പഞ്ചായത്തിലെ ഏതാണ്ട് 1500 മുതൽ 1800 വരെ വിസ്തൃതമായ ഭൂഭാഗത്താകെ തെങ്ങ് കൃഷിയായി ചെയ്തു വരുന്നു. ഒരു ലക്ഷത്തിനും ഒ രു ലക്ഷത്തി ഇരുപതിനായിരത്തിനുമിടയിൽ തെങ്ങു കൾ നമ്മുടെ ഗ്രാമത്തിൽ സ്ഥിതി ചെയ്തിരുന്നു. 1940 കാലത്തും 1950 കാലത്തും ഏതാണ്ട് 80 ലക്ഷം മുതൽ 90 ലക്ഷം വരെ നാളികേരം നമ്മുടെ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെട്ടിരുന്നു. മണക്കാട് പ്രദേശം നാളികേരകൃഷിയുടെ കേന്ദ്രമായിരുന്നുവെന്ന് വേണമെങ്കിൽ പറയാം. ഇവിടെ ആ കാലത്ത് ഉൽ പാദിപ്പിക്കപ്പെട്ട നാളികേരത്തിന് ശരാശരി 225 ഗ്രാം കൊപ്രാ വരെ ലഭിക്കുന്നതായിരുന്നു. അന്നു കർഷക ർ ഈ തൂക്കത്തെ ഇടയെന്നാണ് പറഞ്ഞിരുന്നത്. എട്ടര ഇട തൂക്കം വരെ എന്നാണ് പഴമക്കാർ പറയു ന്നത്. എന്നാൽ 1960 കാലത്തിനു ശേഷം നമ്മുടെ നാളികേര കൃഷി കൃമേണ കുറഞ്ഞുവന്നു. കാറ്റുവീ ഴ്ച എന്ന രോഗം ഈ പ്രദേശത്തു വന്നു പെട്ടതോ ടെ തെങ്ങുകളുടെ തലപ്പുകൾ ഉണങ്ങുകയും കൂമ്പു ദ്രവിക്കുകയും ചെയ്തു തുടങ്ങി. ഉൽപാദന ക്ഷമത ഗണ്യമായു കുറഞ്ഞു തുടങ്ങി. മാരകമാം വിധം തെ ങ്ങുരോഗം 1960-ന് ശേഷം ഈ പ്രദേശത്താകെ വ്യാ പിച്ചു. അന്നുവരെ കർഷന്റെ ഏക ആശ്രയമായിരു ന്ന തെങ്ങുകളുടെ നാശം വലിയ പ്രതിസന്ധി ഉള വാക്കി. ഫലത്തിനായി തുടക്കം കുറിച്ച തെങ്ങുകൃഷി നാണ്യവിളയായി ഉപയോഗിച്ചുവന്ന ഘട്ടത്തിലാണ് ഈ വലിയ തിരിച്ചടി ഉണ്ടായത്. 1930 - 40 കളിൽ 100 നാളികേരത്തിന് 12 മുതൽ 17 രൂപ വരെ ആയി രുന്നു വില ലഭിച്ചിരുന്നത്. മുൻ കാലങ്ങളിൽ ഇവിടെ കൃഷി ചെയ്തു വന്നിരുന്നത് വെസ്റ്റ് കോസ്റ്റ് ഇന ത്തിൽപെട്ട തെങ്ങുകളായിരുന്നു. 18 -ആം മാസ തെങ്ങുകളും ചെന്തെങ്ങുകളും അപൂർവ്വമായി കരിക്കു വേണ്ടി കൃഷി ചെയ്യുന്ന സമ്പ്രദായവും ഉണ്ടായി രു ന്നു. 1970 കാലത്തോടെ 60% തെങ്ങുകളും രോഗം മൂലം വെട്ടിമാറ്റപ്പെടുകയോ അപ്രത്യക്ഷമാകുകയോ ചെയ്തു. രോഗം ബാധിച്ചതോടെ നാളികേരത്തിന്റെ തൂക്കത്തിലും ഗണ്യമാത കുറവുണ്ടായി. ഇന്നു പര മാവധി ഒരു നാളികേരത്തിന്റെ കൊപ്രയുടെ തൂ ക്കം 180 ഗ്രാം മുതൽ 190 ഗ്രാം വരെ മാത്രമാണ്.

തെങ്ങുകൃഷിയെ ആശ്രയിച്ചിരുന്ന കാലത്തെ ഒരു പ്രധാന പ്രത്യേകത മറ്റിതര ഇടവിളകൃഷികളുടെ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞിരുന്നു എന്നതാണ്. തെങ്ങിൻ തോപ്പുകളിൽ കമുക്, ജാതി, കൂരുമുളക് വള്ളി തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്തു വന്നിരുന്നു. ഈ നാണ്യവിളകളെ കൂടാതെ കൊണ്ട ൽ കൃഷികളായി കപ്പ, ഇഞ്ചി, ചേന, വാഴ, മഞ്ഞ ൾ, കച്ചോലം ഇവയും തെങ്ങി ൻ തോപ്പുകളിൽ കർഷ കർ കൃഷി ചെയ്തിരുന്നു. ഒരു ഏക്കർ തെങ്ങിൻ തോപ്പുള്ള ഒരു കർഷകനെ സംബന്ധിച്ചിടത്തോളം നാളികേരം, അടക്കാ, കാപ്പി, കുരുമുളക് ഇവയെല്ലാം ഒരേ സ്ഥലത്തുനിന്നു തന്നെ അയാൾക്ക് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിരുന്നു എന്നതാണ് ഒരു പ്രധാന നേട്ടം.

ആവർത്തന കൃഷിയുടെ രംഗത്തും തെങ്ങിന് മറ്റു സസ്യങ്ങളെ അപേക്ഷിച്ച് ഒരു വലിയ വ്യത്യാസം ഉണ്ട്. മധ്യപ്രായം കഴിഞ്ഞ തെങ്ങിൻ തോട്ടങ്ങളിൽ പ്രായമായ തെങ്ങുകൾ വെട്ടിമാറ്റാതെ പുതിയവ കൃഷി ചെയ്യാൻ കഴിയുന്നു. ഈ അവസ്ഥ കർഷകന്റെ വരുമാനത്തെ ബാധിക്കാത്തതാ ണെന്ന മെച്ചമാണ് സൂചിപ്പിക്കുന്നത്. തെങ്ങു വൃക്ഷത്തിന്റെ തടിയും വളരെ മേന്മയുള്ളതാ ണല്ലോ. തെങ്ങും അതിന്റെ മുഴുവൻഇടങ്ങളും ഉപയോഗ യോഗ്യമാ യതി നാലാണല്ലോ കല്പവൃക്ഷം എന്ന പേരു തന്നെ തെങ്ങിനു ലഭിച്ചത്. നെല്ലു കഴിഞ്ഞാൽ പിന്നെ നമ്മുടെ കാർഷികരംഗത്തിന്റെ അലങ്കാരമായിരുന്നത് തെങ്ങുതന്നെ ആയിരുന്നു.

എന്നാൽ ഇന്ന് ഒരപൂർവ്വ വസ്തുവായി നമ്മുടെ നാട്ടിൽ നിന്ന് തെങ്ങുകൾ നാടുനീങ്ങി ക്കൊണ്ടി രിക്കുകയാണ്. രോഗപ്രതിരോധനടപടികളുടെ ഫല വത്തല്ലാത്ത പ്രവർത്തനങ്ങളും പുത്തൻ കാർഷിക സംസ്കാരവും മേന്മയേറിയ പുതിയ സങ്കരയിനം തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവും നാളികേര

ത്തിന്റെ ഗണ്യമായ വിലക്കുറവും തെങ്ങുകൃഷിയെ ബാധിച്ചു.ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ നാളികേര കൃഷിയുടെ രംഗത്ത് ഒരു വലിയ ഭീഷണിയാണ്.

ആണ്ടുവട്ടത്തിൽ നാലോ അഞ്ചോ തവണ കളായി നാളികേരം ശേഖരിച്ച് വിൽക്കുന്ന രീതിയാണ് പൊതുവെ തെങ്ങുകൃഷികൾ കൊണ്ട് കഴിയുന്നത്. എന്നാൽ റബ്ബറാകട്ടെ ഒരു ദൈനംദിന വരുമാനം പോലെ അനുഭവപ്പെടുന്നു. സാധാരണക്കാരായ കർഷകരെ ഈ വരുമാന വ്യത്യാസം സ്വാധീനിച്ചിട്ടുണ്ട്.

രോഗവും മേൽത്തരം സസ്യ ഇനങ്ങളുടെ അഭാവവും വിലത്തകർച്ചയും ജലസേചന സൗകര്യ ക്കുറവുകളും ആദായകരമെന്ന് ഇന്ന് പൊതുവെ കരുതപ്പെട്ടു പോരുന്ന റബ്ബർ കൃഷിയുടെ ആഗമനവും ആനുകൂല്യങ്ങളുടെ അഭാവവും എല്ലാം കൂടി തെങ്ങുകൃഷിയിൽ നിന്നും കർഷകരെ പിന്നോക്കം നിർത്തി. കർഷകരാകട്ടെ റബ്ബർ പോലുള്ള കൃഷികൾക്കു നൽകുന്ന പരിരക്ഷ നൽകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നു.

ഇന്നത്തെ നില തുടർന്നാൽ നാളികേരത്തിനും എണ്ണക്കും കരിക്കും അരിക്കുമെല്ലാം വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയിലേക്ക് നാം എത്തിച്ചേരും. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളും ഈ കൃഷിയുടെ തകർച്ചയിലൂടെ പമ്പ കടക്കും. വളരെ അവധാനതയോടെ നാം ഈ കൃഷിയെ കാണേണ്ടി യിരിക്കുന്നു. നമ്മുടെ പല ഇടവിള കൃഷികളും അന്യം വന്നു പോകാതിരിക്കാൻ പുതിയ കൃഷികളുടെ ആവിഷ്കരണത്തിനും തെങ്ങുകൃഷിയെ നാം പ്രോൽസാഹിപ്പിക്കണം.

കമുക്

നാളികേരം പോലെ തന്നെ നമ്മുടെ പ്രദേശത്ത് സാമാന്യം നല്ല തോതിൽ കൃഷി ചെയ്തിരുന്ന മറ്റൊരു സസ്യമാണ് കമുക്. നാളികേരകൃഷി യിലുണ്ടായ തുപോലെതന്നെ രോഗം ഈ വൃക്ഷങ്ങളിലും കാണപ്പെട്ടു. മാഹാളി രോഗം ബാധിച്ചതോടെ കമുകുകളിലും കൃഷിയില്ലാ താകുന്ന സ്ഥിതിയുണ്ടായി. മുൻകാലങ്ങളിൽ പാക്കു വെട്ടി ഉണങ്ങുന്ന പാക്കട്ടികൾ ഈ പഞ്ചായത്തു പ്രദേശത്തുണ്ടായിരുന്നു. ഇവിടെ നിന്നും നങ്ങളിലേക്ക് വെട്ടി ഉണങ്ങിയ പാക്ക് കയറ്റ അയച്ചിരുന്നു. ഇന്ന് വെറ്റില മുറുക്കുന്ന വർക്കാ വ ശ്യമായ പാ ക്കോ അടക്കായോ കിട്ടാത്ത സ്ഥിതിയാണ്

കമുക് കൃഷി കർഷകരെ സംബംന്ധി ച്ചിടത്തോളം വളരെ ലാഭകരമായ ഒരു കൃഷിയാണ് ചുരുങ്ങിയ സ്ഥലത്തുനിന്നും കൂടുതൽ ഉല്പാദനം ല ഭിക്കുന്ന സസ്യമാണ് കമുക്. രോഗ പ്രതിരോ ധശ ക്തിയുള്ള കൂടുതൽ ഇനങ്ങൾ ഉപയോഗിച്ച് ഈ കൃ ഷിയെ നമുക്ക് പുനരുദ്ധരിക്കാൻ കഴിയും. ജലസേ ചനം ഈ കൃഷിയെ സംബന്ധിച്ചിടത്തോളം ഉല്പാദന വർദ്ധനക്ക് സഹായകരമാണ്. തെങ്ങുകൃഷി പുനർ ജീവിപ്പിച്ചാൽ ഒപ്പം കമുകിന്റെ കൃഷിയുടെ സാദ്ധ്യ മെച്ചപ്പെടുത്താൻ സൗകര്യങ്ങൾ ലഭ്യമാകും. ഇപ്പോൾ ഭേദപ്പെട്ട വില ലഭ്യമാകുന്ന ഒരു കൃഷിയാണ് കമുക് എന്നതും വിസ്മരിച്ചുകൂടാ. കേരസംരക്ഷണ സമിതി കൾ പോലെ തന്നെയോ, അതല്ലായെങ്കിൽ കേരസംര ക്ഷണ സമിതിയുമായി ബന്ധിപ്പിച്ച് കമുകുകളെയും സംരക്ഷിക്കുവാൻ പുതിയ പദ്ധതികൾ ഉണ്ടാകേ ണ്ടി യിരുക്കുന്നു. ഈ പദ്ധതികൾ സംബന്ധിച്ച വിശദാംശ ങ്ങൾ പദ്ധതി പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ രേഖക ളിൽ വിവരിച്ചുകൊള്ളാം. അത്യുൽ പാദന ശേഷിയുള്ള മൊഹിൻ നഗർ, കാസർകോടൻ, മംഗള തുടങ്ങിയ ഇനങ്ങൾ ഈ രംഗത്ത് പ്രചരിപ്പി ക്കേണ്ടിയിരിക്കുന്നു.

കുരുമുളക്

കുരുമുളക് മുൻകാലങ്ങളിൽ വളരെ വ്യപകമായി ന മ്മുടെ പഞ്ചായത്തു പ്രദേശത്തു കൃഷി ചെയ്യ പ്പെ ട്ടിരുന്നു. മുൻകാലങ്ങളിൽ പഞ്ചായത്തു പ്രദേശത്ത് വ്യാപകമായ തോതിൽ വിവിധ ഇനം മരങ്ങൾ ധാ രാളമായി വളർന്നിരുന്നു. മരുതി, ഇരുമുള്ള് തുട ങ്ങിയ കാട്ടുമരങ്ങളിലും അയനി, പിലാവ്, മാവ് തുട ങ്ങിയ വൻ മരങ്ങളിലും കയറിപ്പറ്റു ന്ന ചെറുകാണി യക്കാടൻ, വലിയ കാണിയ ക്കാടൻ എന്നീ ഇനങ്ങ ളും ചില നാടൻ കുരു മുളകുവള്ളികളുമാണ് കൃഷി ചെയ്യപ്പെട്ടിരു ന്നത്. എന്നാൽ മരങ്ങൾ നശിച്ച തോടെയും റ ബ്ബർ മരങ്ങളുടെ ആഗമനത്തോടെയും നമ്മു ടെ പ്രദേശത്തെ കുരുമുളകുവള്ളികൾ അ പ്രത്യക്ഷമായി തുടങ്ങി. കുരുമുളകിന്റെ വി ലയിൽ ഉണ്ടായ മാന്ദ്യവും ഈ കൃഷിയെ ബാധിച്ചു.

ഇന്ന് പഴയ നാടൻ ഇനങ്ങൾക്കു പകരം പുതിയ തരം കുരുമുളകു വള്ളികൾ ആഉല്പാദന ശേഷി കൂ ടിയവ ഇലഭ്യമാകുന്നുണ്ട്. കരിമുണ്ട, പന്നിയൂർ വൺ എന്നീ ഇനങ്ങൾ ഗുണനിലവാരം കൂടിയവ യാണ്. മുൻകാലത്തെ മരങ്ങൾക്കു പകരം മുരിക്ക്, കിളിഞ്ഞിൽ, പയ്യാനി, ഈ മരങ്ങൾ കൊടികൾ കയറ്റുവാന ഉപയോഗിക്കുവാൻ കഴിയും. തെങ്ങിൻ തോട്ടങ്ങളിൽ ഒരു ഇടവിളയായി തെങ്ങുകളിലും കമുകുകളിലും കുരുമുളകുവള്ളി പടർത്താൻ കഴിയും. ഇതുകൂടാതെ പ്രത്യേകം തയ്യാറാക്കുന്ന കാലുകളിലും, മതിലികളിലും, ചട്ടികളിലും കുരുമുളക് വളർത്താൻ കഴിയും. ഈ

കൃഷിയെ സംബന്ധിച്ചിടത്തോളം ഇന്നനുഭവപ്പെടുന്ന ഒരു പ്രധാന രോഗമാണ് ദ്രുതവാട്ടം, കൂടാതെ നിമാ വിരകൾ ഉയർത്തുന്ന ഭീഷണികളുമുണ്ട്. ജൈവ പ്രധാനമായ വളങ്ങളുടെയും അന്തരീക്ഷ സ്ഥിതി യുടെയും പരിതസ്ഥിതിയുടെയും പ്രശ്നങ്ങൾ ഈ കൃഷിയെ ബാധിക്കുന്നുണ്ട്.

ഇന്ന് പഞ്ചായത്തിൽ ഒരു കുരുമുളക് സംരക്ഷണസമിതി പ്രവർത്തിക്കുണ്ട്. കൃഷിഭവനുകൾ വഴി ചില ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. ഈ രണ്ടു മേഖലകളെയും പരിഷ്കരിച്ചുകൊണ്ടുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. കുരുമുളക് കർഷകർക്കായി ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ഉണ്ടാക്കണം.

റബ്ബർ

റബ്ബർ കൃഷിയേ സംബന്ധിച്ചിടത്തോളം വ്യാപക മാ യ പ്രചാരണപ്രവർത്തനങ്ങൾ റബ്ബർ ബോർഡു വഴി നടത്തുകയും റബ്ബർ കർഷകർക്ക് ഒട്ടു വളരെ ആ നുകൂല്യങ്ങൾ നല്കിവരികയും ചെയ്തു ന്നതുകൊണ്ട് ആ രംഗത്തെ സംബന്ധിച്ചിടത്തോളം കൃഷിയുടെ രംഗത്ത് പുതുയ പദ്ധതികൾ ആവിഷ്കരി ക്കേണ്ട തുണ്ടോ എന്നു തോന്നുന്നില്ല.

റബ്ബർ ആദ്യമായി ഈ പഞ്ചായത്തിൽ കൃ ഷിയാരംഭിച്ചത് പഞ്ചായത്തിലെ ചിറ്റൂർ പ്രദേശ ത്താ ണ്. 90 വർഷം മുൻപ് കണ്ടിരിക്കൽ കുടുംബക്കാർ ഈ കൃഷിക്ക് തുടക്കം കുറിച്ചു. തുടർന്ന് അരിക്കുഴ യിൽ പാമ്പൂരിക്കൽ കൃഷ്ണൻ നായരും ഈ രംഗ ത്ത് കടന്നുവന്നു. ആ കാലത്ത് റബ്ബർ ഒരപൂർവ്വ വ സ്തു ആയിരുന്നു. ഒരു റാത്തൽ റബ്ബറിന് ഒരു പവൻ വരെ വില ലഭിച്ച കാലം ഉണ്ടായിരുന്നു. ഇന്ന് പ ഞ്ചായത്തിലെ നല്ല ശതമാനം പ്രദേശങ്ങളും ഈ കൃഷിക്ക് അനുയോജ്യമല്ലാത്ത ഭാഗം ഉൾപ്പെടെ റ ബ്ബർ കൃഷിചെയ്തുവരുന്നു. റബ്ബറിന്റെ കടന്നാക്ര മണം മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇതരകാർഷി കരംഗങ്ങളെ തകർക്കുന്നുവെന്ന ആക്ഷേപവും ഉ ണ്ട്. എന്തായാലും ഭൂവിനിയോഗത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സമീപനം അടി യന്തിരമായി ഉണ്ടാകണം.

കശുമാവ്, മാവ്, പിലാവ്

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഒറ്റ ക്കും കൂട്ടമായും വളർന്നിരുന്ന ഒരു കൃഷിയാ യി രുന്നു കശുമാവ് കൃഷി. ഇപ്പോൾ ഇത് തുലോം കുറവാണ്. എന്നാൽ ഈ കൃഷിക്ക് അനുയോജ്യ. മായ പാറ ക്കെട്ടുകളും മറ്റും നമ്മുടെ ഗ്രാമത്തിൽ ഉണ്ടെന്ന തുകൊണ്ട് ഒരു ചെറിയ പരീക്ഷണത്തിന് നമുക്ക് അവസ രമുണ്ട്. മാത്രവുമല്ല ഈ പരീക്ഷ ണങ്ങളെ മലം പ്രദേശങ്ങളിൽ വളർത്തുകവഴി നമ്മു ടെ പരിതസ്ഥിതി യിൽ ചില ചില്ലറ മാറ്റങ്ങൾ ഉണ്ടാ ക്കാൻ കഴിയും. പരിതസ്ഥിതി പ്രശ്നങ്ങൾ ഇന്നുരൂ ക്ഷമാണല്ലോ. വനവൽക്കരണ പരിപാടിയിൽ ഈ കശുമാവികളെയും മാവ്, പിലാവ് തുടങ്ങിയ വൃക്ഷ ങ്ങളെയും നമുക്ക് ഉപയുക്തമാക്കാൻ കഴിയും. ഇ ന്ധനത്തിനായി വിറകും തടികളും ഇതുവഴി നമുക്ക് നേടാൻ കഴിയും.

കൊക്കോ, ജാതി, കാപ്പി

കൊക്കോ കൃഷി നമ്മുടെ നാട്ടിൽ ആവിഷ്കരി ക്കപ്പെട്ടിട്ട് സുമാർ 20 വർഷത്തിൽ താഴെ മാത്രമേ കാലപ്പഴ ക്കമുള്ളൂ. വളരെ ആദായകരമായ ഒരു കൃ ഷി എന്ന നിലയിൽ കാഡ്ബറീസ് പോലുള്ള വ ലിയ കമ്പനികൾ പ്രചാരം കൊടുത്താണ് കൊക്കോ കൃഷി നമ്മുടെ നാട്ടിൻ പ്രദേശത്ത് എത്തിയത്. മൂ ന്നാം വർഷം മുതൽ കായ്ഫലം നൽകുന്ന ഈ ചെടി ഉല്പാദനക്ഷമമായതോടെ കൃഷിക്കാർ തോട്ട ങ്ങളിൽ നിന്നും ഈ ചെടികളെ പിഴുതു മാറ്റുന്ന രംഗം നാം കണ്ടതാണ്. കൊക്കോ ഉല്പന്നത്തിന്റെ വില നിയന്ത്രണം ചില സ്വകാര്യ കമ്പനികൾക്ക് സാധിക്കുന്ന അവസ്ഥ യുണ്ടായതാണ് ഈ വിപത്ത് സൃഷ്ടിക്കാനിടയായത്. കൊക്കോയുടെ വില ഉല്പാ ദന വർദ്ധന നടന്നുവെന്ന് ബോധ്യം വന്നപ്പോൾ ക മ്പനികൾ നിയന്ത്രണ വിധേയ മാക്കി. എന്നാൽ ഇ പ്പോൾ ആ സ്ഥിതി പാടേ മാറി യിട്ടുണ്ട്. ഈ കൃഷി നമ്മുടെ കർഷകർക്ക് ആശ്രയി ക്കാവുന്ന ഒന്നാണ്വീട്ടിമുറ്റത്തു പോലും കൃഷി യി റക്കാൻ ഉണ്ടാക്കിയത്. കഴിയുന്ന ഈ സസ്യത്തെ പ്രോ ൽസാഹിപ്പിച്ച് കൃ ഷി ആവിഷ്കരിക്കണം. ബഡ് ചെയ്ത കൊക്കോ തൈകൾ വി തരണം ചെയ്യുന്നതിനും അത്യാവ ശ്യസാമ്പത്തിക സഹായം എത്തിക്കുന്നതിനും പ്ര ത്യേകം കരുതൽ ഉണ്ടാകണം. വിപണം മാന്ദ്യം ത ടയുവാനും വിലനിലവാരം തകരാതെ സൂക്ഷിക്കാ നും കഴിഞ്ഞാൽ ചെറുകിടക്കാർ മുതൽ വൻകിട ക്കാർ വരെയുള്ളവർക്ക് ഈ കൃഷി ലാഭകരമായി തുടരാൻ

കഴിയും. ഈ ചെടുകളും ജലസേചന ത്തെ ആശ്രയിച്ച് വളരുന്നവയോ കായ്ഫലം നൽകുന്നവയോ ആണ്.

ജാതിയുടെ കൃഷി പണ്ടുമുതലേ ഉണ്ടായി രുന്നതാണ്. ഇന്നൽപ്പം മന്ദീഭവിച്ചിട്ടുണ്ട്. ജാതി ക്കയുടെ ഇറക്കുമതി നയമാണ് ജാതികൃഷിയിൽ നിന്നും ജനങ്ങൾ പിൻതിരിയേണ്ട സാഹചര്യം.ഔഷധഗുണമുള്ള ഈ സസ്യ ത്തി ന്റെ കായും, പത്രിയും കൂടുതൽ കാര്യക്ഷമമാക്കി ഉപയോഗം വർദ്ധിപ്പിക്കുവാൻ ആവശ്യമായ ഗവേഷ ണങ്ങൾ നടപ്പാക്കണം. സ്വദേശ വിപണികളിൽ ന്യായമായ വില ലഭ്യമാകുവാൻ ഈ നടപടികൾ കൊണ്ടു മാത്രമേ കഴിയൂ. ജലസേചന സൗകര്യം ഈ കൃഷിയുടെ കാര്യത്തിലും പ്രത്യേകം പരിഗണന അർഹിക്കുന്നതാണ്.

കാപ്പി

ഈ പഞ്ചായത്തിൽ മുൻകാലത്ത് കണ്ടുവന്നിരുന്നതും ഇപ്പോൾ വളരെ ക്ഷയിച്ചിരിക്കുന്നതുമായ ഒരു കൃഷിയാണ് കാപ്പി. നാടൻ കാപ്പി ഇന ങ്ങളാ യിരുന്നു മുൻപുണ്ടായിരുന്നവ. കാപ്പി ഗാർഹിക ആ വശ്യത്തിനുള്ള ഒരു കൃഷി എന്ന നിലയിലായിരുന്നു മുൻകാലങ്ങളിൽ ചെയ്തുവന്നിരുന്നത്. ഈ കൃഷി ക്കും നമ്മുടെ പ്രദേശത്ത് ചെറിയ സാധ്യതകൾ ഉണ്ട് . തെങ്ങു കൃഷിക്കായി ഉപയോഗിക്കുന്ന സ്ഥലത്ത് കാപ്പി ചെടികൾ നട്ടുപിടിപ്പിക്കാൻ കഴിയും. കാവേരി, റോബസ്റ്റ, അറബിക്ക ഇനങ്ങൾക്ക് പറ്റിയ കാലാവ സ്ഥയും മണ്ണുമാണ് ഇവിടെയുള്ളത്. ലോകവിപ ണിയിൽ ഇന്നത്തെ കാപ്പിയുടെ നില മെച്ചപ്പെട്ടതു മാണ്.

കിഴങ്ങുവർഗ്ഗങ്ങൾ

കിഴങ്ങുവർഗ്ഗങ്ങളിൽ പ്രധാനഇനമായി നമ്മു ടെ പ്രദേശത്തെ ജനങ്ങൾ കൃഷി ചെയ്തു വന്നിരു ന്നത് കപ്പ, ചേന, കാച്ചിൽ, ചേമ്പ്, മധുരക്കിഴങ്ങ്, നനക്കിഴങ്ങ്, കൂർക്ക ഇവയാണ്. പ്രധാനമായും ഈ കൃഷി ഭക്ഷ്യ ആവശ്യങ്ങളെ മുൻ നിർത്തിയാണ് പോന്നത്. എന്നാൽ പിൽക്കാലത്ത് കപ്പ, മധുരവള്ളി ഇവ വ്യാവസായിക പ്രാധാന്യമുള്ളവയായി മാറി. മുൻകാലത്ത് ഉണ്ടായിരുന്ന ഈ കാർഷിക വസ്തു ക്കൾ ഇപ്പോൾ വളരെ ദുർബലം മാത്രമാണ്. റബ്ബർ കൃഷി വ്യാപകമായതോടെ കപ്പ കൃഷിയുടെ സാദ്ധ്യ തകൾ വളരെ കുറഞ്ഞു. ഇപ്പോൾ മ്യാൽ നില ങ്ങ ളിൽ ഒരു താത്കാലിക വിളയായി കപ്പ ചെയ്തു വരുന്നതുകാണാം. ഇപ്പോഴത്തെ അവസ്ഥയിൽ കപ്പ കൃഷി വളരെ ആദായകരമായ ഒരു കൃഷിയായി കരുതേണ്ടിയിരിക്കുന്നു. വിത്തിന് ഏറ്റവും കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്ന മറ്റൊരു വസ്തുവും കപ്പ പോലെയില്ല. സ്റ്റാർച്ച് ഏറ്റവും അധികം പ്രദാനം ചെയ്യുന്ന ആ കൃഷിയെ പോത്സാഹിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. എലി, തുടങ്ങിയ ക്ഷുര ജീവികളുടെ ഉപദ്രവം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിയിലാണ്. കപ്പ പോലെ തന്നെ ആദായകരമായി ചെയ്യുവാൻ പറ്റിയ മറ്റൊരു കൃഷിയാണ് ചേന, ഇവയുടെ ആവ ശ്യം ഇന്നു വളരെ വർദ്ധിച്ചുവരുകയാണ്. കാച്ചിൽ, മധുരക്കിഴങ്ങ് ഇവ അന്യം വന്നു കൊണ്ടിരിക്കുന്ന കൃഷി ഇനങ്ങളാണ്. ഇഞ്ചികൃഷി കുറഞ്ഞതോടൊ കാച്ചി ലിന്റെ കൃഷിയും ഇവിടെ ഗണ്യമായി കുറഞ്ഞുവന്നു. ഈ കൃഷികളെയൊക്കൊ ഇടവിള കൃഷിയായി ഉപയോഗപ്പെടുത്താൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും അവയുടെ രംഗത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ ഗവേഷണ സൗകര്യങ്ങൾ ഉണ്ടാവുകയും ചെയ്യേണ്ടിയിരിക്കുന്നു.

മുതിര എള്ള് ചാമ വരക് കുറുംമ്പുല്ല്

ഇന്ന് നാട്ടിൻ പുറത്ത് വളരെ ദുർബലമായി കണ്ടുവരുന്നവയാണ് മുതിര, ചാമ,വരക്, കുറുംമ്പുല്ല് ഇവ. വളരെ പോഷകഗുണമുള്ളതും ഔഷധ ഗുണമുള്ളതുമായ. ഈഇനങ്ങളുടെ കൃഷിപുനരർ പ്പിക്കേണ്ടിയിരിക്കുന്നു. ഒരുകാലത്ത് നമ്മുടെ പഞ്ചായത്തു പ്രദേശത്ത് വ്യാപകമായി ചെയ്തുവന്ന ഈകൃഷി പുത്തൻ കാർഷിക സംസ്ക്കാരവും പുതിയ ആഹാരരീതികളും വന്നതോടെ നാമാവശേഷമായിരിക്കുകയാണ്. മലമ്പ്രദേശങ്ങളിലും തരിശായ ഭൂമികളിലും അധികം മണ്ണില്ലാത്ത സ്ഥലങ്ങ ളിലും ഈ കൃഷികൾ ചെയ്യുവാൻ കഴിയുന്നു എന്നത് വലിയ നേട്ടമാണ്. ഭൂമിയുടെ പരമാവധി ഉപയോഗം സാധ്യമാക്കുന്നതിന് ഈ കൃഷികളെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. കൃഷിഭവനുകൾ വഴി ഈ ഇനത്തിൽ ഉൾപ്പെടുന്ന കൃഷികൾ പ്രോൽസാഹിപ്പിക്കുന്നതിന് മേൽത്തരം വിത്തു കളും മറ്റും എത്തിച്ചുകൊടുക്കേണ്ടതുണ്ട്. ഇന്ന് നിശ്ശേഷം നശിച്ചുപോകാത്ത എള്ളു കൃഷിയേ യും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. നെൽപ്പാട ങ്ങളിൽ ഇടവിളയായി എള്ള്, മുതിര ഇവയുടെ കൃഷികൾ ആവിഷ്കരിക്കുന്നതിന് പദ്ധതികൾ ഉണ്ടാക്കേണ്ടതുണ്ട്. ഇതിലേക്കായി കൃഷിഭവനുകളെ സജ്ജമാക്കണം. ഇടവിള എന്ന നിലയി ൽ മുതിര, എള്ള്, ചാമ, വരക്, കുറുമ്പുല്ല് ഇവ കൊയ്ത്തു കഴിഞ്ഞ് ചെയ്യുവാൻ കഴിയും. ജലസേചനം സാധ്യമാക്കുന്നതോടെ ഈ

കൃഷിയുടെ രംഗത്ത് മെച്ചപ്പെട്ട വർദ്ധന ഉണ്ടാക്കുന്നതിനു കഴിയും. പൗരാണികമായ നമ്മുടെ ഈ കൃഷി ഇനങ്ങളെ ഉയർത്തിക്കോണ്ടു വരാനും, കൃത്രമമായ ഭക്ഷ്യ ഉപയോഗത്തിൽ നിന്നും ജനങ്ങളെ നേർവഴിയിൽ എത്തിക്കുന്ന തിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടക്കണം.

പഴം പച്ചക്കറികൾ

പഴവർഗ്ഗങ്ങൾ, പച്ചക്കറി ഇനങ്ങൾ ഇവ പണ്ടു മുതലേ നമ്മുടെ ഗ്രാമീണ കൃഷിയിൽ മുഖ്യ സ്ഥാനം ഉള്ളവയാ യിരുന്നു. പയറുവ ർഗ്ഗങ്ങൾ, പാവൽ, വെണ്ട, വഴുതന, പടവലം, പീച്ചിൽ, പച്ചമുളക്, കോവൽ, ചീര ഇവയെയെല്ലാം നാം കൃഷിചെയ്തു വന്നിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു വ്യാഴവട്ടത്തോളമായി നമ്മുടേത് ഒരു ഉപഭോ ഗ സംസ്കാരമാവുകയും ഈ കൃഷിവസ്തുക്കൾ സ്വയം ഉല്പാദിപ്പിക്കാൻ ശ്രമിക്കാതെ മറ്റുള്ളവരെ ആശ്രയിക്കുന്ന രീതിയിലേക്ക് മാറുകയും ചെയ്തു. ഈ പ്രവണത മൂലം നമ്മുടെ ഗണ്യമായ പണം നാം അറിയാതെ തന്നെ നമ്മുടെ കൈകളിൽ നിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഉല്പന്ന ങ്ങളുടെ വിലയേക്കാൾ ഉപരി ട്രാൻസ്പോർട്ടിംഗ് ചാർജ്ജും മധ്യവർത്തികളുടെ ലാഭവുമൊക്കെ ഈ ഉപഭോഗ പ്രക്രിയയിൽ നിന്നും നാം വഹി ക്കേണ്ടിവരികയാണ്. അടിയന്തിരമായി ഇതിനൊരു പരിഹാരം നാം കണ്ടെത്തണം.

പ്രതിദിനം ഏതാണ്ട് 350 മുതൽ 500 കിലോ വരെ വിവിധ ഇനം പച്ചക്കറികൾ നാം ഉപഭോഗം ചെയ്യുന്നുണ്ട്. ഈ ഉപഭോഗത്തിൽ ഏതാണ്ട് 70% വും അന്യ പ്രദേശങ്ങളിൽ നിന്ന് ഇവിടെ എത്തു ന്നവയെ ആശ്രയിച്ചാണ് നമ്മുടെ ഉപഭോഗം. പച്ചക്കറി ഇനങ്ങളുടെ കൃഷി വികസിപ്പിക്കുവാൻ ഗണ്യമായ സാധ്യതകൾ നമ്മുടെ ചുറ്റുപാടു കളുൽ ഉള്ളതുകൊണ്ട് ഈ കൃഷിയുടെ പ്രോൽ സാഹനത്തിനായി നാം പരമാവധി ശ്രദ്ധ ചെലു ത്തേണ്ടിയിരിക്കുന്നു. മേൽത്തരം പച്ചക്കറി വിത്തു കളും വളങ്ങളും കുമിൾ കീടനാശിനികളും, ഉയർ ന്ന സാങ്കേതിക പരിജ്ഞാനവും ഈ രംഗത്തു പ്രദാനം ചെയ്യണം. പച്ചക്കറി, പഴം ഇവയുടെ ഉല്പദന ത്തെയും വിപണനത്തെയും സംസ്കര ണത്തെയും ലക്ഷ്യം വച്ചുള്ള സഹകരണ പ്രവർത്തനങ്ങളും സാങ്കേതിക സഹായത്തോടെ സംസ്കരണ നടപടികൾക്കായുള്ള വ്യവസായ സംരംഭങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

പഴവർഗ്ഗങ്ങളിൽ ഉൾപ്പെട്ട വാഴ ഇനങ്ങളാണ് പ്രധാനപ്പെട്ടവ. ഏത്തവാഴ, പൂവൻ വാഴ, പാളയം തോടൻ, ഞാലിപ്പൂവൻ, ചുണ്ടില്ലാക്കണ്ണൻ, കാളി തുടങ്ങിയ നാടൻ ഇനങ്ങളും കർപ്പുര വള്ളി, ലന്തപച്ച, റോബസ്റ്റ, പിസാങ്ങ്, മോറിസ്, ഇംഗ്ലീഷ് പൂവൻ തുടങ്ങിയ പുതിയ ഇനങ്ങളും ഇവിടെ കൃഷി ചെയ്യപ്പെടുന്നുണ്ട്. പഴങ്ങളുടെ സംസ്കരണവും കയറ്റുമതിയും വലിയ വിപണി സാധ്യ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഇവയുടെ കൃഷി പ്രോൽസാഹിപ്പിക്കുവാൻ നാം നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. പൈനാപ്പിൾ കൃഷി ഇന്നു വ്യാപകമായി പഞ്ചായത്തു പ്രദേശത്ത് പ്രചരിച്ചുവരികയാണ്. ഈ കൃഷിയി ലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായവും വില ലഭ്യതയും ഉറപ്പുവരുത്തണം. കപ്പളം ഒരു കൃഷിയായി തുടരുന്നതിനും വിലപിടിപ്പുള്ള ടൂ. ടി ഫോർട്ടിപോലുള്ള സംസ്കൃത വസ്തുക്കൾ അവയിൽ നിന്നു ശേഖരിക്കുന്നതിനും ആവശ്യ.മായ പരിശീലനവും പ്രോൽസാഹനവും ഉണ്ടാകണം.

പഴം, പച്ചക്കറി ഇവയുടെ കൃഷിയിലും, സംസ്കരണത്തിലും ഏർപ്പെടുവാൻ താല്പര്യമുള്ള യുവതീ യുവാക്കളായവരെ പ്രത്യേക പരിശീലനം നൽകി രംഗപ്രവേശം ചെയ്യിക്കണം. ഈ പരിശീലനം പഞ്ചായത്തുതലത്തിലോ, ബ്ലോക്കുതലത്താലോ നടത്താവുന്നതാണ്. പരിശീലന പരിപാടികൾ സൗജന്യമായിരിക്കണം. സാങ്കേതിക പരിശീലനത്തിനായി ആളുകളെ തിരഞ്ഞെടുത്ത് നല്ല സ്ഥാപനങ്ങളിൽ അയക്കുകയും അവർക്ക് എല്ലാ സൗജന്യങ്ങളും നൽകുകയും ചെയ്യണം.

സഹകരണം

ഭാരതത്തിൽ 1904 - ൽ രൂപീകൃതമായ സഹകരണ സംഘനിയമ പ്രകാരമുള്ള കാർഷിക വായ്പസം ഘങ്ങളുടെ ആവി ർഭാവത്തോടെയാണ് സഹകര ണപ്രസ്ഥാനം രൂപം കൊണ്ടത്. 1100 - ാമാണ്ടിൽ ആ1924 ൽ ആരംഭി ച്ച വഴിത്തല സർവ്വീസ് സഹകരണ സംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകര ണസ്ഥാപനം. പിന്നീട് 1926 - ൽ അരിക്കുഴയിലും 1928 - ൽ മണക്കാട്ടും 1960 - ൽ പുതുപ്പരിയാരത്തും സഹകര ണസംഘങ്ങൾ ആരംഭിച്ചു.

ഇവയിൽ വഴിത്തല സംഘത്തിന്റെ ഹെഡ്ഡ് ഓഫീസ്സ് പഞ്ചായത്തിലാണെങ്കിലും പഞ്ചായത്തി ന്റെ വിഭജനത്തോടുകൂടി മൂന്നിൽ രണ്ടുഭാഗം അംഗങ്ങളും പുപ്പുഴ പഞ്ചായത്തിലും മണക്കാട് സഹകരണസംഘം വിഭജനത്തിനുശേഷം ആസ്ഥാ നം മുൻസിപ്പാലിറ്റിയിലും വംഗങ്ങളിൽ പകുതിയോളം മുൻസിപ്പൽ പ്രദേശ ത്തുമാണ്. പഞ്ചായത്തിൽ മുഴുവൻ പ്രവർത്തന മേഖലയുള്ള സംഘങ്ങളാണ് അരിക്കുഴയും പുതുപ്പരി യാരവും. ഈ സംഘങ്ങൾ വിവിധയിനം വായ്പകൾ നൽകി വരുന്നു. കാർ ഷികവായ്പകൾ മുഖ്യമായും നൽകിവരുന്ന സംഘ ങ്ങൾ കാർഷികേതര വളരെ ചെറിയ ശതമാനമേ നതൽകുന്നുള്ളൂ. വായ്പേതര പദ്ധതികളായി സം ഘങ്ങൾ കൺസ്യൂമർ സ്റ്റോർ, വളം - കീടനാശിനി ഡിപ്പോകൾ, റബ്ബർ, കൊപ്രാ സംഭരണ കേന്ദ്രങ്ങൾ തുടങ്ങിയവയും നടത്തിവരുന്നു. നബാർഡു വഴി നടത്തി വരുന്ന കാർഷിക വായ്പകൾക്ക് ഇപ്പോൾ വാങ്ങുന്ന പലാശനിരക്ക് ലഘൂകരിക്കുവാൻ ത്രീ ടെയർ സിറ്റം ഒഴിവാക്കി കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംവിധാനം ഉണ്ടാകണം. ഈ സംഘങ്ങളിലെല്ലാം പൊതുവെ നിക്ഷേപ പദ്ധതികൾ തൃപ്തികരമല്ല. ധനകാര്യ സ്ഥാപനങ്ങൾ എന്നുള്ള നിലയിൽ ഇത്തരം മേഖല കളിലുള്ള രാഷ്ട്രീയ അതിപ്രസരം സ്ഥാപ നങ്ങളുടെ വളർച്ചയെ ദോഷകരമായി ബാധിക്കുന്നു. ദുർബല വിഭാഗ ങ്ങൾക്കായുള്ള വായ്പ നൽകുന്നതിൽ സഹകരണ മേഖലയുടെ സമീപനം ഒട്ടും തൃപ്തിക രമല്ല (I.R.D.P) കാർഷികവായ്പാ സംഘങ്ങൾ കൂടാതെ ചിറ്റൂരിൽ അർബൻ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. സംഘങ്ങൾ പഞ്ചായത്തു തലത്തിൽ ഏകോ പിപ്പിക്കുകയും നിലവിലുള്ള ബ്രാഞ്ചുകളായി നിലനിർ ത്തിയും ഒരു മാനേ ജ്മെൻറിന്റെ കീഴിൽ പ്രവർത്തനം നടത്തിയാൽ കൂടുതൽ സാമ്പത്തിക ഭദ്രതയും വായ്പാ സം വിധാനങ്ങളും മെച്ചപ്പെടുത്താൻ കഴിയും.

തൊഴിലില്ലായ്മ രൂക്ഷമായ ഈ കാലഘട്ടത്തിൽ പ്രത്യുൽപാദനപരമായ മേഖലയിൽ പണം മുടക്കു വാനും അതു വഴി തൊഴിലില്ലായ്മ കുറെയെങ്കിലും പരിഹരിക്കുവാനും കഴിയും വിധം സഹകരണ നി യമങ്ങളിൽ ആവശ്യമായ ഭേദഗതികൾ സർക്കാ ർതലത്തിൽ മുൻകൈ എടുത്ത് നടപ്പാക്കേ ണ്ടി യിരിക്കുന്നു.

പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നതി ലക്ഷ്യമാക്കി പഞ്ചായത്തു തലത്തിൽ പട്ടികജാതി സഹകരണ സംഘം ആരംഭിക്കുക. കൊമേഴ്സ്യൽ ബാങ്കുക ളൊന്നും ഈപഞ്ചായത്തിൽ പ്രവർത്തി ക്കുന്നില്ല.



സഹകരണ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ.

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	നിക്ഷേപം	കാർഷിക വായ്പകൾ	കാർഷികേതര വായ്പകൾ	ജീവനക്കാരുടെ എണ്ണം
വഴിത്തല സർവ്വീസ് സഹകരണ സംഘം	1924	5301	16,24,740	30,10,2622	60,52,225	15,30,0549	16
അരിക്കുഴ സർവ്വീസ് സഹകരണ സംഘം	1926	2800	5,97,340	66,00,000	42,00,000	31,00,000	7
മണക്കാട് സർവ്വീസ് സഹകരണ സംഘം	1928	3173	5,74,770	1,148,3000	2,86,000	79,700,00	8
പുതുപ്പരിയാരം സർവ്വീസ് സഹകരണ സംഘം	1990	4291	3,33,540	23,330,66	12,80,528	3,47,084	4

വായ്പാ കുടിശ്ശികകൾ തിരിച്ചടുക്കുന്നതിലും മിച്ചസമ്പാദ്യങ്ങൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം അംഗങ്ങളുടെ ഇടയിൽ നടത്തേണ്ടതുണ്ട്.

പഴം, പച്ചക്കറി സംഭരണ സംസ്ക്കരണ വിപണന സഹകരണ സംഘം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.



വിഭവസമാഹരണം.

മണക്കാട് ഗ്രാമ പഞ്ചായത്ത് തികച്ചും ഒരു കാർഷിക പ്രധാനമായ പഞ്ചായത്താണ്. ഇവിടെ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുവെ ങ്കി ലും അവയൊക്കെ വളരെ പ്പെട്ടന്നുതന്നെ അപ്രത്യക്ഷമായി. കർഷക രുടെ കൈകളിലുള്ള ഭൂമിയുടെ വിസ്തൃതിയും വളരെ കുറഞ്ഞതാ ണ്. വൻ ഭൂവുടമകൾ ഇവിടെ വളരെ കുറച്ചു മാത്രമാണുള്ളത്. കർഷകതൊഴി ലാളികളും വ രുമാനം കുറഞ്ഞ ജനങ്ങളുമാണ് ഈ പഞ്ചായ ത്തിൽ ഏറിയപങ്കും. കാർഷികരംഗത്ത് ഇന്ന് വ്യാപകമായി തകർച്ച കാണപ്പെടുന്നു. നാണ്യ വിളകളുടെ രംഗത്ത് ആകെ ആശ്രയിക്കുന്നത് റബ്ബറി നെ മാത്രമാണ്. നെൽകൃഷി രംഗം ദൈനംദിനം ഇവിടെ കനത്ത ഭീഷണിയെ നേരിടുകയാണ്. ഭൂമിയിലെ ആവർത്ത നകൃഷി മൂലം ജൈവമൂലക ങ്ങ ളുടെ ഗണ്യമായ കുറവ് ഭൂമിയിൽ അനുഭവപ്പെടുന്നു. ഉൽപ്പന്നങ്ങളുടെ വിലയിടിവ് കർഷകരുടെ ദൈനം ദിന ജീവിതത്തെ നിരന്തരമായി അലട്ടുന്നു.

തൊഴിൽ രംഗത്തും വളരെ ഗുരുതരാവസ്ഥയാണ് ഇവിടെയുള്ളത് . അഭ്യസ്ഥവിദ്ധ്യ രായ തൊഴിൽ അവസരങ്ങൾ കുറവാണ്. വിദേശ ത്തുജോലിയുള്ളവർ നാമമാത്രമാണ്.

പഞ്ചായത്തിന് ലഭ്യമാകുന്ന സർക്കാർ ഗ്രാൻറുകൾ യഥാസമയം ലഭ്യമാകുന്നില്ല. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കാലാകാല ങ്ങളിലായി പഞ്ചാ യത്തു പ്രദേശങ്ങൾക്ക് നൽകുന്ന ധനസ ഹായത്തി ലും പലപ്പോഴും അർഹമായ പരിഗ ണന ലഭ്യമാകുന്നില്ല.E.A.Sപോലുള്ള പദ്ധതികൾ നടപ്പാക്കുന്ന ഘട്ടത്തിൽ പഞ്ചായത്തു നിർദ്ദേ ശങ്ങൾക്കനു സൃത മല്ലാത്ത സമീപനം മേൽത്തട്ടിൽ നടക്കുന്നത് വിക സനപ്രവർത്തനങ്ങളെ ബാധിക്കുന്നു.

വിഭവങ്ങൾ

പഞ്ചായത്തിൽ നിലവിൽ ലഭ്യമാകുന്ന വരുമാനങ്ങൾ പഞ്ചായത്തിന്റെ വികസനപ്രവർത്ത നങ്ങൾക്ക് ഉപകരിക്കുന്നതിന് പര്യാപ്തമായ തുകയി ൽ എത്തുന്നില്ല. നികുതികളായും ഗ്രാൻറുകളായും പ്രത്യേക ഫണ്ടുകളുമായി ലഭിക്കുന്നവ മാത്രമാണ് പഞ്ചായത്തിലെ പ്രധാന വിഭവങ്ങൾ. പുതിയ വിഭവ സ്രോതസ്സുകൾ കണ്ടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വരുമാനങ്ങൾ ഗ്രാൻറുകളും മറ്റും

1.	ബേസിക് ടാക്സ്	11628
2.	ബജത്ത്	50000
3.	വി.റ്റി.സി.	165984
4.	എസ്റ്റാബ്ളിഷ്മെൻറ് ഗ്രാൻറ്	120419
5.	ഉപാധിരഹിതഫണ്ട്	241600
6.	റ'ണ'ന ഗ്രാൻറ്	13665
7.	മൈനർ ഇറിഗേഷൻ	1150
	ആകെ	604446

തനതു വരുമാനം

1.	കെട്ടിടനികുതി	176211
2.	തൊഴിൽ നികുതി	122901
3.	വിനോദനികുതി	8336.42
4.	അധികവിനോദനിക	5040.62
5.	കാഴ്ച നികുതി	1112
6.	സർച്ചാർജ്ജ്	279
7.	മാർക്കറ്റ്	1525
8.	ലൈസൻസ് ഫീ	16695
9.	വസ്തുകൈമാറ്റ നികുതി വിഹിതം 75%	69010.
പലവക		47582.35
11.	ഡെപ്പോസിറ്റ്	4496
	ആകെ	442868.39

ഗ്രാൻറുകളും തനതുവരുമാനവുകൂടി


1.	ഗ്രാൻറുകൾ ആകെ	604446
2.	തനതു വരുമാനം	442868.39
	ആകെ	1047314.39
	ജെ.ആർ.വൈ.ഫണ്ട്	4034000
	ആകെ	1481314.39

ചെലവ്

1.	ഭരണ ചെലവ്	398510
2.	സ്ട്രീറ്റ് ലൈറ്റ്	41924
3.	പൊതുമരാമത്ത്	394339.20
4.	വിദ്യാഭ്യാസം	10800
5.	പലവക	163940.30
	ആകെ	109513.50

മേൽപ്പറഞ്ഞ വരവുകളും ചെലവുകളുമാണ് ഇപ്പോൾ പഞ്ചായത്തിൽ ഉള്ളത്. ഇവ കൂടാതെ ജില്ല, ബ്ലോക്കുതല പഞ്ചായത്തിൽ നിന്നും വിവിധ ഡിപ്പാർട്ടുമെൻറുകൾ വഴിയുള്ള വിഭവങ്ങൾ ഇവിടെ ചെലവഴിക്കപ്പെടുന്നുണ്ട്.

1. പുതിയ വരുമാന സ്രോതസ്സുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിൽ നലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതികളുടെ രീതി മാറണം. ഇന്ന് സർക്കാർ നേരിട്ടുപിരിക്കുന്ന നികുതികൾ പഞ്ചായത്തിനായി കൈമാറേണ്ടിയിരിക്കുന്നു.
2. പഞ്ചായത്തിലെ ജനങ്ങളുടെ സന്നദ്ധസേവനം വികസനപ്രവർത്തനങ്ങളുടെ രംഗത്ത് ഉറപ്പാക്കണം.
3. സഹകരണസ്ഥാപനങ്ങളെ വികസനപ്രവർത്തനങ്ങളുടെ മേഖലയിൽ സന്നദ്ധമാക്കണം. സഹകരണസംഘങ്ങൾ വഴി ഒരു വികസന ഫണ്ട് കരുതലാക്കണം.
4. കർഷക തൊഴിലാളികൾ, കർഷകർ ഇവർക്കായുള്ള ക്ഷേമപദ്ധതികളും പെൻഷൻ പദ്ധതികളും നടപ്പാക്കുവാൻ പഞ്ചായത്തിന് അധികാരം ഉണ്ടാകണം. ഈ ക്ഷേമപദ്ധതികൾ ഏതു മേഖലയിൽ ഉൾപ്പെടുന്നവർക്കായും ആരംഭിക്കാവുന്നതാണ്.
5. ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ ടൂറിസത്തിൽ നിന്നും വലിയ വരുമാനം പ്രതീക്ഷിക്കാൻ കഴിയും.
6. പുതിയ വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക വഴി പഞ്ചായത്തിന്റെ വിഭവസമാഹരണശേഷി വർദ്ധിപ്പിക്കാം.
7. കെട്ടിടനികുതിയിലുള്ള അപാകതകൾ പരിഹരിച്ച് വരുമാന വർദ്ധന ഉണ്ടാക്കാം.
8. പുതിയ കെട്ടിടങ്ങൾ വൻതുക മുതൽ മുടക്കിൽ പണിയുന്നവരുടെ പക്കൽ നിന്നും സ്ലാബ് അടിസ്ഥാനത്തിൽ അധികനികുതി ചുമത്തി വരുമാന വർദ്ധന ഉണ്ടാകണം.
9. വിഭവ സമാഹരണരംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക വഴി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ കഴിയും.



മൃഗസംരക്ഷണം

ഈ പഞ്ചായത്തിലെ ജനങ്ങൾ പരമ്പരാഗതമായി മൃഗപരിപാലരംഗത്ത് ശ്രദ്ധചെലുത്തിവരുന്നു. ഇവിടെ വളർത്തിവന്ന പ്രധാന മൃഗങ്ങൾ പശു, കാള, എരുമ, പോത്ത്, ആട് പന്നി എന്നിവയാണ്. വീട്ടുമൃഗങ്ങളായി പട്ടി, പൂച്ച ഇവകളെയും ഇവിടെ വളർത്തിവരുന്നു. പോത്തുകളെയും കാളയും കാർഷിക ആവശ്യത്തിനും വണ്ടിവലിക്കുന്നതിനുമാണ് ഉപയോഗിച്ച് പോരുന്നത്. എരുമ പശു, ആട് ഇവകളെ പാലിനാണ് വളർത്തി വന്നത്. പശു ഒരു ദേവതയായിപോലും മനുഷ്യൻ കരുതി പോന്നു. പശുവിനെ കൊല്ലുന്നത് പാപമായിട്ടാണ് പണ്ടു നമ്മുടെ കാരണവൻമാർ കരുതി പോന്നത്. മാട്ടിറച്ചി കഴിക്കുന്നവരെ തൊട്ടുതീണ്ടുന്നതു പോലും ചില വിഭാഗം ജനങ്ങൾക്ക് നിഷിദ്ധ മായിരുന്നു.

മൃഗങ്ങളെപ്പോലെ തന്നെ ഇവിടുത്തെ ജനങ്ങൾ പരിപാലിച്ചുപോന്ന പക്ഷിവർഗ്ഗങ്ങളും ഉണ്ടായിരുന്നു. കോഴി, താറാവ്, പാത്ത, കൾഗം, കിനി, ഇവ പക്ഷികളിൽപെടുന്ന വളർത്തുപക്ഷി കളായിരിന്നു. ഇവയെ കൂടൂതെ അലങ്കാര ത്തിനായി പ്രാവ്, മൈന, തത്ത ഇവകളെയും വളർത്തിപോന്നിരുന്നു. ഇന്ന് മേൽപറഞ്ഞ പക്ഷിയിനങ്ങളിൽ കോഴിമാത്രമാണ് വ്യാപകമായി വലർത്തിപോരുന്നത്. മറ്റുള്ളവ നശിച്ചുപോകുകയോ ഇല്ലാതാകുകയോ ചെയ്തിരിക്കുകയാണ്. താറാവിനെ അപൂർവ്വമായേ കാണാൻ കഴിയൂ.

മുൻകാലത്ത് കാളയും പോത്തും കൃഷിപ്പണികൾക്കും ഭാരം വലിക്കുന്നതിനും ഉപയോഗിച്ചിരുന്നു. കാർഷികരംഗത്തെ കൃഷിപ്പണികൾ യന്ത്രവൽകൃതമായതുമൂലവും കാളവണ്ടികളുടെ സ്ഥാനത്ത് മോട്ടോർ വാഹനങ്ങൾ ആവിർഭവിച്ചതുകൊണ്ടും കാളകളുടെയും പോത്തുകളുടെയും ഉപയോഗം ഗണ്യമായി കുറഞ്ഞു. എല്ലാറ്റിനുമുപരി നമ്മുടെ കൃഷിരീതിയിൽ വന്ന മാറ്റം മൃഗസംരക്ഷ ണരംഗത്തെ പ്രതികൂലമായി ബാധിച്ചു. യഥേഷ്ടമായിരുന്ന മേച്ചിൽ സ്ഥലങ്ങൾ പുത്തൻ കൃഷികൾക്കായി മാറ്റിയതോടെ മേച്ചിൽ സ്ഥലങ്ങളുടെ വിസ്ത്രിതിയിൽ വന്ന കുറവും മൃഗസംരക്ഷമരംഗത്തെ ദോഷകരമായി ബാധിച്ചു. ഇന്നു നമ്മുടെ പഞ്ചായത്തിൽ പാൽ ആവശ്യത്തിലേയ്ക്ക് വളർത്തുന്ന പശുക്കളും ആടുകളും മാത്രമാണ് മൃഗപരിപാലന രംഗത്ത് കാണപ്പെടുന്നത്. ലാഭകരമായ ഒരു തൊഴിൽ എന്ന നിലയിൽ പന്നി വളർത്തലും ഈ പഞ്ചായത്തിൽ അങ്ങിങ്ങായി കാണപ്പെടുന്നുണ്ട്. പന്നികളെ ശാസ്ത്രീയമായി വളർത്തുന്ന സങ്കേതങ്ങളോ സൗകര്യങ്ങളോ വളരെ പരിമിതമാണ്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്ന പിമൃഗാതികൾ പ്രധാനമായും പശു, ആട്, എന്നീ മൃഗങ്ങളും കോഴി, താറാവ്, എന്നീ പക്ഷിവർഗ്ഗ ജീവികളുമാണ്. കുറച്ചാളുകൾ പന്നി കൃഷി ഒരു തൊഴിലായും സ്വീകരിച്ചിട്ടുമുണ്ട്. മേൽ പറഞ്ഞ മൃഗപക്ഷി വർഗ്ഗങ്ങളിൽ ഉൾപ്പെട്ടവയെല്ലാം തന്നെ തനി നാടൻ ഇനങ്ങ ലായിരുന്നു നമ്മുടെ പഞ്ചായത്തിൽ മുൻ കാലങ്ങളിൽ കാണപ്പെട്ടിരുന്നത്. നാടൻ ഇനങ്ങങ്ങൾ എന്ന നിലയിൽ അവയുടെ ഉത്പാദ നക്ഷമതയും വളരെ കുറഞ്ഞതുമായിരുന്നു. പഞ്ചായത്തിൽ ഒട്ടാകെ പരിശോധിച്ചാൽ 10 ൽ പരം എരുമകളെ മാത്രമേ മനുക്ക് കാണുവാൻ കഴിയുന്നുള്ളൂ.

മൃഗങ്ങളുടെ ഉപയോഗം ഇന്ന്.

പണ്ടുകാലത്ത് മനുഷ്യന്റെ ജീവിതാ യോധനത്തിനായികൂടിവളർത്തിയിരുന്നുവെങ്കിൽ ഇന്ന് ഭക്ഷണാവശ്യത്തിനായി മാത്രമാണ് ഈ ജീവികളെ നാം വളർത്തുന്നത്. നമ്മുടെ നിത്യഭക്ഷണത്തിൽ ആവശ്യം വേണ്ട ഘടകങ്ങൾ മൃഗപക്ഷികളുടെ പാൽ മുട്ട, മാംസം ഇവകളിൽ നിന്നും നമുക്ക് ലഭ്യമാകുന്നുണ്ട്. നമ്മുടെ നിത്യാഹാരത്തിൽ ഈ വസ്തുക്കൾ ഒരു ഘടകമായിതന്നെ ശരീരപോഷണത്തിനും ആരോഗ്യപരമായ വളർച്ചയ്ക്കും അനുപേ ഷണീയമാണ്. പാൽ എന്നത് ഒരു സമീകൃതാ ഹാരമായിതന്നെയാണ് ശാസ്ത്രീയമായി നിർദ്ദേശിക്കപ്പെടുന്നത്. മനുഷ്യന്റെ നിലനിൽപ്പിന്റെ തന്നെ ആശ്രമാണെന്ന് കരുതേണ്ട ഈ രംഗത്തിന്റെ പരിപാലനം എന്തുകൊണ്ടും പരമപ്രാധാന്യം അർഹിക്കുന്നു.

നമ്മുടെ പാൽ ഉപയോഗം.

മെച്ചപ്പെട്ട അവസ്ഥയിൽ ഇന്ന് ആഹാരത്തിനായി പാൽ ഉപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. ആരോഗ്യശാസ്ത്ര പ്രകാരം 250 ഗ്രാം പാൽ പ്രതിദിനം നമ്മുടെ ഭക്ഷണത്തിൽ ഉണ്ടായിരിക്കണം. ഇന്ന് ഇവിടെ ഒരു വ്യക്തിയ്ക്ക് ലഭ്യമാകുന്നത്. 100 ഗ്രാം പാൽ മാത്രമാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 15500 ആണെന്നാണല്ലോ കണക്കാക്കപ്പെടുന്നത്. പ്രായപൂർത്തിയായ ഒരാളെന്ന ശരാശരി കണക്കിൽ നമ്മുടെ ജനസംഖ്യ 12000 എന്ന് കണക്കാക്കുന്ന പക്ഷം നമ്മുടെ ശരാശരി ഉപയോഗത്തിന് പ്രതിദിനം ഒരാൾക്ക് 250 ഗ്രാം പാൽ എന്നതോതിൽ കണക്കാക്കിയാൽ 3000 കിലോ (3900 ലിറ്റർ) പാൽ നമുക്കാ വശ്യമാണ്. 3000 കിലോ ആവശ്യമുള്ള സ്ഥാനത്ത് നമുക്ക് ലഭ്യമാകുന്നത് 1200 കിലോ പാൽ മാത്രമാണ്. ഈ അവസ്ഥ മാറണമെങ്കിൽ ഇപ്പോൾ നമ്മുടെ പഞ്ചായത്തിത8 ഉത്പാദി പ്പിക്കുന്നതിലും കൂടുതലായി 2300 ലിറ്റർ പാൽ കൂടി ഉല്പാദന വർദ്ധന നടത്തേണ്ടിയിരിക്കുന്നു.

പാലിന്റെ രംഗത്ത് നമ്മുടെ കുറവ് പരിഹരിക്കുവാൻ മറ്റുള്ളവരെ നാം ആശ്രയിക്കുന്നത് ബുദ്ധിശൂന്യമാണ്. ഈ കുറവ് പരിഹരിക്കുന്നതിന് മൃഗസംരക്ഷണ രംഗത്ത് പശുപരിപാലനം ഒരു പദ്ധതിയായിതന്നെ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇന്നു നമ്മുടെ പഞ്ചായത്ത് പ്രദേശത്താകെകൂടി നാടൻ, ജെഴ്സി, ക്രോസ്, ഹോൾസെയിൻ, സിസ്ബ്രൺ എന്നീ ഇനങ്ങളിൽ പെട്ട 381 കറവപ്പശുക്കളാണ് കാണപ്പെടുന്നത്. കിടാരികളും കറവയില്ലാത്ത മറ്റുള്ളവയും കൂടി 453 എണ്ണം വേറെയുമ കാണുന്നു. ആകെ 834 കാലികളാണ് നമ്മുടെ മൃഗസമ്പത്ത്. മേൽവിവരിച്ചതിൽ ഹോൾഡെയിൻ, സിസ്ബ്രൗൺ എന്നീ ഇനങ്ങൾ വിരലിൽ എണ്ണാൻ മാത്രമാണ് ഉള്ളത്.

നമ്മുടെ പാൽ ഉല്പാദനരംഗം ഗണ്യമായി പോഷിപ്പിക്കേണ്ടിയിരിക്കുന്നു. ആഭ്യന്തര ഉപയോഗം പോലെതന്നെ വിപുണി അടിസ്ഥാനത്തിലും പശുപരിപാലനം ഒരു പദ്ധതിയായി നമുക്ക് സ്വീകരിക്കാം. ഇപ്പോൾ ഉള്ള പശുഇനങ്ങളോക്കാൾ കൂടുതൽ പാൽ ഉല്പാദനശേഷിയുള്ള മേൽത്തരം ഇനങ്ങളെ പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. ഇന്നത്തേതിനെക്കാൾ കൂടുതലായി 800 പശുക്കളെകൂടി നമ്മുടെ കർഷകർക്ക് പരിപാലിക്കുവാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിൽ ഉണ്ട്. ഈ സാദ്ധ്യത നാം

പ്രയോജനപ്പെടുത്തുന്നില്ല. കാലിത്തീറ്റയുടെ വില വർദ്ധന, ഭക്ഷ്യആവശ്യത്തിനുള്ള മറ്റു വസ്തുക്കളുടെ ദൗർലഭ്യം ഇവയൊക്കെ കർഷകർക്കിടയിലെ മുഖ്യപ്രശ്നങ്ങളാണ്. വിപണി സംബന്ധമായും ചില പ്രശ്നങ്ങൾ കർഷകരെ അലട്ടുന്നുണ്ട്.

ക്ഷീരസഹകരണസംഘങ്ങൾ പഞ്ചായത്തിലും പഞ്ചായത്തുകളുമായി ബന്ധപ്പെട്ടും മൂന്ന് എണ്ണം പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ ശരിയായ പാൽ സംഭരണം 450 മുതൽ 500 ലിറ്റർ പാൽ വരെ മാത്രമാണ്. ഇന്ന് നിലവിലുള്ള ഉല്പാദനക്ഷമതയില്ലായ്മ തന്നെയാണ് ഈ സംഘങ്ങളുടെ സംഭരണ തോത് കുറയുവാൻ കാരണമായിട്ടുള്ളത്. ഇപ്പോൾ എത്രമാത്രം പാൽ ഉല്പാദിപ്പിച്ചാലും അത് ഏറ്റെടുക്കുവാൻ നമ്മുടെ സംഘങ്ങൾക്ക് കഴിയും. സംഘങ്ങൾ ഇന്ന് നല്കിവരുന്ന വില വർദ്ധിപ്പിക്കേണ്ടത് ഇന്നത്തെ നിലയിൽ പരിഗണാർഹമാണ്. എന്തായാലും പാൽ ഉല്പാദനരംഗത്തും വിതരണരംഗത്തും നമുക്ക് പുതിയ ആസൂത്രണം നടക്കേണ്ടിയിരിക്കുന്നു. പശുപരിപാലനത്തിനും, മേൽത്തരം പശുക്കളുടെ ലഭ്യതയ്ക്കും ശാസ്ത്രീയമായ ബീജസംങ്കലന പ്രവർത്തനങ്ങൾക്കും, രോഗനിയന്ത്രണത്തിനും, പോഷകകുറവിനും, കാലിത്തൊഴുത്തുകളുടെ നിർമ്മാണത്തിനും ആവശ്യമായ സഹായങ്ങളും വായ്പകളും സബ്സിഡികളും കർഷകർക്ക് എത്തിച്ചുകൊടുക്കണം.

ആട്

ഇന്ന് ഈ പഞ്ചായത്തിൽ സാധാരണക്കാരും പാവപ്പെട്ടവരും ആശ്രയിച്ചുവരുന്ന മറ്റൊരു മൃഗമാണ് ആട്. പാവപ്പെട്ടവന്റെ പശു അന്നാണല്ലോ പശുവിനെ അറിയപ്പെടുന്നത്.

ഭൂമി പോലുള്ള സൗകര്യങ്ങൾ പരിമിതമായവർക്ക് ആശ്രയിക്കാൻ കഴിയുന്ന ലാഭകരമായ തൊഴിലാണ് ആട്കൃഷി. വീട്ടമ്മമാർക്ക് ആടുവളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിക്കാൻ കഴിയും.

ഇന്ന് നമ്മുടെ നാട്ടിൽ കാണപ്പെടുന്നത് സാനൻ, മലബാറി എന്നീ ഇനങ്ങളിൽപ്പെട്ട വർഗ്ഗശുദ്ധി കുറഞ്ഞ സങ്ക ഇനങ്ങളാണ്. പൊതുവിൽ ഇവയെ കോലാടുകൾ എന്ന് പറഞ്ഞുവരുന്നു. ഈ ഇനങ്ങൾ പൊതുവിൽ പാലിന്റെയും മാംസത്തിന്റെയും ലഭ്യതയിൽ താഴ്ന്ന നിലവാരം പുലർത്തുന്നവയാണ്. എഴുന്നൂറിൽ പരം മേൽപറഞ്ഞ സങ്കരിനങ്ങൾ മാത്രമാണ് നമ്മുടെ ആകെ വരുന്ന ആട് സമ്പത്ത്.

ആട് നാം അറിയുന്നതുപോലെ സാംസത്തിനും പാലിനുമായി വളർത്താവുന്ന ഏറ്റവും മെച്ചപ്പെട്ട മൃഗംതന്നെയാണ്. ആട്ടിൻ പാലിന്റെ ഔഷധഗുണം ആയുർവേദത്തിൽ വർണ്ണിക്കുന്നത് നാം കാണുന്നുണ്ട്. കുട്ടികൾക്ക് ആട്ടിൻപാൽ ഭക്ഷണം പോലെ തന്നെ ഒരൗഷധം കൂടിയാണ്. സ്ഥിരമായി ആട്ടിൻപാൽ ഉപയോഗിക്കുന്നവർക്ക് ഹൃദ്രോഗസാദ്ധ്യത തീരെ കുറവാണെന്ന് കണ്ടുവരുന്നു.

ഇന്ത്യൻ ഇനങ്ങളിൽ ഉൾപ്പെടുന്നതും മാംസത്തിനുമായി ഏറ്റവും ഉപകരിക്കുന്ന ആട് ഇനമാണ് നമ്മുടെ സംസ്ഥാനത്ത് കണ്ണൂർ, വടകര, തലശ്ശേരി എന്നിവിടങ്ങളിൽ കാണുന്ന മലബാറി വംശം. മാംസുല്പാദനക്ഷമതയിൽ ഏറ്റവും മികച്ച ഇനമായി കാണപ്പെടുന്നതും അറിയപ്പെടുന്നതും ജമ്നാചാരി വംശമാണ്. 2 വർഷത്തെ വളർച്ചകൊണ്ട് 90 മുതൽ 110 കിലോവരെ ഈ ഇനത്തിൽപ്പെട്ട ആടുകൾ കളരുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ഇന്ന് പല സ്വകാര്യ വ്യക്തികളും പരിമിതമായി ഇവയെ വളർത്തിവരുന്നതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. പാൽ ഉല്പാദനത്തിൽ മുന്തിയതെന്ന്

പറയപ്പെടുന്ന സാനൻ ഇനം വളരെ കുറമാണ്. ഫ്രാൻസ് ഒറിജിനലായ ആൽവൈൻ ഇനങ്ങളും ഇവിടെ ലഭ്യമാകുന്നില്ല. സാനൻ ആൽപൈൻ എന്നീ ഇനത്തിൽ ഉൾപ്പെടുന്നവയ്ക്ക് 3 ലിറ്റർ പാൽ വരെ ഉല്പാദനശേഷിയുണ്ട്.

ആടുകളുടെ മറ്റൊരു സവിശേഷത, കുറഞ്ഞ തീറ്റി നല്കി അവകളെ നമുക്ക് വളർത്താൻ കഴിയും എന്നതാണ്. 3 കിലോ സസ്യാഹാരവും .5 മുതൽ 1കി.വരെ സചീകൃത ആഹാരവും നല്കി ആടുകളെ നമുക്ക് സംരക്ഷിക്കാൻ കഴിയും.

ആടുകളുടെ ഗുണമേൻമ ഉറപ്പുവരുത്തുവാൻ ചിലനടപടികൾ 9-ാം പദ്ധതിയിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. നമ്മുടെ വെറ്റനറി റിസേർച്ച് കേന്ദ്രങ്ങളായ മണ്ണുത്തിയിലും, കൊമേരിയിലും മേൽത്തരംആടുകളെ ഡെവലപ്പ് ചെയ്യുന്നതിനുള്ള ശാസ്ത്രീയ പരീക്ഷണങ്ങൾ ഉണ്ടാകണം.ആസ്ത്രേലിയൻ ഒറിജിനലായ സാനൻ ഫ്രഞ്ച് ഒറിജിനലായ ആൽവൈൻ ഇവയെ സംബന്ധിച്ച് പഠന ഗവേഷണത്തിലൂടെ പുതിയവകളെ പ്രചരിപ്പിക്കണം. ഈ ഇനങ്ങളെ നമ്മുടെ ഗ്രാമത്തിൽ എത്തിക്കുവാൻ നടപടി ഉണ്ടാവണം. ആടുവളർത്തൽ സംബന്ധമായ ഒരു സമഗ്രപദ്ധതിയ്ക്ക് സംസ്ഥാനതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത്തലത്തിലും പുതിയ സമീപന മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കണം. ഈന്ന് ഈ രംഗം ആരു ശ്രദ്ധിക്കാതെ കഴിയുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണം. ജമ്നാചാരി ജനങ്ങളുടെ പ്രചരണം പഞ്ചായത്ത് തലത്തിൽതന്നെ നടത്തുവാൻ വേണ്ട സങ്കേതങ്ങളും സാങ്കേതിക വിജ്ഞാനവും പകർന്നുനൽകണം.

ആടുകളെ കൂടുകളിൽ നിറുത്തി വളർത്തുന്ന നൂതന സമ്പ്രദായം പ്രോത്സാഹിപ്പിക്കുകയും ആയതിനുള്ള സാങ്കേതഅക സാബത്തിക സഹായങ്ങൾ ഉറപ്പാക്കുകയും ചെയ്യുക. പഞ്ചായത്ത് തലത്തിൽ മേൽത്തരം ആടുകളുടെ പ്രചരണത്തിനായി വിത്തുൽപാദന കേന്ദ്രങ്ങളും ബീജബാങ്കുകളും പഞ്ചായത്തിൽ പ്രവർത്തിപ്പിക്കണം.ഗുണമേൻമ പരിശോധിക്കുന്നതിനും മറ്റും പ്രത്യേക പരിശോധനകൾ ഏർപ്പെടുത്തുകയും ചെയ്യണം. ആട് സംരക്ഷണ തല്പരരായവർക്ക് പ്രത്യേകം സമ്മാന പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്യണം. വായ്പകൾ ഗ്രാൻറുകൾ ഇവ ഈ കൃഷിയുടെ പ്രോത്സാഹനത്തിനായി തരപ്പെടുത്തണം.ആട്ടിൻ പാലിൻെറ ഗുണവിശേഷങ്ങൾ നിരീക്ഷണ വിധേയമാക്കാൻ പറ്റിയ ശാസ്ത്രസാങ്കേതിക വിജ്ഞാനകേന്ദ്രങ്ങൾ ജില്ലാ തലത്തിൽ ആരംഭിക്കണം.

പന്നി

നമ്മുടെ ഗ്രാമത്തിൽ കണ്ടുവരുന്ന മറ്റൊരു പ്രധാന വളർത്തുമൃഗമാണ് പന്നി. ഇത് വീട്ടുവളപ്പുകളിൽ ഒരാദായകരമായ തൊഴിൽ എന്നടിസ്ഥാനത്തിൽ ചെയ്തുവരുന്നുണ്ട്. വീട്ടുവളപ്പിലെ പന്നി വളർത്തൽ ആദായകരമാണെങ്കിലും ഏത് ശാസ്ത്രീയകരമായി ചെയ്യുവാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ആ രംഗത്തെ അതേപടി ശുപാർശചെയ്യുന്നില്ല.

പന്നി വളർത്തൽ ഫാം അടിസ്ഥാനത്തിതലത്തിൽ ചെയ്യുവാൻ കഴിയുന്ന ആളുകൾക്ക് സാമ്പത്തിക സഹായവും സബ്സിഡികളും നല്കാവുന്നതാണ്. ജലസേചനസൗകര്യത്തോടെ സെഫ്ടിക് ടാങ്കുകൾ മാത്രമുപയോഗിച്ചുള്ള പന്നി കൃഷി മാത്രം പ്രോത്സാഹിപ്പിച്ചാൽ മതിയാകുന്നതാണ്. യൂണിവേഴ്സ്സിറ്റി പോലുള്ള സ്ഥാപനങ്ങൾ പ്രചരിപ്പിക്കപന്ന മേൽതരം പന്നികളെ ഈ ആവശ്യത്തിലേയ്ക്ക് പ്രചരിപ്പിക്കാവുന്നതാണ്.

മൃഗസംരക്ഷണ രംഗത്ത് വളർത്തുമൃഗങ്ങളെ സംബന്ധിച്ച് ഈ കാര്യങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ സ്വീകരിക്കേണ്ട പ്രധാന കാര്യങ്ങൾ.

പക്ഷി വർഗ്ഗം

പക്ഷിവർഗ്ഗത്തിൽ ഇന്ന് പ്രധാനമായും ഈ പഞ്ചായത്തുനിവാസികൾക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക ജീവി കോളിമാത്രമാണ്. താറാവ് പോലിള്ള മറ്റിനങ്ങലുടെ സംരക്ഷണ പ്രവർത്തനം പ്രയേണ ദുഷ്ക്കരമാണ്. ഇന്നുനമ്മുടെ നാട്ടിൽ കണ്ടുവരുന്ന കോഴികൾ കുടുതലായും നാടൻ ഇനങ്ങളാണ്. ആണ്ടുവട്ടം 80 മുതൽ 120 വരെ മുട്ടകൾ ലഭിക്കുന്ന ഈ നാടൻ ഇനങ്ങളുടെ പരിപാലനം ലാഭകരമല്ല.

മുട്ടയ്ക്കും മാംസത്തിനും വേണ്ടി നാം ഇന്ന് അന്യസംസ്ഥാനങ്ങളെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. ഈ അവസ്ഥ നാം മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. മാംസത്തെ സംബന്ധിച്ചിടത്തോളം വിലനിലവാരം വളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യമാണ്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഉണ്ടായ ഗണ്യമായ ഉല്പാദനമാണ്. അതിനുകാരണം. എന്നാൽ മുട്ടയേസബന്ധിച്ചടുത്തോളം അത്തരം ഒരു പ്രതിസന്ധി ഇന്നു നമുക്കില്ല. നമ്മുടെ മുട്ടയുടെ ഉല്പാദനക്ഷമത വളരെ കുറഞ്ഞതുമാണ്. ഇന്നത്തെ അവസ്ഥയിൽ ഭക്ഷ്യ ആവശ്യത്തിനുള്ള മുട്ട നമുക്ക് ഉല്പാദിപ്പിക്കുവാൻ പോലും കഴിയുന്നില്ല. വിപണി അടിസ്ഥാനത്തിൽ മുട്ട ഉല്പാദനം നമുക്ക് സ്വീകരിക്കാവുന്ന ഒരു പദ്ധതിയാണ്.

ഇന്ന് പഞ്ചായത്തിൽ 5000 മുതൽ 6000 വരെ കോഴികളാണ്ണ് കാണപ്പെടുന്നത്. മുട്ടയടുന്ന 3000 ത്തിൽ താഴെ പിടക്കോഴികളാണ് നമുക്കുള്ളത്. ഈ കോഴികൾ ആണ്ടുവട്ടം നല്കുന്ന മുട്ട എന്നത് പരമാവധി 36000 ത്തിൽ താഴെ മാത്രമാണ്. നമ്മുടെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ മുട്ടയുടെ എണ്ണം 1 മാസത്തെ ആവശ്യത്തിനു മാത്രമേ ഉപകരിക്കൂ. മേൽത്തരം കോഴികളുടെ പരിപാലനം നമുക്കുണ്ടാവണംആസ്ട്രോവൈറ്റ് എന്നറിയപ്പെടുന്ന ഇനമാണ് മുട്ട ഉല്പാദനരംഗത്ത് ഇന്ന് ഏറ്റവും പ്രശസ്തമായത്. ആണ്ടുവട്ടം 280 മുട്ടവരെ ഇടുന്ന ഈ കോഴികളെ വീട്ടുവളപ്പിലും നമുക്ക് വളർത്തുവാൻ കഴിയപം. ഈ ഇനം കോഴികളെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് അടുത്ത 9 -ാം പദ്ധതിക്കാലത്ത് 25000 എണ്ണങ്ങളെ എങ്കിലും പ്രചരിപ്പിക്കുവാൻ നമുക്ക് പദ്ധതി ഉണ്ടാകണം

കോഴിവളർത്തലിനായി സ്ത്രീകൾക്ക് പ്രത്യേക പരിശാലന പരിപാടി നടപ്പാക്കണം. തിരഞ്ഞെടുക്കപ്പെടുന്ന വനികൾക്ക് യൂണിവേഴ്സിറ്റി പോലുള്ള സ്ഥാപനങ്ങളിൽ ഈ ട്രയിനിംഗ് ലഭ്യമാക്കണം. ട്രയിനികളായി തിരഞ്ഞെടുക്കുന്നവർക്ക് സ്റ്റയിഫൻറ് പഞ്ചായത്ത് നല്കുവാൻ വേണ്ട നടപടികൾ ഈ പദ്ധതിയിൽ ഉണ്ടാകണം. കോഴിവളർത്തൽ ഒരു തൊഴിലായി വീകരിക്കുന്ന ആളുകൾക്ക് കോഴിപ്പുരകൾ നിർമ്മിക്കുവാൻ വായ്പകളും ആനുകൂല്യങ്ങളും ലഭ്യമാക്കണം. കോഴികുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി അവ പരിപാലകരുടെ കൈകളിൽ എത്തിക്കുവാൻ പഞ്ചായത്തുതലസംഘടനകളോ, സഹകരണ സ്ഥാപനങ്ങങ്ങളോ പഞ്ചായത്ത് ഇടപെട്ട് രൂപീകരിക്കുകയും അവരുടെ മേൽനോട്ടം പഞ്ചായത്ത് വഹിക്കുകയും ചെയ്യണം.


മൃഗസംരക്ഷണരംഗത്തും പക്ഷിസംരക്ഷണരംഗത്തും ഇന്ന് കർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് കാലിത്തീറ്റയുടെ വില വർദ്ധനവും പുല്ലിന്റെയും വൈക്കോലിന്റെയും ലഭ്യതക്കുറവുമാണ്. ഈ

രംഗം പരിഷ്ക്കരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ നിർണമ്മാണ യൂണിറ്റ് ഉണ്ടാകണം. ഈ യൂണിറ്റിന്റെ പ്രവർത്തനം സഹകരണാടിസ്ഥാനത്തിൽ ആയിരിക്കണം. തീറ്റപുല്ലിന്റെ പ്രചാരണ പ്രവർത്തനവും ഈ സംഘം വഴി നടക്കണം. കൃഷിബവന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും ഈ പദ്ധതിയിൽ ബന്ധപ്പെടുത്തണം. പഞ്ചായത്ത് തലത്തിൽ ഒരു മൃഗസംർണ കേന്ദ്രം ഉണ്ടാകണം. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന മൃഗാശുപത്രിയും സബ് സെന്ററും കീടീതെ കോലടി കേന്ദ്രമാക്കി മൃഗസംർണ വകുപ്പിന്റെ കീഴിൽ ഒരു സബ് സെന്റർ കൂടി നിർമ്മിക്കണം.

പാൽ സംഭരണത്തിനായി നെടിയശാലയിലും കുന്നത്തുപാറയിലും രണ്ടു പാൽ സംഭരണ യൂണിറ്റുകളും കൂടി ഉണ്ടാകണം മൃഗസംരക്ഷണ സെമിനാറുകളും പ്രദർശനങ്ങളും പഞ്ചായത്ത് ആഭിമുഖ്യത്തിൽ നടത്തണം. രോഗനിവാരണത്തിനായി പരിശോധനകളും കുത്തിവയ്പ്പുകളും മൃഗസംരക്ഷണ വകുപ്പിനെയും ഉൾപ്പെടുത്തി ഉറപ്പുവരുത്തണം. അർഹമായ കിടുംബങ്ങൾക്ക് വായ്പകളും ആനുകൂല്യങ്ങളും ഉറപ്പുവരുത്തണം. ഈ നടപടികൾ ചെയ്യുന്നയോടെ നമ്മുടെ മൃഗസംരക്ഷണരംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

മത്സ്യ ബന്ധനം

മത്സ്യ ബന്ധനത്തിൽ പൊതുവേ ഈ പഞ്ചായത്തിൽ നിലവിൽ സാദ്ധ്യത കുറവാണ്. വേനൽകാലമായാൽ വെള്ളക്ഷാമത്തെ നേരിടുന്ന പ്രദേശങ്ങളാണ് കൂടുതൽ മേഘലകളും എന്നുഴള്ളത് ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകമാണ്. ജലലഭ്യതയുള്ള 1,7,8 എന്നീ വാർഡുകളുടെ ഭാഗീകമായ പ്രദേശങ്ങളും എം.വി.ഐ.പി. കനാൽ കമ്മീഷൻ ചെയ്താൽ സമീപത്തുള്ള കുറെ പ്രദേശങ്ങളും മത്സ്യകൃഷിയ്ക്ക് ഉപയോഗമാക്കുവാൻ സാദ്ധ്യതയുണ്ട്.



ഉപസംഹാരം

1956ൽ പഞ്ചായത്ത് ഭരണസംവിധാനം നമ്മുടെ സംസ്ഥാനത്ത് രൂപം കൊണ്ടതു മുതൽമണക്കാട് പഞ്ചായത്ത് ഒരു സ്വയം ഭരണസ്ഥാപനമെന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു. സുദീർഘമായ ഒരു ചരിത്രം നമ്മുടെ പഞ്ചായത്ത് ഭരണസംവിധാനത്തിനുണ്ട് . പരിമിത മായ അവകാശാധികാരങ്ങളും നാമമാത്രമായ വിഭവങ്ങളും മാത്രം കൈമുതലുള്ള ''സ്വയം ഭരണ സ്ഥാപനങ്ങൾ'' എന്നു പേരുള്ള വെറും നോക്കു കുത്തികൾ മാത്രമായിരുന്നു പഞ്ചായത്തുകൾ. സമ്പത്തും അധികാരവും പ്രായേണ പരിമിതമായിരുന്ന പഞ്ചായത്ത് ഭരണ സംവിധാനങ്ങൾക്ക് ജനങൾങൾക്കു വേണ്ടി എന്തെങ്കിലും പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തു ന്നതിനൊ അവയ്ക്ക് പരിഹാരം കണ്ടെത്തുവാനൊ നമ്മുടെ പഞ്ചായത്ത് ഭരണസംവിധാനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. ഏതാനും ചില ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളോ, ചെറിയ പാലം ,കലുങ്ക് ഇവയുടെ പണികളോ മാത്രം ചെയ്ത് ഒതുങ്ങിക്കൂടുന്ന ഒരു ഭരണയന്ത്രം മാത്രമായിരുന്നു പഞ്ചായത്തുകൾ. സർക്കാരുകളുടെ ദയാദാക്ഷിണ്യത്താലോ ചില ഉദ്യോഗസ്ഥ പ്രമാണിമാരുടെ തരം തിരുവുള്ള സഹായത്താലോ ചില പഞ്ചായത്തുകളിൽ ഒരാശുപത്രിയോ കുറച്ചുശുദ്ധജല വിതരണ സംവിധാനങ്ങളോ അല്പം വൈദ്യുത വിതരണ പ്രവർത്തനങ്ങളോ ഉണ്ടായതായി കണ്ടെക്കാം. വികസന പരമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങളായിരുന്നില്ല അവയൊന്നും. വികസനം എന്ന പേരിൽ നടന്ന പ്രവർത്തനങ്ങൾളൊന്നും യഥാർത്ഥത്തിൽ വികസനങ്ങളായിരുന്നില്ല.

ഭക്ഷണം, പാർപ്പിടം, വസ്ത്രം, ചികിത്സാസൗകര്യം,വിദ്യാഭ്യാസം എന്നു തുടങ്ങി മനുഷ്യന്റെ പ്രാഥമിക ജീവിതാവശ്യങ്ങളുടെ രംഗത്തോ, കൃഷി, ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ വൃത്തി രംഗങ്ങളിലൊആസൂത്രിതമായ ഒരു പ്രവർത്തനം നമ്മുക്ക് സാധ്യമായില്ല. നമ്മുടെ വികസനത്തെ സംബന്ധിച്ച ആസൂത്രണം അനന്തപുരിയിലൊ, ഡൽഹിയിലൊ ഉള്ള എ.സി. മുറികൾക്കുള്ളിൽ വച്ചാണ് നടത്തപ്പെട്ടത്. നാടിനെ കാണുവാനൊ, നാട്ടുകാരെ അറിയുവാനൊ,നാടിന്റെ ഇല്ലവല്ലായ്മകൾ എന്തെന്നു മനസ്സിലാക്കു വാനോ ആ എ.സി. മുറികളിലെ ചുവരുകൾ ക്കുള്ളിലെ ലോകത്തിന് കഴിയുമായി രുന്നില്ല.

പരമ്പരാഗതമായി തുടർന്നു വന്ന നമ്മുടെ കേന്ദ്രീകൃത വികസന പ്രവർത്തന ശൈലിയിൽ നിന്നും ഒരു മാറ്റം ഉൾക്കൊള്ളുവാൻ പഞ്ചായത്തീരാജ് നിയമ നിർമ്മാണത്തിലൂടെ കൈവന്നിരിക്കുന്ന അ

ധികാരത്തെ ഈ പഞ്ചായത്തിലെ ജനങ്ങൾ സർവ്വാത്മന സ്വാഗതം ചെയ്യുന്നു. പഞ്ചായത്തീരാജ് നമ്മുടെ രാജ്യത്ത് ഭരണഘടനാപരമായ അവകാശമായി മാറിയ ഈ സന്ദർഭ ത്തിൽ ആ അവകാശത്തെ അ തിന്റെ അർത്ഥത്തിലും വ്യാപ്തിയിലും നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രാപ്തമാക്കുന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് ''ജനകീയ ആസൂത്രണ''മെന്ന ഇന്നത്തെ നമ്മുടെ കർമ്മമണ്ഡലം. ഗ്രാമ സ്വരാജിനുവേണ്ടി ഗ്രാമസഭകൾ ചേർന്നു നടത്തുന്ന ഈ ജനകീയാസൂത്രണം ഈ നാടിന്റെ മുഖഛായ മാറ്റുവാൻ ഇവിടുത്തെ ജനങ്ങളുടെ ജീവിതം പരമാവധി സംതൃപ്ത പൂർണ്ണമാകുവാൻ സഹായകമാകുമെന്നു നമ്മുക്ക് പ്രത്യാശിക്കാം ഗ്രാമജീവിതത്തി ന്റെ സമസ്ത മേഘലകളെയും കണ്ട റിഞ്ഞുകൊണ്ടുള്ള ഒരാസൂത്രണ പ്രവർത്ത നത്തിന് നാം തുടക്കം കുറിച്ചുകഴിഞ്ഞു. നമ്മുടെ ഗ്രാമസഭകൾ സജീവമായിത്തന്നെ നമ്മുടെ ജീവിതപ്രശ്നങ്ങൾ ചർച്ചചെയ്യു കയും, നമ്മുടെ ഭാവിപ്രവർത്തനങ്ങൾക്ക് രൂപകല്പനചെയ്യുകയും ചെയ്തുകഴി ഞ്ഞിരിക്കുന്നു. ഗ്രാമസഭാതീരുമാന ങ്ങളുടെയും പഞ്ചായത്തുതല ആസൂത്രണ വികസനമാർഗ്ഗരേഖയുടെയും ആവി ഷ്ക്കരണ ത്തോടെ ഈ വികസന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയാണ്.

മണക്കാട് ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ഈ പഞ്ചായത്തിലെ ജനങ്ങളുടെ മുഴുവൻ സഹകരണത്തോടെയും ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനകീയ പദ്ധതികളുടെ സംഗ്രഹത്തോടെയും ഇവിടെ അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. നമ്മുടെ വികസന സെമിനാറിൽ അവതരിപ്പിക്കുന്ന ഈ റിപ്പോർട്ട് ഈ പഞ്ചായത്തിന്റെ അടുത്ത അഞ്ചുവർഷത്തെ വികസന പ്രവർത്തന ങ്ങളുടെ അടിസ്ഥാനരേഖയായി മാറുമെന്ന് കരുതുന്നു. മണക്കാട് ഗ്രാമപഞ്ചായത്ത് രൂപം നൽകിയിരിക്കുന്ന ജനകീയപദ്ധതികൾക്ക് അംഗീകാരമുണ്ടാകണമെന്ന് പഞ്ചായത്ത് വാസികൾ ആഗ്രഹിക്കുന്നു. പഞ്ചായ ത്തീരാജ് നിയമനിർമ്മാണ ത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് ഇത്തരം ഒരു സന്ദർഭം ഒരുക്കിത്തന്ന കേന്ദ്രസംസ്ഥാനസർക്കാരു കളോടും ജനകീയ ആസൂത്രണ പ്രസ്ഥാനത്തി ന്റെ ശിൽപികളായി സംസ്ഥാന തലംതൊട്ട് പഞ്ചായത്ത്തലം വരെ സേവനം നൽകിയ മുഴുവൻ ആളുകളെയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കുന്നു.

(D.R.P. കൺവീനർ)
കെ.എം.ജോസ്.

ഒപ്പ്

എഡിറ്റോറിയൽ ബോർഡ്

പി.എസ്സ്. ജേക്കബ് - ചെയർമാൻ
കെ.എ. ജോസ് - ചീഫ് എഡിറ്റർ
റെജി ജേക്കബ്
പി.സി. ശശീന്ദ്രൻ
റ്റി.ആർ. സോമൻ
വി.ജി. സന്തോഷ് കുമാർ
പി. എസ്സ്. നവാസ്.

പഠന സംഘം, ഡാറ്റ കളക്ഷൻ എന്നിവയിൽ പങ്കെടുത്തവർ

പി.എസ്സ്. ജേക്കബ്
കെ.എ. ജോസ്.
റ്റി.ആർ. സോമൻ
പി.സി. ശശീന്ദ്രൻ
സുമതി ശ്രീധരൻ
മേരി മാത്യു
എസ്സ്. ശ്രീദേവി
എ.എൻ. മുകുന്ദദാസ്
ആനീസ് ജോർജ്ജ്
രവി പുതിയേടത്ത്
പി.പി. ഭാസ്കരൻ
റ്റി. എ. ജോസഫ്
ഗോപി കെ.കെ.
വി.എൻ. നാരായണൻ നായർ
പി.വി. കൃഷ്ണൻ കുട്ടി.
എ. വി. പൊന്നപ്പൻ
വി.ആർ. ജയൻ
ആർ. സുകുമാരൻ
ബി. ഷാജു.
ആർ.പി. ജോർജ്ജുകുട്ടി
ഷോബി സെബാസ്റ്റ്യൻ
റ്റി.എ. ജോൺ
മാത്യു. കെ.തോമസ്സ്
പി.ജെ. ജോൺ
എൻ.ജെ.ജോസ്.
പി.ഐ.വറുഗ്രീസ്സ്
കെ. കൃഷ്ണമൂർത്തി
റ്റി.കെ. സന്തോഷ്
രമേഷ് കുന്നുപുറത്ത്



പുലിക്കുന്ന്, സഞ്ചാരികൾക്ക് ഒരു പറുദീസ

ഒൻപതാം പദ്ധതി ജനകീയപദ്ധതി.